സംസ്കരിച്ചാൽ സ്ഫുടം വരും. പിന്നെ ചൊവ്വയുടെ മധ്യമത്തെ മൂന്നേടത്തുവെച്ച് നടുവിലേതിന്ന് മന്ദോച്ചം വാങ്ങി ഋണധനം നോക്കി മന്ദജ്യാവുകൊണ്ടതിനെ അർദ്ധിച്ച് എടുത്ത് വെച്ചിരിക്കുന്നതിൽ സംസ്കരിപ്പൂ. പിന്നെ അതുപോലെവെച്ച് ആദിത്യമധ്യമാകുന്ന ശീഘ്രോച്ചത്തെ വാങ്ങി ഋണധനം കർക്ക്യാദിമകരാദിയും അറിഞ്ഞു അതിന്ന് തക്കവണ്ണം കർക്ക്യാദിജ്യാവുതാൻ മകരാദിജ്യാവുതാൻ കൊണ്ടതിനെ അർദ്ധിച്ച് എടുത്തിരിക്കുന്നതിൽതന്നെ സംസ്കരിപ്പൂ. പിന്നെ അതിൽ മന്ദോച്ചം വാങ്ങി ഋണധനമറിഞ്ഞു മന്ദജ്യാവുകൊണ്ട് മുഴുവന്തന്നെ വലത്തുവെച്ചിരിക്കുന്നതിൽ സംസ്കരിപ്പൂ. പിന്നെ അതിനെ വേറെവെച്ച് ശീഘ്രോച്ചം വാങ്ങി ഋണധനം കർക്ക്യാദി മകരാദിയുമറിഞ്ഞു മുമ്പിലത്തെപ്പോലെ ശീഘ്രജ്യാവുകൊണ്ട് മുഴുവൻതന്നെ വലത്ത് മന്ദജ്യാവു സംസ്കരിച്ചിരിക്കുന്നതിൽ സംസ്കരിപ്പൂ. എന്നാൽ ചൊവ്വയുടെ സ്ഫുടം വരും. ഇങ്ങിനെ തന്നെ വ്യാഴത്തിന്റേയും ശനിയുടേയും സ്ഫുടം വരുത്തുവാൻ ക്രിയ എന്നറിക.

പിന്നെ ബുധസ്ഫുടക്രിയ: അവിടെ ആദിത്യമധ്യമം മധ്യമമാകുന്നത്. ബുധമധ്യമം ശീഘ്രോച്ചമാകുന്നത് എന്നറിക. പിന്നെ ആദിത്യന്റെ മധ്യമത്തെ മൂന്നേടത്തുവെച്ച് നടുവിലേതിന്ന് ശീഘ്രോച്ചം വാങ്ങി ശീഘ്രജ്യാവുകൊണ്ട് അതിനെ അർദ്ധിച്ച് എടുത്ത് വെച്ചിരിക്കുന്നതിൽ സംസ്കരിപ്പൂ. പിന്നെ അതിനെത്തന്നെ മന്ദോച്ചം വാങ്ങി മന്ദജ്യാവകൊണ്ട് വലത്ത് വെച്ചിരിക്കുന്നതിൽ മുഴുവൻ സംസ്കരിപ്പൂ. പിന്നെ അതിനെ വേറെ വെച്ച് ശീഘ്രോച്ചം വാങ്ങി ശീഘ്രജ്യാവുകൊണ്ട് മുഴുവൻ വലത്തേതിൽ മന്ദജ്യാവു സംസ്കരിച്ചിരിക്കുന്നതിൽ സംസ്കരിച്ചാൽ ബുധന്റെ സ്ഫുടം വരും. ശുക്രന്റെ സ്ഫുടം വരുത്തുവാൻ ഇങ്ങിനെ തന്നെ ക്രിയ. ജ്യാവു കൊള്ളുന്നേടത്ത് കേന്ദ്രം മൂന്നുരാശി ഏറുകിൽ കർക്ക്യാദി. ഒമ്പതു രാശിയിൽ ഏറുകിൽ മകരാദി എന്നറിഞ്ഞുകൊൾക.

രാഹുവിന് മധ്യമംതന്നെ സ്ഫുടമാകുന്നത്: രാഹുവിന്റെ സ്ഫുടത്തിൽ ആറു രാശി കൂടിയാൽ കേതുവിന്റെ സ്ഫുടം വരും. ഇങ്ങിനെ നവഗ്രഹങ്ങളെ ഗണിക്കും പ്രകാരം.

അനന്തരം ഗതിവരുത്തുവാൻ ചൊല്ലുന്നു. അവിടെ 'ധമ്മ' എന്ന ആദിത്യന്റെ ബുധന്റെ ശുക്രന്റെ ഈ മൂവരുടേയും മധ്യഗതിയാകുന്നതു. 'കളാർത്ഥി' എന്നു ചന്ദ്രന്റെ മധ്യഗതിസ്ഥാനം എന്ന്. തുംഗന്റെ മധ്യഗതി 'കുലം' എന്ന്. ചൊവ്വയുടെ മധ്യഗതി 'ചതുര' എന്ന്, ബുധന്റെ ശീഘ്രോച്ചഗതി 'ചെറളം' എന്ന്. 'മാൻ' എന്ന് വ്യാഴത്തിന്റെ മധ്യഗതി. 'രത്നം' എന്ന് ശനിയുടെ മധ്യഗതി.

'ഗാനം' എന്നു രാഹുവിന്റെ ഗതി. മന്ദജ്യാവിന്റെ അന്തരംകൊണ്ടു മദ്ധ്യഗതിയെ ഗുണിച്ചു ശരീരംകൊണ്ടു ഹരിച്ചു ഫലത്തെ മദ്ധ്യമഗതിയിൽ സംസ്കരിച്ചാൽ മന്ദഗതിവരും. കേന്ദ്രം മകരാദിയാകിൽ ഋണം. കർക്ക്യാദിയാകിൽ ധനം. പിന്നെ ശീഘ്രോച്ചഗതിയെ മന്ദഗതിവാങ്ങി ശീഘ്രജ്യാവന്തരംകൊണ്ടു ഗുണിച്ച് ശരീരംകൊണ്ടു ഹരിച്ചു ഫലത്തെ മന്ദഗതിയിൽ സംസ്കരിച്ചാൽ ഗതിവരും. അവിടെ മകരാദിയാകിലും പരാല്പരത്വമുണ്ടെങ്കിലും ധനം. കർക്ക്യാദിയാകിൽ ഋണം. പിന്നെ മന്ദഗതിയെക്കാൾ ഋണമായ ശീഘ്രഫലമേറുകിൽ ശീഘ്രഫലത്തിന്നു മന്ദഗതിയെ കളഞ്ഞാൽ വക്രഗതി മന്ദമെന്നറിക. ഗതിവരുത്തും പ്രകാരമിങ്ങിനെ.

അനന്തരം വിലിയാദിയായി ചന്ദ്രാദിത്യന്മാരെ എണ്ണുവാൻ ചൊല്ലുന്നു. അവിടെ മുമ്പിലത്തെപ്പോലെ വിലിയാദിയായി മദ്ധ്യമമുണ്ടാക്കി ദ്വിതീയഹാരകവും ധ്രുവവും ദേശാന്തരവുമുണ്ടാക്കി സംസ്കരിച്ചു വെച്ചേപ്പൂ. പിന്നെ അഹർമ്മാനം വരുത്തേണം. അതിന്നാദിത്യമദ്ധ്യമം വെച്ചു 'ദൃഷ്ടാസ്ത്രീ'കളഞ്ഞു ജനനാദിജ്യാവുകൊണ്ടു ദിക്കറിഞ്ഞു വെച്ചേപ്പൂ. പിന്നെ ജ്യാവിനെ വേറേവെച്ചു അറുപതിൽ കയററി ആദിത്യമദ്ധ്യമത്തിൽ സംസ്കരിച്ചു അയനചലനവും സംസ്കരിച്ചു അതിൽ നിന്നു ചരം കൊള്ളൂ. ചരത്തെ എല്ലാടവും ഇഷ്ടദേശപലഭം കൊണ്ടു ഗുണിച്ചു സ്വദേശപലഭം കൊണ്ടു ഹരിച്ചേക്കണം. പിന്നെ ദൃക്കാകിൽ പ്രാണകാലാന്തരം കൂടെ കൊള്ളൂ. പിന്നെ അവദിക്കോണാകിൽ തമ്മിൽ കൂട്ടു, രണ്ടാകിൽ അന്തരിപ്പൂ. എന്നാൽ അഹർമ്മാനപ്രാണങ്ങൾവരും. ഇങ്ങനെ താന്താന്റെ ഗുണകാരംകൊണ്ടു ഗുണിച്ചു ഹാരകംകൊണ്ടു ഹരിച്ചാൽ ഇലി വരും. ശിഷ്ടത്തെ അറുപതിൽ ഗുണിച്ച് ഹരിച്ചാൽ വിലിയും വരും. ഇതു ഇവിടെ അഹർമ്മാനമാകുന്നതു്. അതിനെ മദ്ധ്യമത്തിൽ സംസ്കരിപ്പൂ. താന്താന്റെ സ്ഫുടഗതികൊണ്ടു ഗുണിച്ചു അനന്തപുരം കൊണ്ടു ഹരിച്ചു സ്ഫുടത്തിൽ സംസ്കരിക്കിലുമാം. ഇങ്ങിനെ അഹർമ്മാനമുണ്ടാക്കും പ്രകാരം. പിന്നെ മദ്ധ്യമം വേറെവെച്ചു മന്ദോച്ചം വാങ്ങി ഋണധനമറിഞ്ഞു ഭുജയാക്കി തികഞ്ഞരാശിയും ശുഭാംഗാദി വാക്യവും മുമ്പിലത്തെപ്പോലെ വാങ്ങി എത്രജ്യാവു് എന്നറിഞ്ഞു കൊള്ളൂ. പിന്നെ ശിഷ്ടത്തെ ഇലിയാക്കി അതിൽനിന്നു 'ലവണം നിന്ദ്യം' എന്നുള്ള ജ്യാവ എത്രാമത്തേതു പോകുമെന്നറിഞ്ഞു അത്ര വിലികളഞ്ഞു് ശിഷ്ടത്തെ അർദ്ധിച്ചിറക്കി അതുകൊണ്ടു 'ദേഹാഹമാസാംബുരിപു': എന്നതിനെ ഹരിച്ചഫലം ഹാരമാകുന്നതു്. ചോട്ടുകൂടെ വരുത്തുകിൽ സൂക്ഷ്മമാകും എന്നതിനെ ഒരെടുത്തു വേറെ വെച്ചേപ്പൂ. പിന്നെ ജ്യാവ എത്രാമത്തേത് വേണ്ടുവതു എന്നു നിരൂപിച്ചു അറിഞ്ഞു അത്രാമത്തെ മഹാജ്യാവിനെ

വെച്ചു അറുപതിൽ ഗുണിച്ചു ഹാരകം കൊണ്ടു ഹരിച്ചു ഫലം ഇലി. ശിഷ്ടത്തെ അറുപതിൽ ഗുണിച്ചു ഹരിച്ചാൽ വിലി. ഇതിനെ കൊടിജ്യാവിൽ കളയേണം, ഭുജാജ്യാവ എത്രാമത്തേതു എന്നറിഞ്ഞു് അത്ര സംഖ്യ ഇരിപത്തുനാലിൽനിന്നു കളഞ്ഞശേഷം എത്ര എന്നറിഞ്ഞാൽ അത്രാമത്തെ ജ്യാവ കൊടിജ്യാവ എന്നറിക. അതിനെ വെച്ചു മുമ്പിൽ വെച്ചിരിക്കുന്ന ഫലത്തെ കളഞ്ഞു ഭദ്രമിട്ടു പന്ത്രണ്ടിൽ ഗുണിച്ചു മുമ്പിലത്തെ ഹാരകം കൊണ്ടുതന്നെ ഹരിച്ചു ഇലിയും വിലിയുമുണ്ടാക്കി മുമ്പിൽവെച്ച് ഭുജാജ്യാവിനെത്തന്നെ വെച്ചു അതിൽകൂട്ടി അതിനെ മൂന്നുകൊണ്ടു ഗുണിച്ചു നന്ദനെക്കൊണ്ടു ഹരിച്ചാൽ ഇലിവരും. അറുപതിൽ ഗുണിച്ചു ഹരിച്ചാൽ വിലിയും വരും. പിന്നെ ഇതിൽ ലവണനിന്ദ്യജ്യാവ എത്രാമത്തേതു പോകുമെന്നറിഞ്ഞാൽ അത്ര വിലിയും കൂട്ടിയാൽ ആദിത്യന്റെ ജ്യാവ വരും. ചന്ദ്രനാകിൽ ഏഴുകൊണ്ടു ഗുണിക്കേണ്ടുവതു് എന്നു ഭേദം. പിന്നെ ജ്യാവിനെ താന്താന്റെ മദ്ധ്യമത്തിൽ വിലിയാദിയായി സംസ്കരിച്ചാൽ വിലിയാദിയായി ആദിത്യന്റെ സ്ഫുടവും ചന്ദ്രസ്ഫുടവും വരും. പിന്നെ ശുഭാംഗാദി വാക്യത്തെ കളഞ്ഞു ജ്യാവാക്കിയാൽ അർദ്ധിക്കാതെ ഹാരകമുണ്ടാക്കി ഭുജാജ്യാവിനെ മുപ്പതുകൊണ്ടും കൊടിജ്യാവിനെ അറുപതുകൊണ്ടും ഗുണിച്ചിട്ടു് ജ്യാവ വരുത്തുകിലുമാം. ഹാരകത്തിന്റെ ചോടകൂടെ വരുത്തുകിൽ സൂക്ഷ്മമാകും. പിന്നെ ജ്യാവ കൊള്ളുമ്പോൾ ശുഭാംഗാദിവാക്യം കളഞ്ഞാൽ ശേഷം ഇല്ലാതെ വരികിൽ ജ്യാവിനെ വെച്ചു ഏഴുകൊണ്ടുതാൻ മൂന്നു കൊണ്ടുതാൻ ഗുണിച്ച് നന്ദനെക്കൊണ്ടു ഹരിച്ചു ചാവിച്ച് സംസ്കരിച്ചുകൊള്ളൂ, എന്നാൽ മതി. പിന്നെ ജ്യാവ ഒന്നും പോവാനില്ലാതെ വരുമ്പോൾ ശിഷ്ടത്തെ ജ്യാവാക്കി മൂന്നുകൊണ്ടുതാൻ ഏഴുകൊണ്ടുതാൻ ഗുണിച്ചു നന്ദനെക്കൊണ്ടുഹരിച്ചു ചാവിച്ചു സംസ്കരിച്ചുകൊള്ളൂ. പിന്നെ ചാതതസംശയമാകിൽ അസ്തമനത്തിന്നു ആദിത്യനേക്കൂടെ എണ്ണി പക്കം കണ്ടുകൊൾക. പിന്നെ അസ്തമനത്തിന്നു എണ്ണുമ്പോൾ അഹർമ്മാനമുണ്ടാക്കുന്നോടത്തു ചരത്തിന്റെ ഋണധനമറിഞ്ഞു കൊൾക. പ്രാണകാലാന്തരം എല്ലായ്പോഴും ഓജപദമാകിൽ ഋണം, യുഗ്മപദമാകിൽ ധനം എന്നറിക. ഇങ്ങിനെ ഗണിച്ചാൽ ഒരു വിലിക്ക് ഭേദം വരുമെന്നറിക. പിന്നെ ലോകാദി വാക്യം വെച്ചു ധ്രുവം കൂട്ടി ദേശാന്തര പ്രാണങ്ങളെ പത്തിൽ ഗുണിച്ചു ഗുർവ്വക്ഷരാദിയായി കളഞ്ഞു ശ്രേഷ്ഠാഹിരതാദികളെക്കൊണ്ടു അഹർമ്മാനപ്രാണങ്ങളെ ഉണ്ടാക്കി പത്തിൽ ഗുണിച്ചു ഗുർവ്വക്ഷരാദിയായി ഉദയത്തിങ്കലെ ഋണധനത്തിന്നു മറിച്ചു സംസ്കരിച്ചാൽ സംക്രാന്തികാലം സൂക്ഷ്മമായി വരും. അപരാ

ഹത്തിന്നു സംക്രാന്തി സംശയമാകിലും അധിമാസം സംശയമാകിലും ഇങ്ങിനെ സംക്രാന്തി അറിഞ്ഞു കൊള്ളേണം.

ഇനി ദിവാരാത്രികളെ അറിവാൻ:— ഇഷ്ടദിവസത്തെ ആദിത്യനിൽ അയനംകൂട്ടി ചരജ്യാവുകൊണ്ടു് മൂന്നിൽ ഹരിച്ച വിനാഴിക ഇതിൽ മുപ്പതുനാഴികയിൽ ഋണധനത്തിന്നുതക്കവണ്ണം സംസ്കരിച്ചാൽ രാത്രി പ്രമാണം വരും. ഋണധനമെന്നറിഞ്ഞു സംസ്കരിച്ചാൽ ദിനപ്രമാണം വരും. ദിനപ്രമാണമുണ്ടാക്കുവാൻ അസ്തമനത്തിന്നു് ആദിത്യനെ ഉണ്ടാക്കേണ്ടു എന്നറിക. പിന്നെ ദിനപ്രമാണത്തെ അഞ്ചെടുത്തിട്ടതു് പ്രാഹ്നാദികൾ ആകുന്നതു്. അവിടെ മദ്ധ്യാഹ്നാന്തം എത്ര എന്നറിഞ്ഞാൽ അതിനേക്കാൾ സംക്രാന്തികാലമേറുകിൽ അന്നു ചാത്തമൂട്ടേണ്ട എന്നറിക. പിന്നെ രാത്രിപ്രമാണത്തെ മൂന്നേടത്തിട്ടതിൽ മൂന്നാംകൂറു് അപരരാത്രമാകുന്നതു്. പിന്നെ ഇഷ്ടദിവസത്തെ ഉദയത്തിന്നു് ആദിത്യനെ ഉണ്ടാക്കി രാശികളഞ്ഞു ഉദയരാശിപ്രമാണംകൊണ്ടു് ഗുണിച്ചു എരട്ടിച്ചാൽ ഗുവ്വക്ഷരാദിയായി ഉദയാൽ പൂർവ്വം വരും. അതിനെ ഉദയരാശിപ്രമാണത്തിൽനിന്നു് വാങ്ങിയാൽ ഉദയാല്പരമുള്ള ഉദയരാശി പ്രമാണം വരും. അതിൽ ഇഷ്ടരാശ്യാന്തമുള്ള രാശിപ്രമാണത്തെ കൂട്ടി ഇഷ്ടരാശി തുടങ്ങുന്ന കാലം വരും. കഴിയുന്ന കാലവും വരുമെന്നതു് അറിഞ്ഞുകൊൾക. പിന്നെ അസ്തമനാദിത്യന്റെ രാശി കളഞ്ഞു പാട്ടരാശി പ്രമാണത്തിൽനിന്നു് വാങ്ങിയാൽ അസ്തമനാല്പരം വരും. ഇതുകൊണ്ടു് രാത്രിയിൽ രാശ്യാന്താദികളെ അറിഞ്ഞുകൊൾക. ഇഷ്ടരാശിയിൽ കഴിഞ്ഞ നാഴികയുംവെച്ചു് നാഴിക ഇറക്കി നാഗംകൊണ്ടു് ഗുണിച്ചു് ഇഷ്ടരാശിയിൽ പ്രമാണത്തെ നാഴിക ഇറക്കി അതുകൊണ്ടു് ഹരിച്ചഫലം തിയ്യതി. ശിഷ്ടത്തെ അറുപതിൽ ഗുണിച്ചു ഹരിച്ചാൽ ഇലി വരും. ഇതിൽ കഴിഞ്ഞ രാശിയോളം ഉള്ള രാശി കൂട്ടിയാൽ ലഗ്നം വരും. ഇങ്ങിനെ ഗുളികകൊണ്ടു് ഗുളികസ്ഫുടം വരുത്തിക്കൊൾക.

പിന്നെ ദൃക്കുകൊണ്ടു് നാളും പക്കവും കാണുന്നേടത്തു് പരഹിതത്തിന്റെ അഹർമ്മാനം സംസ്കരിച്ചാൽ പ്രഭാശതാദികൂടെ സംസ്കരിക്കേണം. ഇതിന്റെ പ്രകാരം പ്രഭാശതതമൊ പാരിൽ എന്ന മീനമാസം ഇരിപത്തൊന്നാം തിയ്യതി തുടങ്ങി ഓരോ അക്ഷരം പതിപ്പത്തു് ദിവസത്തിന്നു് ഋണം. പിന്നെ മിഥുനമാസം പത്താം തിയ്യതി കഴിഞ്ഞാൽ പത്തു് ദിവസത്തിന്നു ഇല്ല. പിന്നെ മിഥുനമാസം ഇരുപത്തൊന്നാം തിയ്യതി തുടങ്ങി ധനം എന്നറിക. പിന്നെ ഗ്രഹങ്ങളെ എണ്ണുന്നേടത്തു് ദ്വിതീയഹാരത്തിന്നും ധ്രുവത്തിന്നും മന്ദോച്ചത്തിന്നും

ഭേദമുണ്ടു്. പിന്നെ വ്യാഴത്തിന്നു് മന്ദജ്യാവിനെ എരട്ടിച്ചു് രണ്ടെടത്തു വെച്ചു് ഒന്നിനെ "നഭം"കൊണ്ടു് ഹരിച്ചു് മറ്റേതിൽ കൂട്ടിയാൽ ചൊവ്വയുടെ മന്ദജ്യാവ വരും. ചന്ദ്രാദിത്യന്മാരുടെ ജ്യാവ തമ്മിൽകൂട്ടി വേറെ വെച്ചു് നഭംകൊണ്ടു് ഹരിച്ച മറ്റേതിൽ കളഞ്ഞാൽ ശനിയുടെ മന്ദജ്യാവ വരും. മറ്റൊക്കെ ഇതുപോലെതന്നെ എന്നറിക.

ഇതി ക്രിയാക്രമെ ചതുർത്ഥഃ ഖണ്ഡഃ

പിന്നെ ഏതു മാസത്തിലെ വ്യതീപാതം അറിയവേണ്ടുവതു് എന്നാൽ ആ മാസം പതിനഞ്ചാം തിയ്യതിനാളത്തെ ആദിത്യസ്ഫുടമുണ്ടാക്കി അയനം രണ്ടുവട്ടം സംസ്കരിച്ചു് അതിനെ ആറു രാശിയിൽനിന്നും പന്ത്രണ്ടു രാശിയിൽനിന്നും കളഞ്ഞുകണ്ടാൽ വരുന്ന നാളുകളിൽ മിക്കതും വ്യതീപാതമാകുന്നു.

സൂര്യേന്ദുക്കൾക്കു് ഗോളം ഒന്നാകിൽ വൈധൃതമെന്നറിക. മേടം തുടങ്ങി ആറു രാശി ഉത്തരായനം. കർക്കിടകം തുടങ്ങി ആറു രാശി ദക്ഷിണായനം എന്നറിക. പിന്നെ ഊഹിച്ച നാളിന്റെ ഒടുക്കത്തേക്കു് ആദിത്യനേയും ചന്ദ്രനേയും രാഹുവിനേയുമുണ്ടാക്കി മൂന്നിലും അയനം സംസ്കരിച്ചു് വെച്ചേപ്പൂ. പിന്നെ രാഹുവിന്റെ ഋണധനമറിഞ്ഞു് അദ്ധിച്ചു് ഗാനാദിജ്യാവും സുതാദിജ്യാവും കൊള്ളു. അതിൽ ഗാനാദിയെ "കുംഭതോയ" എന്നതിൽനിന്നു് കളഞ്ഞാൽ ചന്ദ്രന്റെ പദമാപമം വരും. ഇതിനെ ഒരേടത്തു് വെച്ചേപ്പൂ. സുതാദി ഋണധനത്തിന്നു് തക്കവണ്ണം സംസ്കരിപ്പൂ. അപ്പോൾ പർവ്വതം ഒന്നാകിൽ അവിടെയല്ലാ ദോഷം. എന്നിട്ടു് ചന്ദ്രാദിത്യന്മാരെ നീക്കണം. അതിന്റെ പ്രകാരം മേലിൽ ചൊല്ലുന്നു. പിന്നെ രണ്ടാകിൽ ആദിത്യനെ വേറെ വെച്ചു് "യുദ്ധ"നാദിജ്യാവുകൊണ്ടു് ഒരേടത്തു് വെച്ചേപ്പൂ. പിന്നെ ഇന്ദ്രനെ വേറെ വെച്ചു് യുദ്ധനാദിജ്യാവുകൊണ്ടു് അതിനെ മുമ്പിൽ ഗനാദി കളഞ്ഞു് വെച്ചിരിക്കുന്നതുകൊണ്ടു് ഗുണിച്ചു് ദുഗ്ദ്ധാലയംകൊണ്ടു് ഹരിച്ചാൽ സൂക്ഷ്മമാകും. പിന്നെ ഈ ജ്യാക്കൾ തമ്മിൽ അന്തരിച്ചാൽ ആ അന്തരബിംബയോഗാർദ്ധത്തിൽ കയറുകിൽ ദോഷമുണ്ടു്. ബിംബയോഗാർദ്ധം മിക്കതും മുപ്പത്തിരണ്ടായിരിക്കും. എന്നിട്ടത്രേ മുപ്പത്തിരണ്ടിൽ കുറയുകിൽ രണ്ടു് നാൾക്കു് ദോഷമുണ്ടു്. ഏറുകിൽ അവിടെ അല്ല ദോഷമെന്നറിക. ദോഷം മുകളിലോ താഴത്തോ എന്നറിഞ്ഞു ചന്ദ്രാദിത്യന്മാരെ നീക്കി മുമ്പിലത്തെപ്പോലെ ക്രിയചെയ്ക. എന്നാൽ ഒരു നാളിന്റെ ഒടുക്കത്തേക്കു് പക്കമുണ്ടാകുമ്പോൾ ചോട്ടിലായിട്ടും അ

തിന്റെ ആദിക്കു് ഉണ്ടാകുമ്പോൾ മുകളിലായിട്ടും വന്നാൽ ആ നാളിൽ ദോഷമെന്നറിക. പിന്നെ ചോട്ടിലോ മുകളിലോ എന്നറിയുംപ്രകാരം. ജ്യാവ തമ്മിൽ അന്തരിക്കുമ്പോൾ ഓജപദജ്യാവ ശേഷിക്കുമ്പോൾ ദോഷം ചോട്ടിൽ ആകുന്നു. യുഗ്മപദം ശേഷിക്കിൽ മുകളിലാകുന്നു എന്നറിക. പിന്നെ പദം ഒന്നാകിൽ ആദിത്യപദത്തിന്റെ പൂൎവ്വാൎദ്ധത്തിലാണെങ്കിൽ ദോഷം. ചോട്ടിൽ ഉത്തരാൎദ്ധത്തിലാകിൽ മുകളിൽ എന്നറിക. പിന്നെ മുകളിൽ ദോഷമായി വരുമ്പോൾ ചന്ദ്രനിൽ നരലോകവും ആദിത്യനിൽ ഒരു തിൎയ്യതിയും കൂട്ടിക്കൊൾക. ഇങ്ങിനെ നീക്കം പ്രകാരം. ഇനി ദോഷമില്ലാതേയുള്ള പ്രകാരത്തെ ചൊല്ലുന്നു. അയനാന്തത്തിൽ നില്ക്കുന്നവരുടെ ജ്യാവ ചെറുതായിരിക്കയും ജ്യാവന്തരം മുപ്പത്തിരണ്ടിൽ ഏറിവരികയും ചെയ്യുമ്പോൾ ദോഷമില്ല. കുറകിൽ ഒരു നാൾക്കു് ദോഷമുണ്ടു്. ഇങ്ങിനെ ദോഷമറിയും പ്രകാരം. പിന്നെ മദ്ധ്യകാലവും സ്പൎശമോക്ഷങ്ങളും അറിഞ്ഞിട്ടു് ഉപകാരം കുറയും, എന്നിട്ടു് അതിന്റെ ക്രിയ ഇവിടെ പറയാഞ്ഞതു് എന്നറിയേണം. ഇനി എളുപ്പത്തിൽ ഒരു പ്രകാരം ചൊല്ലുന്നു. അതാതു് മാസത്തിൽ ഊഹിച്ച നാളുകളിൽ താൻ, ആ നാളുകളുടെ ഇരുപുറവുമുള്ള മുമ്മൂന്നു നാളുകളിൽ താൻ, മുഹൂൎത്തം വരുമ്പോൾ ദോഷമുണ്ടോ എന്നു് നോക്കേണം. അതിന്നു് മുഹൂൎത്തമുള്ള നാളിന്റെ ഒടുക്കത്തേക്കു് ആദിത്യനേയും ചന്ദ്രനേയും രാഹുവിനേയും ഉണ്ടാക്കി മൂന്നിന്നും അയനം സംസ്കരിച്ചു് രാഹുവിന്റെ ഋണധനമറിഞ്ഞു അൎദ്ധിച്ചു് മുമ്പിലത്തെപ്പോലെ ഗാനാദികളഞ്ഞു കുംഭതോയനിൽ സുതാദി സംസ്കരിച്ചു് ചന്ദ്രനേയും ഉണ്ടാക്കു. പിന്നെ പദം രണ്ടാകിൽ ഇരുവരുടേയും ജ്യാക്കളെ മുമ്പിൽ ചൊല്ലിയവണ്ണം ഉണ്ടാക്കി അന്തരിച്ചാൽ അന്തരം മുപ്പതിൽ കുറകിൽ ദോഷമുണ്ടു്. പിന്നെ മുപ്പതാകിലും മുപ്പത്തൊന്നാകിലും മുപ്പത്തിരണ്ടാകിലും മുപ്പത്തിമൂന്നാകിലും മുപ്പത്തിനാലാകിലും സമ്പൎക്കാൎദ്ധത്തെ ഉണ്ടാക്കിയാൽ അതിൽ കുറകിൽ ദോഷമുണ്ടു്. അതിൽ ഏറുകിൽ മുപ്പത്തിനാലിലേറുകിലും ഏറിയതു് യുഗ്മപദമാകിലും ദോഷമില്ല. ഓജപദമാകിൽ ചന്ദ്രനിൽ നരലോകവും ആദിത്യനിൽ ഒരു തിൎയ്യതിയും കളഞ്ഞു് ജ്യാവാന്തരം മുമ്പിലത്തെപ്പോലെ ഉണ്ടാക്കു. ഇവിടെ സമ്പൎക്കാൎദ്ധത്തിൽ താൻ മുപ്പത്തിനാലിൽ താൻ ഏറുകിൽ ഏറിയതു് ഓജപദമാകിൽ ദോഷമില്ല. ഏറിയതു് യുഗ്മപദമാകിലും സമ്പൎക്കാൎദ്ധത്തിൽ താൻ മുപ്പതിൽ താൻ കുറകിലും ദോഷമുണ്ടു്. ഇങ്ങിനെ പദം രണ്ടായാലത്തെ ക്രിയ. പിന്നെ ആദിത്യന്റെ ഗതിയെ "നവകം"കൊണ്ടും ചന്ദ്രന്റെ ഗതിയെ "നടം"കൊണ്ടും ഗുണിച്ചു് "കുമാരനെ"ക്കൊണ്ടു് ഹരിച്ചാൽ ഇലി. ശിഷ്ടത്തെക്കൊണ്ടു് വിലി

യും വരുത്തിയാൽ ബിംബങ്ങൾ വരും. അവ തമ്മിൽ കൂട്ടി അൎദ്ധിച്ചാൽ സമ്പൎക്കാൎദ്ധം വരും. ഇങ്ങിനെ സമ്പൎക്കാൎദ്ധം വരുത്തും പ്രകാരം. ഇങ്ങിനെ തന്നെ സൂൎയ്യഗ്രഹണത്തിങ്കലും ബിംബസമ്പൎക്കാൎദ്ധം വരുത്തേണ്ടതു്.

ഇനി പദമൊന്നാകുമ്പോൾ ഉള്ള ക്രിയ ചൊല്ലുന്നു. അവിടെ സുതാദിസംസ്കരിച്ചപ്പോൾ നരലോകവും ഒരു തിൎയ്യതിയും കളഞ്ഞാലും ഇരിവരുടേയും പദം മാറാതെ ഇരിക്കിൽ ദോഷമില്ല. പിന്നെ ഇരിവരുടേയും മാറുകിലും ഒരുത്തരുടെ മാറുകിലും ഭേദമുണ്ടു്. ഇരിവരുടേയും മാറുന്നേടത്തു അയനാന്തത്തിങ്കലും ഗോളാന്തത്തിങ്കലും ഭേദമുണ്ടു്. അയനാന്തത്തിങ്കൽ ഗാനാദി കളഞ്ഞിരിക്കുന്ന "കുംഭതോയ"ദൃഗ്ഝാലയത്തേക്കാൾ ഏറുമ്പോളും കുറയുമ്പോളും ഭേദമുണ്ടു്. അതിൽ ഏറുമ്പോൾ ആദിത്യൻ എത്ര ഇലി കളഞ്ഞാൽ അയനാന്തരത്തിങ്കൽ ആകും എന്നറിഞ്ഞു് അത്ര ഇലി കളഞ്ഞു വെച്ചേപ്പൂ. പിന്നെ എത്ര വിലി കളഞ്ഞതു് അത്ര നാഴികയുടെ ഇലി ചന്ദ്രനിൽ കളഞ്ഞു ജ്യാവുണ്ടാക്കി ദൃഗ്ഝാലയവുമായി അന്തരിച്ചാൽ ശിഷ്ടം മുപ്പത്തിനാലിലേറുകിൽ സമ്പൎക്കാൎദ്ധത്തിൽ ഏറുകിലും ദോഷമില്ല. മുപ്പതിൽ കുറകിലും മുപ്പത്തിനാലിലേറുകിലും സമ്പൎക്കാൎദ്ധം വരുത്തേണമെന്നില്ല. എന്നിട്ടത്രേ മുപ്പതിൽ കുറകിലും മുപ്പത്തിനാലിലേറുകിലും എന്നു വേറെ പറയുന്നതു. പിന്നെ "ഗാനാദി"കളഞ്ഞു കുംഭതോയ ദൃഗ്ഝാലയത്തെക്കാൾ കുറയുമ്പോൾ ചന്ദ്രനിൽ എത്ര നാഴികയുടെ ഇലി പോയാൽ അയനാന്തത്തിലാകുമെന്നറിഞ്ഞു അത്രകളഞ്ഞു അയനാന്തത്തിങ്കലാക്കി വെച്ചേപ്പൂ. പിന്നെ ആദിത്യനിൽ ഒരേ നാഴികക്കൊരേ ഇലി കണ്ടുകളഞ്ഞു ജ്യാവുണ്ടാക്കി ഗാനാദ്യൂനിതകുംഭതോയവുമായി അന്തരിച്ചാൽ അന്തരം മുപ്പത്തിനാലിൽ സമ്പൎക്കാൎദ്ധത്തിൽതാൻ ഏറുകിൽ ദോഷമില്ല. മുപ്പതിൽ താൻ സമ്പൎക്കാൎദ്ധത്തിൽ താൻ കുറകിൽ ദോഷമുണ്ടു്. പിന്നെ ഗാനാദികളഞ്ഞു കുംഭതോയവും ദൃഗ്ഝാലയവും സമമാകുമ്പോൾ അയനാന്തത്തോടു അടുത്തുനില്ക്കുന്നവരെ അയനാന്തത്തിങ്കലാക്കിവെച്ചു മറ്റേവരുടെ ജ്യാവുണ്ടാക്കി ദൃഗ്ഝാലയവുമായി അന്തരിച്ചു മുമ്പിലത്തേപ്പോലെ ദോഷമെന്നറിഞ്ഞു കൊൾക. ഇങ്ങിനെ ഇരിവരുടേയും പദം മാറുന്നേടത്തെ ക്രിയ. പിന്നെ ഒരുത്തരുടെ പദം മാറുന്നേടത്തു അന്ത്യക്രാന്തി ചെറിയവൎക്കു പദം മാറുന്നേടത്തു അവരെ പാദാന്തത്തിങ്കലാക്കി വെച്ചു് ഇരിവരുടേയും പദം മാറുന്നേടത്തെപ്പോലെ ക്രിയ ചെയ്തുകൊൾക. പിന്നെ മറ്റേവരുടെ പദം മാറുന്നൊടത്തു് നരലോകവും ഒരു തിൎയ്യതിയും കളഞ്ഞു ഇരിവൎക്കും ജ്യാവുണ്ടാക്കി അന്തരിച്ചാൽ അന്തരം മുപ്പതിൽതാൻ

സംപക്വാദ്ധത്തിൽ താൻ കുറകിലും യുഗ്മപദമേറുകിലും ദോഷമുണ്ടു്. ഓജപദം മുപ്പത്തുനാലിൽ താൻ സംപക്വാദ്ധത്തിൽ താൻ ഏറുകിൽ ദോഷമില്ല. ഇങ്ങിനെ ജ്യാവ വലിയവരുടെ പദം മാറുവോളത്തെ ക്രിയ. ഇതുപോലെതന്നെ ഗോളാന്തത്തിങ്കൽ ഒരുത്തരുടെ പദം മാറുവോളത്തെ ക്രിയ. ഇനി ഗോളാന്തത്തിങ്കൽ ഇരിവരുടേയും പദം മാറുന്നേടത്തു ക്രിയ ചൊല്ലുന്നു. ഇവിടെ ജ്യാവകൊള്ളേണ്ട. ഒരുത്തൎമ്മുമ്പിൽ ഗോളാന്തം വരികിൽ ദോഷമുണ്ടു്. ഇരിവൎക്കും സമം ഗോളാന്തം വരികിൽ ദോഷമില്ല. അയനാന്തം സമം വരികിലും ദോഷമില്ല എന്നറിയേണം.

ഇനി സ്വതാഢി സംസ്കരിച്ചിരിക്കുമ്പോൾ പദം രണ്ടായിരിക്കുമ്പോൾ നരലോകവും തിഗ്മതിയും കളഞ്ഞാൽ പദമൊന്നാകുന്നേടത്തു ക്രിയ ചൊല്ലുന്നു. അയനാന്തത്തിങ്കലാക്കി യുഗ്മപദത്തിൽ നിൽക്കുമ്പോൾ ചന്ദ്രനിൽ എത്ര നാഴിക കളഞ്ഞാൽ പദത്തിങ്കലാക്കും എന്നറിഞ്ഞു് അത്ര കളഞ്ഞ പദാന്തത്തിങ്കലാക്കി വെച്ചേപ്പൂ. പിന്നെ ആദിത്യനിൽ അത്ര ഇലികളഞ്ഞു് ജ്യാവുകൊണ്ടു് ഗാനാദികളഞ്ഞു് കുംഭതോയനുമായി അന്തരിച്ചാൽ അന്തരം മുപ്പതിൽതാൻ സംപക്വാദ്ധത്തിൽ താൻ ഏറുകിൽ ദോഷമില്ല. ആദിത്യൻ യുഗ്മപദത്തിലാകിൽ ആദിത്യനിൽ എത്ര ഇലി കളഞ്ഞാൽ പദാന്തത്തിങ്കലാകുമെന്നറിഞ്ഞു് പദാന്തത്തിങ്കലാക്കി വെച്ചേപ്പൂ. ചന്ദ്രനിൽ അത്ര നാഴിക കളഞ്ഞു ജ്യാവുണ്ടാക്കി ദഗ്ദ്ധാലയവുമായി അന്തരിച്ചു മുമ്പിൽ ചൊല്ലിയപോലെ ദോഷമുണ്ടോ ഇല്ലയോ എന്നറിഞ്ഞുകൊൾക. പിന്നെ ഗോളാന്തത്തിങ്കലാകിൽ ദോഷമുണ്ടായിട്ടേ വരൂ എന്നറിക. ഇങ്ങിനെ മുഹൂർത്തനാളിന്റെ ഒടുക്കത്തേക്കുവെച്ചു ദോഷമറിയും പ്രകാരം. ഇവിടെ മുഹൂർത്തനാളിന്റെ മുകളിൽ ദോഷം എന്നുവന്നാൽ ക്രിയ ചെയ്യേണ്ടാ എന്നും ചോട്ടിലേക്കു് നീക്കേണ്ടു എന്നും നീക്കിയാലും ചോട്ടിലാകിൽ ക്രിയ ചെയ്യേണ്ടാ എന്നും വരികകൊണ്ടു 'യുദ്ധേനാദി'ജ്യാവ രണ്ടു വട്ടത്തിൽ ഏററം കൊള്ളേണ്ടിവരികയില്ല എന്നത്രേ എളുപ്പമാകുന്നതു് എന്നറിഞ്ഞുകൊൾക. പിന്നെ ഒരു ജ്യാ ഏറുകയും മറേറതു കുറയുകയും ചെയ്യുമ്പോൾ ജ്യാവന്തരം സംപക്വാദ്ധത്തോളം ഉണ്ടാകുമ്പോൾ ദോഷത്തിന്റെ ആദ്യവസാനങ്ങൾ എന്നതു ഹേതുവാകുന്നതു്. ഇങ്ങിനെ എല്ലാം വരുവാൻ എന്നറിഞ്ഞു കൊള്ളേണം.

ഇതിക്രിയാക്രമെ പഞ്ചമ ഖണ്ഡഃ

അനന്തരം പാട അവിടെ ഊഹിപ്പാൻ ചൊല്ലുന്നു. അവിടെ ബുധന്റേയും വ്യാഴത്തിന്റേയും ശുക്രന്റേയും പാട അറിഞ്ഞിട്ട് മുഹൂർത്താ

ദികൾക്കു ഉപകാരമുള്ളു. എന്നിട്ടു് അവരുടെ പാടഗണിക്കുംപ്രകാരം ഇവിടെ പറയുന്നുള്ളൂ. എന്നിട്ടു് അവ ഊഹിക്കും പ്രകാരത്തെ ചൊല്ലുന്നു. കലിവെച്ചു അതിൽനിന്നു "ലോകെഗിരിശസാദ്ധ്യ" എന്ന കളഞ്ഞു ശിഷ്ടത്തെ സംക്രോധം കൊണ്ടു ഹരിച്ചു ശിഷ്ടത്തെ ചടകികൊണ്ടു ഹരിച്ചാൽ ശിഷ്ടമില്ലാതെ വരുന്ന ദിവസം ബുധന്റെ ക്രമത്തിലെ പാട കഴിയും. പിന്നെ ശിഷ്ടം മുപ്പത്തിനാലാകുമ്പോൾ വക്രത്തിൽ പാട തുടങ്ങും. ഹരിച്ച ശിഷ്ടം അമ്പതാകുമ്പോൾ വക്രത്തിൽ പാടകഴിയും. പിന്നെ ശിഷ്ടം എണ്ണത്തിനാലാകുമ്പോൾ പാട തുടങ്ങും. പിന്നെ വ്യാഴത്തിന്റെ പാട ഊഹിപ്പാൻ ചൊല്ലുന്നു. കലിവെച്ചു വലലശ്രുമസാദ്ധ്യഃ എന്നു കളഞ്ഞു ശിഷ്ടത്തെ നളമൃഗനെക്കൊണ്ടു ഹരിച്ചു ശിഷ്ടത്തെ ധൂളിഗനെക്കൊണ്ടു ഹരിച്ചാൽ ശിഷ്ടം ഇല്ലാതെ വരുമ്പോൾ പാട തുടങ്ങും.

പിന്നെ ശുക്രന്റെ പാട ഊഹിപ്പാൻ കലിവെച്ചു പ്രാതഃപശ്യാമി സൂര്യം എന്നു കളഞ്ഞു ശിഷ്ടത്തെ മാസപദത്തെക്കൊണ്ടു ഹരിച്ചു ശിഷ്ടത്തെ വാഗ്ജന്മം കൊണ്ടു ഹരിച്ചാൽ ശിഷ്ടമില്ലാതെ വരും— ദിവസം ശുക്രന്റെ ക്രമത്തിൽ പാട കഴിയും. പിന്നെ ഹരിച്ച ശിഷ്ടം യമുഖഃ എന്നാകുമ്പോൾ വക്രത്തിൽ പാട തുടങ്ങും. പ്രചുരമാകുമ്പോൾ വക്രത്തിൽ പാട കഴിയും. പിന്നെ ഹരിച്ച ശിഷ്ടം വൃകിണ എന്നാകുമ്പോൾ ക്രമത്തിൽ പാട തുടങ്ങും. ഇങ്ങിനെ ഊഹിക്കും പ്രകാരം.

പിന്നെ പാട ഗണിപ്പാൻ ബുധശുക്രന്മാരുടെ വക്രത്തിൽ പാട തുടങ്ങുന്നതും അറിവാൻ അസ്തമനത്തിന്നു ഗണിക്കേണം. ബുധശുക്രന്മാരുടെ വക്രത്തിൽ പാടകഴിയുന്നതും ക്രമത്തിൽ തുടങ്ങുന്നതും വ്യാഴം പാട കഴിയുന്നതും അറിവാൻ ഉദയത്തിന്നു് ഗണിക്കേണം. ഇനി പാട ഗണിപ്പാൻ ആദിത്യനേയും ഇഷ്ടഗ്രഹത്തേയും ഉദയത്തിന്നുതാൻ അസ്തമനത്തിന്നുതാൻ ദൃക്കുകൊണ്ടു് ഉണ്ടാക്കി ദൃഗയനം സംസ്കരിച്ചു വെച്ചേപ്പൂ. പിന്നെ താന്താന്റെ മദ്ധ്യമത്തെ വേറെവെച്ചു് താന്താന്റെ മന്ദോച്ചം വാങ്ങി ഋണധനമറിഞ്ഞു് താന്താന്റെ മന്ദജ്യാവുകൊണ്ടു് താന്താന്റെ മദ്ധ്യമത്തിൽ സംസ്കരിച്ചാൽ മന്ദസ്ഫുടംവരും. വ്യാഴത്തിന്നു് മൂന്നു വട്ടം സ്ഫുടിച്ചതുകൊണ്ടുതന്നെ മന്ദസ്ഫുടമെന്നാകിലുമാം. പിന്നെ അന്ത്യസ്ഫുടത്തിങ്കലെ ജ്യാഖണ്ഡം ശരീരത്തിൽ സംസ്കരിച്ചതു് ഋണകാരം. ഇതു് ഒരേടത്തു് വെച്ചേപ്പൂ. ഇവിടെ കർക്ക്യാദിധനം മകരാദി ഋണം എന്നറിക.

പിന്നെ നേത്രഃ നക്രൂരഃ ജ്ഞാനശ്രീഃ ഇവ ബുധൻ തുടങ്ങിയുള്ളവരുടെ പാതന്മാരു് ഈ തിഗ്മതി ആകുന്നതു് എന്നറിയേണം. പിന്നെ

മന്ദസ്ഫുടത്തിൽ നിന്നു് പാതനെ കളഞ്ഞു് ഊനധനമറിഞ്ഞു് നരോനപാദി ജ്യാവുകൊണ്ടു് അതിനെ നാലുകൊണ്ടു ഗുണിച്ചു് പത്തുകൊണ്ടു് ഹരിച്ചു്, വ്യാഴത്തിന്റെ ആകിൽ രണ്ടുകൊണ്ടു് ഗുണിക്കേണ്ടു എന്നു് ഭേദം. പിന്നെ അതിന്റെ മുമ്പിൽ ഉണ്ടാക്കി വെച്ചിരിക്കുന്ന ഗുണകാരം കൊണ്ടു് ഗുണിച്ചു് ശരീരംകൊണ്ടു് ഹരിച്ചാൽ വിക്ഷേപം വരും. അതിന്റെ ഊനധനമറിഞ്ഞു വെച്ചേപ്പൂ. പിന്നെ പലഭയെ വെച്ചു് വിക്ഷേപം കൊണ്ടു ഗുണിച്ചു് ചോടു കയററി അഝാധിക്യമുണ്ടെങ്കിൽ കൂട്ടി ചോട് എടുത്തു് പ്രിയം കൊണ്ടു ഹരിച്ചു ഫലത്തെ ഗ്രഹത്തിന്റെ ഇലിയിൽ വിക്ഷേപത്തിന്റെ ഊനധനം പോലെ സംസ്കരിപ്പൂ. അസ്തമനത്തിന്നാകിൽ മറിച്ചു സംസ്കരിക്കേണം, പിന്നെ ഗ്രഹത്തെ വേറെ വെച്ചു മൂന്നു രാശി കളഞ്ഞു് ഊനധനം നോക്കി ക്രാന്തി പാപം കൊണ്ടുരുപതിൽ കയററി വിക്ഷേപം കൊണ്ടു ഗുണിച്ചു് കയററി അഝാധികം കൂട്ടി ചോട എടുത്തു് പിന്നെ ഒരിയ്ക്കൽ കയററിയാൽ മുകളിലേതു് ഇലിയെന്നറിഞ്ഞു് അഝാധികം കൂട്ടി ചോടു് എടുത്തു് സ്വഫത്തിൽ സംസ്കരിപ്പൂ. ഇവിടെ വിക്ഷേപത്തിന്നും ക്രാന്തിചാപത്തിന്നും ദിക്കൊന്നാകിൽ ധനം. രണ്ടാകിൽ ഊനം എന്നറിക. പിന്നെ ഗ്രഹത്തേയുമാദിത്യനേയും വേറെ വെച്ചു ചരവും പ്രാണകാലാന്തരവുമുണ്ടാക്കി സംസ്കരിപ്പൂ. അവിടെ അസ്തമനത്തിന്നാകിൽ ചരത്തിന്റെ ഊനധനമറിഞ്ഞു കണ്ടുകൊൾക. പിന്നെ ഗ്രഹത്തെയുമാദിത്യനേയും തമ്മിൽ അന്തരിപ്പൂ. രാശി ഒന്നിൽ പതിനൊന്നും മറേറതിൻ ശൂന്യവും വരികിൽ ശൂന്യത്തിൽ പന്ത്രണ്ടിട്ടു് അന്തരിപ്പൂ. എന്നാൽ അന്തരം പതിനൊന്നിൽ ഏറുകിൽ ബുധനു പാട ഇല്ല. കുറകിൽ ഉണ്ടു്. വ്യാഴത്തിന്നു പതിനൊന്നിൽ ഏറുകിൽ പാട ഇല്ല. കുറകിൽ ഉണ്ടു്. ശുക്രനു ഒമ്പതിൽ ഏറുകിൽ പാട ഇല്ല. കുറകിൽ ഉണ്ടു് എന്നറിക. ഇങ്ങിനെ പാട ഗണിക്കേണ്ടും പ്രകാരം.

ഇതി ക്രിയാക്രമേ ഷഷ്ഠഃ ഖണ്ഡഃ

ഇനി സൂൎയ്യച്ഛായ ഗണിക്കും പ്രകാരം ചൊല്ലുന്നു. ഇഷ്ടകാലത്തിങ്കലേക്കു ദൃക്കുകൊണ്ടു് ആദിത്യനേയുണ്ടാക്കി ദൃഗയനം സംസ്കരിച്ചു ചരവും അപമബാണവുമുണ്ടാക്കി അപമബാണത്തെ ജലവേഗത്തിൽ നിന്നുകളഞ്ഞാൽ ദൃജ്യ വരും. അങ്ങിനെ ഒരെടത്തു വെച്ചേപ്പൂ. പിന്നെ ചരത്തെ ഊനമാകിൽ എടത്തെ വെച്ചുകൊള്ളൂ. പിന്നെ ഉച്ചക്കു മുമ്പേയാകിൽ കഴിഞ്ഞ നാഴികയും വിനാഴികയും വെച്ചു രണ്ടിനേയുമാറിൽ ഗുണിച്ചാൽ തിയ്യതിയും ഇലിയും വരും. അതിൽ ചരം സംസ്കരിച്ചു ഊനധനമറിഞ്ഞു ജ്യാവുകൊണ്ടു ചരത്തെ ദിക്കൊന്നാകിൽ കൂട്ടി, രണ്ടാകിൽ അന്തരിച്ചു, ദൃജ്യകൊണ്ടു ഗുണിച്ചു സ്വദേശഹാരകംകൊണ്ടു ഹരിച്ചാൽ ശങ്കു വരും. ഉച്ചതിരിഞ്ഞിട്ടാകിൽ അസ്തമിപ്പാനുള്ള നാഴികയും വിനാഴികയും വെച്ചിട്ടു ആറിൽ ഗുണിക്കേണമെന്നു ഭേദം. പിന്നെ ശങ്കുവിനെ വേറെ വെച്ചു വൎഗ്ഗിച്ചു അതിനെ ഗാനം കന്ദപ്പ്ദപ്പ്കൂൽ എന്നതിൽ നിന്നു കളഞ്ഞു മൂലിച്ചു അഝിച്ചു പതിമൂന്നുകൊണ്ടു് ഗുണിച്ചു ശങ്കുകൊണ്ടു ഹരിച്ചാൽ അടിവരും. ശിഷ്ടത്തെ എട്ടുകൊണ്ടു ഗുണിച്ചു ഹരിച്ചാൽ വിരലും വരും. ഇങ്ങിനെ സൂൎയ്യച്ഛായ ഗണിക്കും പ്രകാരം. പിന്നെ സ്വദേശഹാരത്തെ അതതു വൃദ്ധന്മാരോടു ചോദിച്ചറിഞ്ഞു കൊള്ളേണം. അതിന്നു സംഗതി വരാതെ പോകിൽ ഉണ്ടാക്കിക്കൊൾക. അതിന്റെ പ്രകാരം. പലഭയെ വെച്ചു ഇറക്കി വ്യംഗുലമാക്കി വൎഗ്ഗിച്ചു ജ്ഞാനവാൻ ഹി കൃഷ്ണഃ എന്നതിൽകൂട്ടി മൂലിച്ചതുകൊണ്ടു ദാസോയം മാംസഭരഃ എന്നതിനെ ഹരിച്ചാൽ ലംബനം വരും. പിന്നെ ലംബനം കൊണ്ടു ഗാനം കന്ദപ്പ്ദപ്പ്കൂൽ എന്നതിനെ ഹരിച്ചാൽ സ്വദേശഹാരകം വരും. ഇങ്ങിനെ വരുത്തിക്കൊൾക. ഇനി ചന്ദ്രച്ഛായ ഗണിക്കും പ്രകാരത്തെ ചൊല്ലുന്നു. ഇഷ്ടകാലത്തിങ്കലേക്കു ദൃക്കുകൊണ്ടു ആദിത്യനേയും, ചന്ദ്രനേയും, തുംഗനേയും, രാഹുവിനേയും ഉണ്ടാക്കി അവ നാലിലും ദൃഗയനം സംസ്കരിച്ചു ചന്ദ്രനെ വേറെവെച്ചു രാഹുവിനെ വാങ്ങി ഊനധനം നോക്കി നരോനപാദി ജ്യാവുകൊണ്ടു പത്തിൽ ഒന്നു കളഞ്ഞാൽ ശിഷ്ടം വിക്ഷേപം. ഇതു ഊനമാകിൽ ഇടത്തുഭാഗത്തു വെച്ചേപ്പൂ. ധനമാകിൽ വലത്തുഭാഗത്തു വെച്ചേപ്പൂ. പിന്നെ രാഹുവിനെ ഇടക്കാം. പിന്നെ തുംഗനിൽ മൂന്നു രാശിയും ആദിത്യനേയും കളഞ്ഞു ഊനധനമറിഞ്ഞു നരൊനപാദിജ്യാവുകൊണ്ടാൽ അതു ഗുണകരം. ഇതിനെ ദിക്കറിഞ്ഞു വെച്ചേപ്പൂ. പിന്നെ ചന്ദ്രനെ വേറെ വെച്ചു ആദിത്യനെ വാങ്ങി ഊനധനം നോക്കി നരൊനപാദിജ്യാവുകൊണ്ടു അതിനെ മുമ്പെ വെച്ചിരിക്കുന്ന ഗുണകാരം കൊണ്ടു ഗുണിച്ചു സൂരണംകൊണ്ടു ഹരിച്ചു ഫലത്തെ ചന്ദ്രന്റെ ഇലിയിൽ സംസ്കരിച്ചാൽ ദ്വിതീയേന്ദുവരും. നരനപാദികൾക്കു ദിക്കൊന്നാകിൽ ധനം. രണ്ടാകിൽ ഊനം എന്നറിക. പിന്നെ ദ്വിതീയേന്ദുവിനെ വേറെ വെച്ചു മൂന്നു രാശികളഞ്ഞു ഊനധനം നോക്കി നരനപാദിജ്യാവുകൊണ്ടു അതിനെ വിക്ഷേപംകൊണ്ടു ഗുണിച്ചു ഭ്രസേതുകൊണ്ടു ഹരിച്ചാൽ ദൃക്ഫലം വരും. ഇവിടേയും ദിക്കൊന്നാകിൽ ധനം. രണ്ടാകിൽ ഊനം എന്നറിക. പിന്നെ ദ്വിതീയേന്ദുവിനെ വേറെ വെച്ചു ദൃക്ഫലത്തേയുമഝിച്ചു ക്രാന്തിചാപം കൊണ്ടു ദിക്കി

ന്നു തക്കവണ്ണം വിക്ഷേപം സംസ്കരിപ്പൂ. അവിടെ ദിക്കു രണ്ടാകിൽ അന്തരിക്കുമ്പോൾ ശേഷിച്ചതിന്റെ ദിക്ക് ക്രാന്തിചാപത്തിന്റെ ദിക്കു് എന്നറിക. പിന്നെ ക്രാന്തിചാപത്തെ അറുപതിൽ കയററി വേറെ വെച്ചു ഭുജക്ക് ലംബനാദിജ്യാവുകൊണ്ടു അതിന്റെ വലമയാക്കിയതു കൊണ്ടു ഗുണിച്ചു ദിലീപനെക്കൊണ്ടു ഹരിച്ചാൽ ചരംവരും. ഇതു ക്രാന്തിചാപത്തിന്റെ ഋണധനം പോലെ എന്നറിക. പിന്നെ ഋണധനത്തിന്നു തക്കവണ്ണം ഒരിടത്തു വേറെ വെച്ചിരിപ്പൂ. പിന്നെ ക്രാന്തിചാപം കയററിവെച്ചിരിക്കുന്നതിന്റെ കൊടിക്കു മഹാജ്യാവുകൊണ്ടാൽ അതു ദ്യുജ്യ എന്നറിക. ഇതു ഒരെടത്തു വെച്ചേപ്പൂ. പിന്നെ ദൃക്ഫലമിരിക്കുന്നതു മുഴുവൻ ചന്ദ്രനിൽ ഋണധനത്തിന്നു തക്കവണ്ണം സംസ്കരിച്ചു വേറെ വെച്ചു ഋണധനം നോക്കി പ്രാണകാലാന്തരം കൊണ്ടു സംസ്കരിപ്പൂ. പിന്നെ ആദിത്യനിൽ ആറുരാശികൂട്ടി വേറെ വെച്ചു ഋണധനം നോക്കി ചരവും പ്രാണകലാന്തരവും വരുത്തി സംസ്കരിച്ചതിൽ ഇഷ്ടനാഴികയെ ആറുകൊണ്ടു ഗുണിച്ചു തിഥിയും നാഴിക ഉണ്ടെങ്കിൽ അതിനെ ആറിൽ ഗുണിച്ചു ഇലിയും സംസ്കരിച്ചാൽ കാലലഗ്നം വരും. പിന്നെ കാലലഗ്നത്തിൽ ചന്ദ്രനെവാങ്ങി ഋണധനം നോക്കി മഹാജ്യാവു കൊണ്ടു അതിൽ ദിക്കിന്നു തക്കവണ്ണം ചരം സംസ്കരിച്ചു ദ്യുജ്യകൊണ്ടു ഗുണിച്ചു സ്വദേശഹാരകംകൊണ്ടു ഹരിച്ചാൽ ശങ്കു വരും. അതിനെ വേറെവെച്ചു വർഗ്ഗിച്ചു അതിനെ ഗാനം കന്ദപ്പ്ദപ്പ്കൂൽ എന്നതിൽ നിന്നു കളഞ്ഞ് മൂലിച്ചു അർദ്ധിച്ചു പതിമൂന്നുകൊണ്ടു ഗുണിച്ചു അതിനെ വാക്യാന്തരത്തെ പതിനഞ്ചിൽ ഗുണിച്ചു ഫലത്തെ ശങ്കുവിൽനിന്നു കളഞ്ഞു അതുകൊണ്ടു ഹരിച്ചാൽ അടിവരും. ശിഷ്ടത്തെ എട്ടിൽ ഗുണിച്ചു ഹരിച്ചാൽ വിരലും വരും. ഇങ്ങിനെ ചന്ദ്രച്ഛായ ഗണിക്കും പ്രകാരം. പിന്നെ വിപരീതച്ഛായ, കോണച്ഛായ, അർക്കാഗ്രച്ഛായ, ഭുജച്ഛായ, കൊടി ദശപ്രശ്നം, പഞ്ചദശപ്രശ്നം എന്നിവ ഉപകാരം കുറയും. എന്നിട്ടത്രെ ഇവിടെ പറയാഞ്ഞതു് എന്നറിക.

ഇതിക്രിയാക്രമെ ഛായാഖണ്ഡസ്സമാപ്തഃ

അനന്തരം **ഗ്രഹണം**:—അവിടെ സോമഗ്രഹണം എണ്ണും പ്രകാരത്തെ ചൊല്ലുന്നു. പർവ്വാന്തത്തിങ്കലെ ആദിത്യനും രാഹുവും തമ്മിൽ അന്തരിച്ച് ഭുജയാക്കിയതു് ഗത്യന്തരത്തിൽ ഏറുകിൽ ഗ്രഹണമില്ല. കുറകിൽ ഉണ്ടോ എന്നു് നോക്കണം. അവിടേയും നാലു നാഴിക പകലെ തുടങ്ങി നാലു നാഴിക പുലരും മുമ്പെ ഇടയിൽ പർവ്വാന്തം വരികിലേ

നോക്കേണ്ടു. പിന്നെ വെളുത്തവാവു് കഴിയുന്ന ദിവസത്തെ അസ്തമനം ദൃക്കുകൊണ്ടു കണ്ടു് പക്കത്തെ ഭുജയാക്കി ഇലിയാക്കി അറുപതിൽ ഗുണിച്ചു് ഗത്യന്തരംകൊണ്ടു് ഹരിച്ചാൽ പർവ്വാന്തനാഴിക വരും. ശിഷ്ടത്തെ അറുപതിൽ ഗുണിച്ചു് ഹരിച്ചാൽ വിനാഴികയും വരും. ഇതു് പർവ്വാന്തമാകുന്നതു്. പിന്നെ പർവ്വാന്തത്തിങ്കലേക്കു് ദൃക്കുകൊണ്ടു് ആദിത്യനേയും ചന്ദ്രനേയും ഉണ്ടാക്കി പർവ്വാന്തത്തേയും ചന്ദ്രാദിത്യന്മാരേയും എഴുതിക്കൊള്ളൂ. പിന്നെ ചന്ദ്രാദിത്യന്മാരുടെ മദ്ധ്യമം വെച്ചു് മന്ദോച്ചം വാങ്ങി കൊടിക്കു് മഹാജ്യാവുകൊണ്ടു് ആദിത്യന്റേതിനെ നാമാത്മകംകൊണ്ടു് ഹരിച്ചു ഫലം ഇലി. ശിഷ്ടത്തെ അറുപതിൽ ഗുണിച്ചതു് പിലി. ഇതിനെ മാനധർമ്മ എന്നു് വിലിയാദിയായിവെച്ചു് അതിൽ സംസ്കരിച്ചാൽ സൂര്യഗതിവരും. കക്ക്യാദിധനം. മകരാദ്യൃണം. പിന്നെ ചന്ദ്രന്റെ കൊടിജ്യാവിനെ നാമംകൊണ്ടു് ഹരിച്ചു് ഇലിയും വിലിയുമുണ്ടാക്കി ശൂലിനാളാത്മി എന്നു് വിലിയാദിയായി വെച്ചു് അതിൽ മുമ്പിൽ ചൊല്ലിയവണ്ണം സംസ്കരിച്ചാൽ ചന്ദ്രഗതിവരും. പിന്നെ ചന്ദ്രഗതിയെ വേറെവെച്ചു് സൂര്യഗതികളഞ്ഞാൽ ഗത്യന്തരം വരും ഇവ മൂന്നും ഒരെടത്തു് വെച്ചേപ്പൂ. പിന്നെ ചന്ദ്രഗതിയെ പത്തിൽ ഗുണിച്ചു് കുമരനെക്കൊണ്ടു് ഹരിച്ചു ഫലം ഇലി. ശിഷ്ടംകൊണ്ടു വിലിയുമുണ്ടാക്കു. അതു് ചന്ദ്രബിംബമാകുന്നതു്. പിന്നെ സൂര്യഗതിയെ ദേവനെക്കൊണ്ടു ഗുണിച്ചു് അതിനെ ചന്ദ്രഗതിയെ ശുകംകൊണ്ടു ഗുണിച്ചതിൽനിന്നുകളഞ്ഞു് ശിഷ്ടത്തെ ലവീധ്യനെക്കൊണ്ടു് ഹരിച്ചു് ഇലിയും വിലിയും വരുത്തു. ആയതു് തമോബിംബമാകുന്നതു്. ഇതിനെ വേറെ വെച്ചു് ചന്ദ്രബിംബം കൂട്ടി അർദ്ധിച്ചാൽ സംപക്കാർദ്ധം വരും. ഇവ മൂന്നും ഒരെടത്തു വെച്ചേപ്പൂ. പിന്നെ സംപക്കാർദ്ധത്തെ വേറെ വെച്ചു് വർഗ്ഗിച്ചു് പിന്നെ ഗതികളും ഗത്യന്തരവും ബിംബസംപക്കാർദ്ധങ്ങളും സംപക്കാർദ്ധവർഗ്ഗവും എന്നിവ എഴും പേരിട്ടു് ക്രമത്താലെ എഴുതിക്കൊള്ളേണം. പിന്നെ ആദിത്യനെവെച്ചു് ആറുരാശി കൂട്ടിയാൽ ചന്ദ്രനെവെച്ചു് ആറുരാശി കൂട്ടിയിരിക്കുന്ന ആദിത്യനെ കളഞ്ഞു് ഋണധനം നോക്കി ഭുജയാക്കി ഇറക്കി ഇലിയാക്കി അറുപതിൽ ഗുണിച്ചു് ഗത്യന്തരം കൊണ്ടു ഹരിച്ചു് നാഴികയും വിനാഴികയും വരുത്തി ഒരെടത്തു വെച്ചേപ്പൂ. പിന്നെ അതിനെ വേറെവെച്ചു് നാഴിക ഇറക്കി സൂര്യഗതികൊണ്ടു് ഗുണിച്ചു് രണ്ടുവട്ടം കയററി സൂര്യനിൽ ഋണധനത്തിന്നു് തക്കവണ്ണം സംസ്കരിപ്പൂ. പിന്നെയുമതിനെത്തന്നെ വേറെവെച്ചു് നാഴികയെ ഇറക്കി ചന്ദ്രഗതികൊണ്ടു് ഗുണിച്ചു് രണ്ടുവട്ടം കയററി ചന്ദ്രനിൽ ഋണധനം പോലെ സംസ്കരിപ്പൂ. എന്നാൽ രണ്ടും സമമാകും. അതു് സമലിപ്തമാക

ന്നതു്. പിന്നെ മുമ്പിൽ വെച്ചിരിക്കുന്ന നാഴികയും വിനാഴികയും പൎവ്വാന്തത്തിങ്കൽ ഊനധനംപോലെ സംസ്കരിച്ചാൽ സ്ഫുടപൎവ്വാന്തം വരും. ഇതു് ഇവിടെ മദ്ധ്യമ കാലമാകുന്നതു്. പിന്നെ മദ്ധ്യമകാലത്തു് ദൃക്കുകൊണ്ടു് രാഹുവിനേയുമുണ്ടാക്കി സമലിപ്തയും മദ്ധ്യകാലവും രാഹുവിനേയും പേരിട്ടു് എഴുതിക്കൊള്ളു. പിന്നെ സമലിപ്തയെ വെച്ചു് രാഹുവിനെ വാങ്ങി ദിക്കറിഞ്ഞു് ഭുജയാക്കി മഹാജ്യാവുകൊണ്ടാൽ നാലിൽ ഗുണിച്ചു് കാമം കൊണ്ടുഹരിച്ചാൽ ഇലി വരും. പിന്നെ ശിഷ്ടംകൊണ്ടു് പിലിയുമുണ്ടാക്കിയാൽ അതു് വിക്ഷേപമാകുന്നതു്. ഇതു് സംപൎക്കാൎദ്ധത്തിൽ നിന്നുകളഞ്ഞാൽ പരമഗ്രാസം വരും. ഇവ രണ്ടും പേരിട്ടു് വിക്ഷേപത്തിന്റെ ദിക്കുമറിഞ്ഞു് എഴുതിക്കൊൾക. പിന്നെ പരമഗ്രാസം ചന്ദ്രബിംബത്തെ പതിനാറുകൊണ്ടു് ഹരിച്ചതിൽ ഏറുകിലേ വൎജ്ജിക്കേണ്ടു. കുറകിൽ ഗ്രഹണമില്ലെന്നറിയേണം. പിന്നെ വിക്ഷേപത്തെ ഏറക്കി വൎഗ്ഗിച്ചു് സംപൎക്കാൎദ്ധത്തിൽ നിന്നുകളഞ്ഞു് മൂലിച്ചു് ഗത്യന്തരം കൊണ്ടു് ഹരിച്ചാൽ നാഴിക. ശിഷ്ടത്തെക്കൊണ്ടു് വിനാഴികയുമുണ്ടാക്കിയാൽ സ്ഥിത്യൎദ്ധം. ഇതു് പേരിട്ടെഴുതേണം. പിന്നെ അതിനെ വെച്ചു് നാഴികയെ ഇറക്കി ചന്ദ്രഗതികൊണ്ടുഗുണിച്ചു് രണ്ടുവട്ടം കയററി സമലിപ്തയിൽനിന്നു് കളഞ്ഞു് മുമ്പിലത്തെപ്പോലെ വിക്ഷേപമുണ്ടാക്കി വൎഗ്ഗിച്ചു് സംപൎക്കാൎദ്ധഗതിയിൽ നിന്നു് കളഞ്ഞു് മൂലിച്ച ഗത്യന്തരം കൊണ്ടു ഹരിച്ചു് സ്ഥിത്യൎദ്ധമുണ്ടാക്കി അതിനെ ഇറക്കി ഗതികൊണ്ടു് ഗുണിക്കതുടങ്ങി സ്ഥിത്യൎദ്ധമുണ്ടാക്കി ഇങ്ങിനെ അവിശേഷം വരുവോളം ക്രിയ ചെയ്യുക. അവിശേഷം വന്ന സ്ഥിത്യൎദ്ധത്തെ മദ്ധ്യകാലത്തിൽനിന്നു് കളഞ്ഞാൽ സ്പൎശകാലം വരും. അതുരണ്ടും പേരിട്ടെഴുതിക്കൊൾക. പിന്നെ മദ്ധ്യകാലത്തിങ്കലെ സ്ഥിത്യൎദ്ധത്തെ ഇറക്കി ചന്ദ്രഗതികൊണ്ടു ഗുണിച്ചു് രണ്ടുവട്ടം കയററി സമലിപ്തയിൽ കൂട്ടി രാഹുവിനെ കളഞ്ഞു് വിക്ഷേപമുണ്ടാക്കി സ്ഥിത്യൎദ്ധമുണ്ടാക്ക. പിന്നെ അതിനെ ഇറക്കി ഗതികൊണ്ടു ഗുണിക്ക തുടങ്ങി സ്ഥിത്യൎദ്ധമുണ്ടാക്ക. ഇങ്ങനെ വിശേഷം വരുവോളം ക്രിയചെയ്ക. അവിശേഷം വന്ന സ്ഥിത്യൎദ്ധം മദ്ധ്യകാലത്തിൽ കൂട്ടിയാൽ മോക്ഷകാലം വരും. ഇവരണ്ടും പേരിട്ടെഴുതേണം. ഇങ്ങനെ സോമഗ്രഹണം ഗണിക്കും പ്രകാരം.

പിന്നെ പകൽ പൎവ്വാന്തം വരുമ്പോൾ രാവിലെയാകിൽ മോക്ഷം വരുത്തേണമെന്നില്ല. സായാഹ്നത്തിങ്കലാകിൽ സ്പൎശം വരുത്തേണമെന്നില്ല. അവിടെ ഉദയത്തിന്നുതാൻ അസ്തമനത്തിന്നുതാൻ ചന്ദ്രനേയും ആദിത്യനെ ചോടെ ഉണ്ടാക്കി രാഹുവിനേയുമുണ്ടാക്കി വിക്ഷേപമുണ്ടാക്കി ചന്ദ്രാദിത്യന്മാരെ അന്തരിച്ചതു് സ്ഫുടാന്തരം. അതിനെ വിലിയാക്കി

വൎഗ്ഗിച്ചു് വിക്ഷേപത്തെ പതിനാറിൽ ഹരിച്ച ഫലത്തേക്കാൾ ഏറുകിൽ ഗ്രഹണം സന്ധ്യക്കുതട്ടും. കുറകിൽ തട്ടുക ഇല്ല എന്നറിക. പിന്നെ സ്ഥിത്യൎദ്ധാദി വരുത്തിക്കൊൾക. അവിടെ സംപൎക്കാൎദ്ധവൎഗ്ഗത്തിൽ വിക്ഷേപവൎഗ്ഗത്തെ കളഞ്ഞു് മൂലിച്ചാൽ സ്ഫുടാന്തരത്തെ കളഞ്ഞിട്ടു് ഗത്യന്തരംകൊണ്ടു് ഹരിക്കേണം എന്നു ഭേദം.

ഇനി സൂൎയ്യഗ്രഹണം:— പൎവ്വാന്തത്തിങ്കലെ ആദിത്യനിൽ രാഹുവിനെ വാങ്ങി ഭുജയാക്കിയതിൽ മേഷാദിയാകിൽ ഊനം. തുലാദിയാകിൽ ധനം. പിന്നെ ഒരു നാഴിക പകലേ തുടങ്ങി ഒരു നാഴിക പുലരുന്നതിന്നു മുമ്പെ കറുത്ത വാവു കഴിക ആകുമ്പോളും ഗ്രഹണം ഗണിക്കേണ്ടു. ഇതിന്റെ മറിച്ചുവരുമ്പോൾ ഗണിച്ചു നോക്കേണം. അതിന്നുമുമ്പിൽ ചൊല്ലിയപോലെ ഉദയം കണ്ടു് പൎവ്വാന്തവും വാവന്തത്തിങ്കലേക്കു് സൂൎയ്യേന്ദുക്കളേയും ഗത്യന്തരങ്ങളേയും വ്യതീപാതത്തിങ്കൽ ചൊല്ലിയപോലെ സൂൎയ്യേന്ദുബിംബസംപൎക്കാൎദ്ധങ്ങളേയും സംപൎക്കാൎദ്ധവൎഗ്ഗങ്ങളേയും സമലിപ്തയേയും സ്ഫുടപൎവ്വാന്തത്തേയും രാഹുവിനേയും ഉണ്ടാക്കി സമലിപ്തയിലും രാഹുവിലും ദൃഗയനം സംസ്കരിച്ചു് ഇവ പതിമൂന്നും പേരിട്ടു് ഒരു ഓലയിൽ എഴുതിക്കൊള്ളു. ഇവിടെ ആറുരാശികൂട്ടേണ്ടു.
ഇനി ലംബനമുണ്ടാക്കുംപ്രകാരം:— സ്വദേശഹാരത്തെ നാലിൽ ഹരിച്ചതു ലംബനഹാരമാകുന്നതു. പിന്നെ സമലിപ്തയെ വെച്ചു് ഊനധനം നോക്കി ചരവും പ്രാണകലാന്തരവും കൊണ്ടു പരലിപ്തയിൽ സംസ്കരിച്ച സ്ഫുടപൎവ്വാന്തത്തെ ആറിൽ ഗുണിച്ച നാഴിക തീയ്യതിയായിട്ടും വിനാഴിക ഇലിയായിട്ടും കൂട്ടിയാൽ കാലലഗ്നം വരും. അതു ഒരെടത്തു വെച്ചേപ്പു. പിന്നെ സമലിപ്തവെച്ചു മൂന്നുരാശി കളഞ്ഞു ഊനധനം നോക്കി ഹാരജ്യാവിനേയും ചരത്തേയും പ്രാണകലാന്തരത്തേയും കൊള്ളു. അതിൽ ഹാരജ്യാവിനെ ഒരെടത്തു വെച്ചേപ്പു. ചരത്തെ ദിക്കറിഞ്ഞു വെച്ചേപ്പു. പ്രാണകലാന്തരത്തെ ഊനധനത്തിന്നു തക്കവണ്ണം സമലിപ്ത വെച്ചതിൽ സംസ്കരിച്ചു് മൂന്നുരാശി കൂട്ടി കാലലഗ്നത്തെ വാങ്ങി ഊനധനം നോക്കി മഹാജ്യാവുകൊണ്ടു് ചരത്തെ ദിക്കിന്നു തക്കവണ്ണം സംസ്കരിച്ചു് അതിനെ ലംബനഹാരത്തിൽ ഹാരജ്യാവു് കൂട്ടിയതുകൊണ്ടു് ഹരിച്ചാൽ നാഴിക വരും. ശിഷ്ടത്തെ അറുപതിൽ ഗുണിച്ചു ഹരിച്ചാൽ വിനാഴികയും വരും. ഇതു് ലംബനമാകുന്നതു്. ഇതിന്റെ ഊനധനം മഹാജ്യാവിന്റേതുപോലെ. മഹാജ്യാവിന്നും ചരത്തിന്നും ദിക്കു് രണ്ടായിവരുമ്പോൾ ചരത്തിൻ നിന്നു് മഹാജ്യാവിനെ കളഞ്ഞിട്ടല്ലോ ലംബനം വരുത്തുന്നു. അതുകൊണ്ടു് അങ്ങിനെ വരുന്നുമ്പോൾ ചരത്തിന്റെ ഊനധനംപോലെ ലംബനത്തിന്റെ ഊനധനമെന്നറിക. ഇങ്ങിനെ ലംബനം വരുത്തുംപ്രകാരം. ഇനി ലംബനത്തെ അവിശേഷിക്കേണം. അതിന്റെ പ്രകാര

ത്തെ ചൊല്ലുന്നു. ലംബനത്തെ വേറെവെച്ചു് നാഴിക ഇറക്കി സൂൎയ്യഗതി കൊണ്ടുഗുണിച്ചു് രണ്ടുവട്ടം കയററി സമലിപ്തയിൽ ഋണധനത്തിന്നു തക്കവണ്ണം സംസ്കരിച്ചാൽ ആദിത്യൻ വരും. അതു് ഒരെടത്തുവെച്ചേപ്പൂ. പിന്നെയും ലംബനത്തെ വേറെ വെച്ചു് നാഴികകളിറക്കി ചന്ദ്രഗതി കൊണ്ടുഗുണിച്ചു് രണ്ടുവട്ടം കയററി സമലിപ്തയിൽ ഋണധനത്തിന്നു തക്കവണ്ണം സംസ്കരിച്ചാൽ ചന്ദ്രൻ വരും. അതിനേയും ഒരിടത്തു വെച്ചേപ്പൂ. പിന്നെ സ്ഫുടപൎവ്വാന്തത്തെ വെച്ചു് അതിൽ ലംബനത്തെ ഋണധനത്തിന്നു തക്കവണ്ണം സംസ്കരിച്ചാൽ ഇഷ്ടകാലം വരും. ഇതിനേയുമൊരെടത്തു് വെച്ചേപ്പൂ. പിന്നെ ആദിത്യനെ വേറെ വെച്ചു് ഋണധനം നോക്കി ചരവും പ്രാണകലാന്തരവും കൊണ്ടു് ഋണധനത്തിന്നു തക്കവണ്ണം ആദിത്യനിൽ സംസ്കരിച്ചാൽ, ഇഷ്ടകാലത്തെ വെച്ചു് ആറിൽ ഗുണിച്ച നാഴികതിസ്രുതിയും വിനാഴികളിലിലിയുമായി കൂട്ടിയാൽ കാലലഗ്നം വരും. ഇതു് ഒരെടത്തു് വെച്ചേപ്പൂ. പിന്നെ ചന്ദ്രനെ വേറെ വെച്ചു് മൂന്നു രാശി കളഞ്ഞു് ഋണധനം നോക്കി ഹാരജ്യാവും ചരജ്യാവും പ്രാണകലാന്തരവും കൊള്ളൂ. അതിൽ ഹാരജ്യാവു് ഒരെടത്തു് വെച്ചേപ്പൂ. ചരം ഋണധനമറിഞ്ഞു വെച്ചേപ്പൂ. പ്രാണകലാന്തരം ഋണധനത്തിന്നു് തക്കവണ്ണം ചന്ദ്രനെ വേറെ വെച്ചു് മൂന്നുരാശി കൂട്ടി കാലലഗ്നത്തെ വാങ്ങി ഋണധനം നോക്കി മഹാജ്യാവുകൊണ്ടു് ചരംദിക്കിന്നു തക്കവണ്ണം സംസ്കരിച്ചു് ഹാരജ്യാവിനെ ലംബനഹാരത്തിൽ കൂട്ടി അതുകൊണ്ടു ഹരിച്ചാൽ നാഴിക വരും. ഇതു് ലംബനമാകുന്നതു്. ഇതിന്റെ ഋണധനം മുമ്പിൽ പറഞ്ഞതുപോലെതന്നെ എന്നറിക. പിന്നെ ഈ ലംബനംകൊണ്ടു് ലംബനത്തെ വേറെവെച്ചുയെന്നുതുടങ്ങി പറഞ്ഞപോലെ ലംബനം വരുത്തിക്കൊൾക. പിന്നെയുമിങ്ങനെതന്നെ അവിശേഷം വരുവോളം ക്രിയ ചെയ്തുകൊൾക. ഇങ്ങിനെ ലംബനം അവിശേഷിക്കും പ്രകാരം. പിന്നെ അവിശേഷം വന്നിരിക്കുന്ന ലംബനത്തെ സ്ഫുടപൎവ്വാന്തത്തിൽ സംസ്കരിച്ചു് സൂൎയ്യഗ്രഹണത്തിങ്കലെ മദ്ധ്യകാലമാകുന്നതു്. അതിനേയും അവിശേഷംവന്ന ലംബനത്തേയും പേരിട്ടു് ഒരോലയിൽ എഴുതിക്കൊള്ളേണം.

ഇനി നതി, വലഭവെച്ചു് സൂന്ദരകംകൊണ്ടു ഗുണിച്ചു് അൎദ്ധിച്ചതു് ആശമാകുന്നതു്. എല്ലാനാളും ധനമാകുന്നതു്. പിന്നെ സ്വദേശഹാരത്തെ നാമംകൊണ്ടു ഗുണിച്ചു് പാദംകൊണ്ടു് ഹരിച്ചതു് നതിഹാരം. ഇതിനെ അറുപതിൽ ഗുണിച്ചു് ഗത്യന്തരംകൊണ്ടു് ഹരിച്ചാൽ ഇലി വരും. ശിഷ്ടത്തെക്കൊണ്ടു് വിലിയും വരുത്തിയതു് ഭേദച്ഛിത്തമാകുന്നതു്. ഇതു് പേരിട്ടു് എഴുതിക്കൊൾക.

പിന്നെ കാലലഗ്നമിരിക്കുന്നതിൽ മൂന്നു രാശി കളഞ്ഞു് ഋണധനം നോക്കി മഹാജ്യാവുകൊണ്ടു് ദിക്കിന്നു തക്കവണ്ണം ആക്ഷം സംസ്കരിച്ചു്

ഭേദച്ഛിത്തുകൊണ്ടു് ഹരിച്ചാൽ ഇലി. ശിഷ്ടത്തെ അറുപതിൽ ഗുണിച്ചു് ഹരിച്ചാൽ വിലി. ഇതു് നതിയാകുന്നതു്. മഹാജ്യാവിൽനിന്നു് ആക്ഷം കളകയായി വരുമ്പോൾ ഋണം. അല്ലാത്തപ്പോൾ ധനം. എന്നു ഉണ്ടാക്കും പ്രകാരം. ഇതു് പേരിട്ടു് ഋണധനമറിഞ്ഞു് എഴുതിക്കൊൾക. ഇങ്ങിനെ നതിയുണ്ടാക്കും പ്രകാരം. പിന്നെ ചന്ദ്രനിരിക്കുന്നതിൽ രാഹുവിനെ വാങ്ങി ഋണധനം നോക്കി മഹാജ്യാവുകൊണ്ടു നാലിൽ ഗുണിച്ചു് കാമംകൊണ്ടു് ഹരിച്ചാൽ ഇലി. ശിഷ്ടംകൊണ്ടു വിലിയും വരുത്തു. അതു് വിക്ഷേപം. അതു് ദിക്കറിഞ്ഞുപേരിട്ടു് എഴുതിക്കൊള്ളൂ പിന്നെ ദിക്കിന്നു തക്കവണ്ണം നതി സംസ്കരിച്ചാൽ സൂൎയ്യഗ്രഹണത്തിങ്കലെ വിക്ഷേപം വരും. ഇതും ദിക്കറിഞ്ഞു് എഴുതിക്കൊള്ളേണം. പിന്നെ നതി സംസ്കരിച്ചിരിക്കുന്ന വിക്ഷേപത്തെ സമ്പക്കാൎദ്ധത്തിൽ നിന്നുവാങ്ങിയാൽ പരമഗ്രാസം വരും. ഈ പരമഗ്രാസം ആദിത്യബിംബത്തെ എട്ടിൽ ഹരിച്ച ഫലത്തേക്കാൾ കുറയുമെങ്കിൽ ആ ഗ്രഹണം എന്നു് വൎജ്ജിക്കേണ്ടു എന്നാൽ ഗ്രഹണമില്ല എന്നർത്ഥം വന്നു എന്നറിക. പിന്നെ പരമഗ്രാസത്തെ പേരിട്ടെഴുതേണം. പിന്നെ നതി സംസ്കരിച്ച വിക്ഷേപത്തെ ഇറക്കി വൎഗ്ഗിച്ചു് സമ്പക്കാൎദ്ധത്തിൽ കളഞ്ഞു് മൂലിച്ചു് ഗത്യന്തരം കൊണ്ടു് ഹരിച്ചാൽ നാഴികാദിയായി സ്ഥിത്യൎദ്ധം വരും. ഇതും പേരിട്ടെഴുതുക. ഇതിനെ മദ്ധ്യകാലത്തിങ്കൽ കളഞ്ഞാൽ സ്പൎശകാലം കൂട്ടിയാൽ മോക്ഷകാലം. ഇവ സ്ഥൂലങ്ങൾ എന്നറിക. സ്ഥിത്യൎദ്ധലംബനങ്ങളെ അവിശേഷിച്ചു് സംസ്കരിച്ചാൽ സൂക്ഷ്മമാകും. ഇങ്ങിനെ മദ്ധ്യകാല ക്രിയാ. ഇനി സ്ഥിത്യൎദ്ധലംബനങ്ങളെ അവിശെഷിക്കും പ്രകാരത്തെച്ചൊല്ലുന്നു. അവിടെ സ്പൎശത്തിങ്കൽ സ്ഥിത്യൎദ്ധം ഋണം, മോക്ഷത്തിങ്കൽ സ്ഥിത്യൎദ്ധം ധനം എന്നറിയേണം. പിന്നെ സ്ഥിത്യൎദ്ധം ഋണമെന്നു് കല്പിച്ചു് ദിക്കിന്നുതക്കവണ്ണം ലംബനം സംസ്കരിച്ചു് ഇറക്കി താന്താന്റെ ഗതികൊണ്ടു് ഗുണിച്ചു് രണ്ടുവട്ടം കയററി ഋണധനത്തിന്നു് തക്കവണ്ണം സമലിപ്തയിൽ സംസ്കരിച്ചാൽ ആദിത്യനും ചന്ദ്രനും വരും. മദ്ധ്യകാലത്തിൽ സ്ഥിത്യൎദ്ധം കളഞ്ഞതു് ഇഷ്ടകാലമാകുന്നതു്. പിന്നെ ഇഷ്ടകാലം വരും. ഇതിനേയും ഒരേടത്തു് വെച്ചേപ്പൂ എന്നു് മുമ്പിൽ പറഞ്ഞേടത്തിന്നു് തുടങ്ങി മുമ്പിൽ പറഞ്ഞതുപോലെതന്നെ എന്നു് അറിഞ്ഞു് എന്നിടത്തോളം ക്രിയ ചെയ്യുക.

പിന്നെ കാലലഗ്നത്തിൽ മൂന്നുരാശി കളക എന്നുപറഞ്ഞതു് തുടങ്ങി സ്ഥിത്യൎദ്ധം വരുവോളം ക്രിയ ചെയ്യുക. അവിടെ എഴുതുകയും പരമഗ്രാസം വരുത്തുകയും വേണ്ടാ. പിന്നെ ഈ സ്ഥിത്യൎദ്ധലംബനങ്ങ

ങ്ങളെ സ്ഫുടപർവ്വാന്തത്തിൽ സംസ്കരിച്ചതു് ഇഷ്ടകാലം. സ്ഥിത്യർദ്ധത്തിൽ ലംബനം സംസ്കരിച്ചതുകൊണ്ടു് മുമ്പിലത്തെപ്പോലെ ആദിത്യനേയും ചന്ദ്രനേയും ഉണ്ടാക്കി ലംബന സ്ഥിത്യർദ്ധങ്ങളെ ഉണ്ടാക്കി പിന്നെയും ഇങ്ങനെതന്നെ ലംബനസ്ഥിത്യർദ്ധങ്ങൾക്കു് അവിശേഷം വരുവോളം ക്രിയ ചെയ്തുകൊൾക. പിന്നെ അവിശേഷംവന്ന ലംബനത്തെ സ്ഫുടപർവ്വാന്തത്തിൽ ഋണധനത്തിന്നു് തക്കവണ്ണം സംസ്കരിച്ചു് അവിശേഷംവന്ന സ്ഥിത്യർദ്ധം കളഞ്ഞാൽ സ്പർശകാലം വരും. ഈ ലംബനം വിക്ഷേപങ്ങളേയും നതി സംസ്കരിച്ച വിക്ഷേപത്തേയും സ്ഥിത്യർദ്ധത്തേയും സ്പർശകാലത്തേയും ക്രമേണ എഴുതിക്കൊള്ളൂ. പിന്നെ മദ്ധ്യകാലസ്ഥിത്യർദ്ധം നമെന്നുകല്പിച്ചു് ലംബനം ദിക്കിന്നുതക്കവണ്ണം സംസ്കരിച്ചതു് ഇറക്കി താന്താന്റെ ഗതികൊണ്ടു് ഗുണിച്ച എന്നു് പറഞ്ഞതുതുടങ്ങി ലംബനസ്ഥിത്യർദ്ധങ്ങൾക്കു് അവിശേഷം വരുവോളം ക്രിയചെയ്യുക.

പിന്നെ ലംബനത്തെ സ്ഫുടപർവ്വാന്തത്തിൽ ഋണധനത്തിന്നു് തക്കവണ്ണം സംസ്കരിച്ചു് ഈ സ്ഥിത്യർദ്ധം കൂട്ടിയാൽ മോക്ഷകാലം വരും. പിന്നെ ഇവിടത്തെ ലംബനത്തേയും നതിയേയും വിക്ഷേപത്തേയും നതി സംസ്കരിച്ച വിക്ഷേപത്തേയും മോക്ഷകാലത്തേയും ഒരോലയിൽ എഴുതിക്കൊള്ളേണം. ഇങ്ങിനെ സൂര്യഗ്രഹണം ഗണിക്കും പ്രകാരം.

ഇനി സന്ധ്യക്കുതട്ടുന്നൊടത്തെ ക്രിയ ഉദയത്തിന്നുതാൻ അസ്തമനത്തിന്നുതാൻ ആദിത്യനേയും ചന്ദ്രനേയും പിലിയാദിയായി ഉണ്ടാക്കി വേറെ വെച്ച അന്തരിച്ച ഒരെടത്തു വെച്ചേപ്പൂ. പിന്നെ ചന്ദ്രനിൽ മൂന്നുരാശി കളഞ്ഞു ഹാരജ്യാവ ചരപ്രാണകലാന്തരങ്ങളെ ഉണ്ടാക്കി പ്രാണകലാന്തരം ചന്ദ്രനെ വേറെ വെച്ച സംസ്കരിച്ച മൂന്നു രാശികൂട്ടിയതിൽ നിന്നു കാലലഗ്നത്തെ വാങ്ങി മഹാജ്യാവുകൊണ്ടു ചരം സംസ്കരിച്ച ഹാരജ്യാവിനെക്കൂട്ടി ലംബനഹാരം കൊണ്ടു ഹരിച്ച നാഴികയും വിനാഴികയും ഉണ്ടാക്കി ഗത്യന്തരംകൊണ്ടു ഗുണിച്ച സ്ഫുടാന്തരവുമായി അന്തരിച്ച വെച്ചേപ്പൂ. പിന്നെ ആദിത്യനെ വേറെവെച്ചു് അസ്തമനമാകിൽ ആറുരാശികൂട്ടി വേറെ വെച്ചു് ചരവും പ്രാണകലാന്തരവും കൊണ്ടു് സംസ്കരിച്ചതു് ഇവിടെ കാലലഗ്നമാകുന്നതു്. അതിൽ മൂന്നുരാശി കളഞ്ഞു് നതിയുണ്ടാക്കി പിന്നെ ചന്ദ്രനെക്കൊണ്ടു് വിക്ഷേപമുണ്ടാക്കി നതി സംസ്കരിച്ചു് ഇറക്കി വർഗ്ഗിച്ചു് മുമ്പിൽ അന്തരിച്ചു് വെച്ചിരിക്കുന്നതിനെ ഇറക്കി വർഗ്ഗിച്ചു് കൂട്ടി മൂലിച്ചു് അറുപതിൽ കയററിയാൽ സംപക്ഷാർദ്ധത്തിൽനിന്നു് കളഞ്ഞാൽ ശിഷ്ടം. ആദിത്യബിംബത്തെ പന്ത്രണ്ടിൽ ഹരിച്ചതിൽ കുറകിൽ ഗ്രഹണം സന്ധ്യക്കു് തട്ടുകയില്ല എന്നറിക. പിന്നെ സ്ഫുടാന്തരം ലംബനാന്തരമെന്നു് കല്പിച്ചു് സ്ഥിത്യർദ്ധമുണ്ടാക്ക. പി-

ന്നെ സ്ഥിത്യർദ്ധത്തെ താന്താന്റെ ഗതികൊണ്ടു് ഗുണിച്ചു് രണ്ടുവട്ടം കയററി താന്താന്റെ സ്ഫുടത്തിൽ കൂട്ടി ലംബനവും നതിയും വിക്ഷേപമുണ്ടാക്കി മുമ്പിലത്തെപ്പോലെ സ്ഥിത്യർദ്ധം അവശേഷിപ്പൂ. ഇങ്ങനെ ക്രിയ ചെയ്തു് സംപക്ഷാർദ്ധത്തോടു് സമമാകുമ്പോൾ ഗ്രഹണം കഴിയും എന്നറിക. പിന്നെ മദ്ധ്യകാലം വരുന്നോടത്തു് സ്ഥിത്യർദ്ധത്തെ മദ്ധ്യകാലത്തിൽ കൂട്ടിയതിനോളം നാഴിക പുലരുമ്പോൾ ഗ്രഹണം കഴിയുമെന്നും ഊഹിച്ചുകൊൾക.

ഇങ്ങനെ ഉദയത്തിങ്കൽ അസ്തമനത്തിങ്കലാകിൽ സ്ഥിത്യർദ്ധം ഋണമായി കാണേണമെന്നും സ്ഥിത്യർദ്ധം കൂട്ടിയതിനോളം നാഴിക പകലെ ഗ്രഹണം തുടങ്ങുക എന്നും ഭേദം. ഇങ്ങിനെ സൂര്യഗ്രഹണത്തിങ്കലെ ക്രിയ പിന്നെ വലനം, സിതമാനം, പരക്കുംപ്രകാരം, ഇഷ്ടഗ്രാസം, വിമർദ്ദാർദ്ധം, നിമീലനം, ഉന്മീലനം, വലയഗ്രാസപ്രമാണം, വിപരീതഗ്രഹണക്രിയാസമാഗമം, ഗ്രഹയുദ്ധം, ഗ്രഹഗ്രഹണം എന്നിവ ഉപകാരം കുറകകൊണ്ടു് ഇവിടെ പറയാഞ്ഞതു്. ശൃംഗോന്നതിയും അങ്ങിനെതന്നെ. വിമർദ്ദാർദ്ധശ്ലോകത്തിൽ ഉണ്ടെങ്കിലും ഉപകാരംകുറകകൊണ്ടു് ഭാഷയിൽ പറഞ്ഞതു് എന്നറിക. ഇങ്ങിനെ സിദ്ധാന്തഗണിതത്തെ സംഗ്രഹിച്ചു് ചൊതായി എട്ടുഖണ്ഡംകൊണ്ടു് ഗണിതത്തിന്നു് വേദാധികാരിതന്നെ എന്നു് മുമ്പിൽ ചൊല്ലിയല്ലോ. മലയാളത്തിൽ ചണ്ഡാളന്മാർകൂടെ പഠിക്കുന്നു. അതു് എത്രയും കഷ്ടമാകുന്നതു് എന്നു് സജ്ജനങ്ങൾ പറഞ്ഞു കേട്ടിരിക്കുന്നു. അത്രയുമല്ല ശ്രുതിസ്മൃതികളിൽ വേദാധികാരിയത്രേ അധികാരിയായി കേൾക്കുന്നതു്. അതുകൊണ്ടു് ശ്രുതിസ്മൃതി സദാചാരവിരോധമത്രേ. വേദാധികാരിയല്ലാത്തവൻ വേദാംഗമായിരിക്കുന്ന ജ്യോതിശ്ശാസ്ത്രത്തെ അഭ്യസിക്കുന്നതു് എന്നറിഞ്ഞു് അവരെ പഠിപ്പിക്കയും അവരോടു് ശ്രാദ്ധാദികാലം ചോദിക്കയും ചെയ്യരുതെന്നു് വേദശാസ്ത്രങ്ങളിൽ വിശ്വാസമുള്ള സജ്ജനങ്ങൾ അറിയേണം. വേദാനധികാരിയായിരിക്കുന്നവൻ ജ്യോതിശ്ശാസ്ത്രം പഠിച്ചാലും പഠിപ്പിച്ചാലും പാപമുണ്ടു് എന്നറിഞ്ഞു് നിവൃത്തിച്ചുകൊള്ളേണം. ഇതി ക്രിയാക്രമോഷ്ടമഃ ഖണ്ഡഃ

ഇതി ശ്രീസിദ്ധാന്തഗണിതം സമാപ്തം.

ആദിത്യാദി നവഗ്രഹദേവതാഭ്യോ നമഃ

അനന്തരം ഒമ്പതാമത്തെ ഖണ്ഡത്തിൽ സാമാന്യഗണിതത്തെ ചുരുക്കിപ്പറഞ്ഞുകിടക്കുന്നതിന്നു് ഇച്ഛയുള്ളവൻ അധികാരിയെന്നേ

ഉള്ളു. പിന്നെ അതുകൊണ്ടു് ഉപകാരം കുറയുമെന്നിട്ടു അവിടെ ഭാഷ എഴുതുന്നില്ല.

ഇതി നവമഃ ഖണ്ഡഃ ഗണിതസംഗ്രഹക്രിയാക്രമഃ സമാപ്തഃ

അനന്തരം മദ്ധ്യഭാഗംകൊണ്ടു് സിദ്ധാന്തത്തെ കാട്ടുന്നു. അവിടെ ചന്ദ്രാദിത്യന്മാരുടെ സ്ഫുടഗതിയെ നടെ കാട്ടുന്നു. അവിടെ ഗ്രന്ഥമദ്ധ്യത്തിങ്കൽ മംഗലം വേണം. എന്നിട്ടു് ചന്ദ്രഗതി മുമ്പിൽ കാട്ടിയതു് എന്നറിയേണം. 'ഗീർന്നശ്രേയഃ' എന്നതുകൊണ്ടു് ഇഷ്ടദേവതാ നമസ്കാരം കൂടെ സിദ്ധിക്കും. എന്നിട്ടു്, അതു് എങ്ങിനെയെന്നു് ചൊല്ലുന്നു. 'ഗീഃ നഃ ശ്രേയഃ' കരോതു എന്നന്വയം. ഗീര് നമുക്കു് ശ്രേയസ്സിനെ ഉണ്ടാക്കേണം. ഗീര് സരസ്വതി. സരസ്വതിയോടു് ശ്രേയസ്സിനെ പ്രാർത്ഥിക്ക ഇതിന്നു് അർത്ഥമാകുന്നതു്. പ്രാർത്ഥനയാകുന്ന നമസ്കാരംതന്നെയാണല്ലോ. എന്നിട്ടു് ഇഷ്ടദേവതാനമസ്കാരം സിദ്ധിച്ചു എന്നറിക. ഗതി രണ്ടുപ്രകാരമാകുന്നു. മദ്ധ്യഗതിയും സ്ഫുടഗതിയും. മദ്ധ്യഗതിയെ 'ധമ്മഃ കളാർത്ഥി' എന്നതുകൊണ്ടു് കാട്ടി സ്ഫുടഗതിയെ ജ്യാക്കൾകൊണ്ടു് സൂചിപ്പിച്ചു എന്നറിക. മാസവാക്യം തുടങ്ങിയുള്ളവ കൊണ്ടു് ഗോളത്തേയും സൂചിപ്പിച്ചു. ഇങ്ങിനെ രണ്ടുഭാഗംകൊണ്ടു് സിദ്ധാന്തസ്കന്ധത്തെ സംഗ്രഹിച്ചുകാട്ടിയതു് എന്നറിക.

ഇതി ജ്യോതിശ്ശാസ്ത്രസംഗ്രഹഭാഷയാം സിദ്ധാന്തസ്കന്ധസ്സമാപ്തഃ.

അനന്തരം ഹോരസ്കന്ധം ഉത്തരഭാഗംകൊണ്ടു് ചൊല്ലുന്നു. അവിടെ മുഹൂർത്തത്തിന്നു് ശ്രൌതാദികർമ്മാംഗത്വമുണ്ടാകകൊണ്ടു് പ്രാധാന്യമുണ്ടു്. അതുകൊണ്ടു് മുഹൂർത്തത്തെ മുമ്പിൽ ചൊല്ലുന്നു. അവിടെ എല്ലാകർമ്മങ്ങളിലും വർജ്ജിക്കേണ്ടുവററെ മുമ്പിൽ ചൊല്ലുന്നു. അവിടെ ദോഷങ്ങൾ ഉപദേശിക്കുന്നു. 'ഉല്ക്കോവ്വീ' ചലനം എന്ന ശ്ലോകംകൊണ്ടു് 'ഉല്കാപാതെ' എന്നുതുടങ്ങിയുള്ള ശ്ലോകങ്ങളെക്കൊണ്ടും ദോഷലക്ഷണം തുടങ്ങിയുള്ളവ ചൊല്ലുന്നു. ഇവിടെ എളുപ്പത്തിൽ ആയിട്ടു് രണ്ടു ഖണ്ഡവുംകൂട്ടി ഭാഷ എഴുതുന്നു. ശ്ലോകത്തിലെ ക്രമത്തേയും മാറി പറയുന്നു. എന്നാൽ ചില എളുപ്പവും ഗ്രാഹ്യവും ഉണ്ടു്. എന്നിട്ടു് പിന്നെ ഒടുക്കത്തെ ഖണ്ഡം പ്രായശ്ചിത്തം. അതിനേയുമിവിടെ കൂട്ടിപ്പറയുന്നു. അപ്പോൾ മൂന്നുഖണ്ഡം മുഹൂർത്തഭാഗം. ആ മൂന്നുംകൂടി ഇവിടെ പറയുന്നു എന്നറിക. അവിടെ കൊള്ളിമീൻ വീഴുക, ഭൂകമ്പം, ഗ്രഹണം, ധൂമകേതു ഉദിക്ക, ഓരികരയുക, തുമ്മുക എന്നിവ ആറും ഉൽപാതങ്ങൾ. ഇവ അശുഭ സൂചകങ്ങൾ എന്നറിക. അതിൽ മുമ്പിൽചൊ

ല്ലീയവ നാലും ഉണ്ടായാൽ ഉണ്ടായ ദിവസം തുടങ്ങി മൂന്നു് സാവനദിവസം വർജ്ജിക്കേണം. സോമഗ്രഹണത്തുന്നാൾ ഗ്രഹണത്തിന്നു മുമ്പെ ആ ദിവസവും നാളും വർജ്ജിക്കേണ്ട എന്നു് ബൃഹസ്പതിയുടെ മതം. പിന്നൊത്തവ രണ്ടും മുഹൂർത്തം തുടങ്ങി പ്രധാനം കഴിയുന്നതിന്റെ മുമ്പെ കേൾക്കിൽ മുഹൂർത്തം വർജ്ജിക്ക. ഓരികരഞ്ഞ ദിവസം മുഴുവൻ വർജ്ജിക്കിൽ നല്ലു. ഇവ കർമ്മമദ്ധ്യങ്ങളിൽ അകപ്പെട്ടകിൽ ശക്തിക്കു തക്കവണ്ണം ദാനാദികൾ ചെയ്തുകൊൾക. എന്നാൽ ഒരു പശുദ്ദാനം ചെയ്ക. അറിയാത ചെയ്തുപോകിൽ പ്രായശ്ചിത്തം ചെയ്യേണം. പശുദ്ദാനം പ്രായശ്ചിത്തമാകുന്നതു് മുഹൂർത്തത്തിങ്കൽ. പിന്നെ ആറു്, എട്ടു്, പന്ത്രണ്ടിൽ ചന്ദ്രനും ആദിത്യൻ നില്ക്കുന്ന രാശിയും അതിന്റെ ഏഴാം രാശിയും ചൊവ്വാ, ശനി, രാഹു ഇവരു് മൂവരും നില്ക്കുന്ന രാശിയും അതിന്റെ ഏഴാം രാശിയും അവരു് പോയ രാശി ശുഭയോഗമുണ്ടാവോളവും ഇവ പതിനഞ്ചുരാശി മുഴുവൻ വർജ്ജിക്കേണം. പ്രായശ്ചിത്തം ചെയ്തുകൊള്ളുകയുമരുതു്. അറിയാതെ ചെയ്തുപോകിൽ അവരവർക്കു പറഞ്ഞ ദാനം പ്രായശ്ചിത്തം.

ദിനപ്രമാണം അഞ്ചെടത്തിട്ടതിൽ ഒടുക്കത്തെ കൂറു് സായാഹ്നമാകുന്നതു്. അർദ്ധാസ്തമനം തുടങ്ങി രണ്ടുനാഴികയും അർദ്ധോദയത്തിന്നും മുമ്പെ നാലുനാഴികയും ഉച്ചക്കും അർദ്ധരാത്രിക്കും പത്തുനാഴികയും സന്ധ്യക്കും അർദ്ധരാത്രിക്കും രണ്ടുനാഴിക സന്ധ്യ എന്നൊരുപക്ഷം. ചോറൂണു്, വേളി, വേളിശ്ലേഷം എന്നിവ മൂന്നും ഉദയത്തിന്റെ മുമ്പെ ആറുനാഴിക സന്ധ്യ എന്നു വിശേഷം. സായാഹ്നവും സന്ധ്യകളും വർജ്ജിക്കേണം. ഇവ കൊണ്ടുപോകിൽ ആവർത്തിക്കേണം. പശുദ്ദാനം ചെയ്താൽ മതി എന്നൊരുപക്ഷം. സന്ധ്യോപാസനകാലത്തിങ്കൽ ആയിപ്പോകിൽ ആവർത്തിക്ക. മററുള്ളപ്പോഴാകിൽ ശക്തിക്കു തക്കവണ്ണം പ്രായശ്ചിത്തം ചെയ്താലും മതിയാക്കാം. ഇവിടെ ആചാരവൃദ്ധന്മാരോടു് ചോദിച്ചു ഗ്രഹിച്ചുകൊള്ളേണം.

സാക്രാന്തിയുടെ ഇരുപുറവും പതിനാറു നാഴിക വർജ്ജിക്കേണം. പകൽ സംക്രാന്തിയാകിൽ പകലും രാത്രിയിലാകിൽ രാത്രിയുംകൂടി വർജ്ജിക്ക നന്നു്. ഇരുപുറവും ഏഴുനാഴിക വർജ്ജിക്ക എന്നൊരുപക്ഷം ഉണ്ടു്. അതു് അത്യാപത്തിലല്ലാതെ കൊള്ളരുതു് എന്നറിക. പതിനാറുനാഴിക വർജ്ജിക്ക ഇപ്പോളാചാരമാകുന്നതു്.

മഖം, ശാഖം, തിരുവാതിര, മൂലം, ചതയം, രോഹിണി, ഉത്രാടം ഇവ ഏഴും ഭരണി, ചിത്ര, ഉത്രാടം, അവിട്ടം, തൃക്കേട്ട, പൂരാടം, രേവതി ഇവ ഏഴും ക്രമേണ ഞായറാഴ്ച തുടങ്ങി കൂട്ടുകിൽ മൃത്യുയോഗം. പിന്നെ ദ്വാദശി, ഏകാദശി, പഞ്ചമി, ദ്വിതീയ, ഷഷ്ഠി, അഷ്ടമി, നവമി എന്നിവ ഏഴും ഞായറാഴ്ച തുടങ്ങി കൂട്ടുകിൽ ദഗ്ദ്ധയോഗം. മൃത്യുയോ

ഗവും ദഗ്ദ്ധയോഗവും മൂന്നേമുക്കാൽ നാഴിക പുലരുംമുമ്പെ ആകിലെ വർജ്ജിക്കേണ്ടു എന്നറിക. രണ്ടുനാഴിക മതി എന്നൊരുപക്ഷം.

പിന്നെ അശ്വതി, മകം, മൂലം ഇവ മൂന്നിന്റേയും മുതൽ കാലും ആയില്യം, കേട്ട, രേവതി ഇവ മൂന്നിന്റേയും നാലാം കാലും ഗണ്ഡാന്തമാകുന്നതു്. പിന്നെ പൂർവ്വപക്ഷത്തിൽ ചതുർത്ഥി ഏകാദശികളുടെ ഉത്തരാർദ്ധവും അഷ്ടമി വാവുകളുടെ പൂർവ്വാർദ്ധവും അപരപക്ഷത്തിൽ തൃതീയ ദശമികളുടെ ഉത്തരാർദ്ധവും സപ്തമി പതിനാലുകളുടെ പൂർവ്വാർദ്ധവും എന്നിവ എട്ടും വിഷ്ടിയാകുന്നതു. പിന്നെ ചന്ദ്രാർക്കയോഗം അനിഴത്തിന്റെ ഉത്തരാർദ്ധത്തിൽ നിൽക്കുമ്പോൾ അഹിശിരസ്സ് ആകുന്നു. ഗണ്ഡാന്തവും വിഷ്ടിയും അഹിശിരസ്സും തുടങ്ങീട്ടു് കഴിവോളം വർജ്ജിക്ക. അശ്വതി, തിരുവാതിര, ആയില്യം, മകം, അത്തം, ചോതി, അനിഴം, മൂലം, എരവതി, എന്നിവ ഒമ്പതു നാളുകളുടെ ഒടുക്കം യോഗം വരുമ്പോൾ ഏകാർഗ്ഗളമാകുന്നതു്. ഏകാർഗ്ഗളം തട്ടുന്ന നാളു് ഏകാർഗ്ഗളം കഴിവോളവും വർജ്ജിക്ക. ലാടവൈധൃതങ്ങൾ തട്ടുന്ന നാളു് മുഴുവൻ വർജ്ജിക്കേണം. ചന്ദ്രാർക്കയോഗത്തിൽ അയനം രണ്ടുവട്ടം കൂട്ടിയാൽ ആ രാശിതാൻ പന്ത്രണ്ടുരാശിതാൻ മിക്കതും തികയുമ്പോൾ ലാടവൈധൃതങ്ങളായിരിക്കും. ഇതിനെ ഗണിച്ചു സൂക്ഷ്മമറിഞ്ഞു കൊള്ളേണം.

പിന്നെ ചന്ദ്രഃ രുദ്രഃ ദയഃ വൈദ്യഃ നയഃ സ്കന്നഃ ഖനീ ഇവ ഞായറാഴ്ച തുടങ്ങി ഗുളികനാഴിക. രാത്രിയിലാകിൽ അഞ്ചാമാഴ്ചടെ വേണ്ടുവതു്. പിന്നെ ദിപ്രമാണംതാൻ രാത്രിപ്രമാണംതാൻ ഉണ്ടാക്കി ഗുളികനാഴികകൊണ്ടു ഗുണിച്ചു നാഗംകൊണ്ടു ഹരിച്ചാൽ ഗുളികനാഴിക വരും. ശിഷ്ടംകൊണ്ടു വിനാഴികയും വരുത്തിക്കൊൾക. എന്നാൽ സൂക്ഷ്മമാകും.

പിന്നെ അശ്വതിക്കു ഏഴരനാഴിക കഴിഞ്ഞാൽ ഏഴരനാഴിക ഉഷ്ണം. ഭരണിക്കു ഒടുക്കം അഞ്ചുനാഴിക. കാർത്തികക്കു് ഇരുപത്തൊന്നു കഴിഞ്ഞാൽ ഒമ്പതുനാഴിക. ഇങ്ങിനെതന്നെ രോഹിണി തുടങ്ങി ശാഖത്തോളം കണ്ടുകൊൾക. ശാഖത്തിന്നു ആദിക്കു് എട്ടുനാഴിക. അനിഴത്തിന്നു ഒടുക്കത്തെ എട്ടുനാഴിക. തൃക്കേട്ടക്കു് ഇരുപതുനാഴിക കഴിഞ്ഞാൽ പത്തുനാഴിക ഉഷ്ണം. മേല്പട്ടു കണ്ടുകൊൾക.

അംശേനൈവ വിയൽപയോനിലനഭോരോഗീനഗംനാഖുനാ
ദിവ്യം രാഷ്ട്രനരോഭയ ദചിടനടോപാദൈന്യന്നരോ വീരന്തൽ
നിഷ്ഠാനീത്യ നയോദകന്തുകവിരാൽ നിംബോനി ശാപക്രമാൽ.

ഇവ കാർത്തിക തുടങ്ങിയുള്ള വാക്യങ്ങൾ. ഇവ വാക്യങ്ങൾ കഴിഞ്ഞാൽ നാലുനാഴിക വിഷം. അത്തത്തിൽ ഇരുപത്തൊന്നു കഴി

ഞ്ഞാൽ അഞ്ചുനാഴിക വർജ്ജിക്ക നല്ലൂ. ഗുളികൻ ഉഷ്ണം വിഷമെന്നിവ മൂന്നും തട്ടുന്നരാശിയുടെ ആദിക്കു ദോഷമില്ല. എങ്കിലും വർജ്ജിക്കേണം. ദോഷം കഴിഞ്ഞാൽ ശിഷ്ടം കൊള്ളാന്താനും. പിന്നെ ശാഖം, തിരുവോണം, പൂരുരുട്ടാതി എന്നിവ മൂന്നിന്റേയും ഉഷ്ണം രാശിയുടെ ഒടുക്കം തട്ടുകിൽ ഒടുക്കത്തെ ദ്രേക്കാണം വർജ്ജിച്ചാൽ മതി. മദ്ധ്യദ്രേക്കാണമാകിൽ അവരണ്ടു ദ്രേക്കാണങ്ങൾ വർജ്ജിച്ചാൽ മതി എന്നൊരു പക്ഷമുണ്ടു്. മറെറല്ലാടവും ഒടുക്കം തട്ടുകിൽ രാശിമുഴുവൻ വർജ്ജിക്കേണം. സംക്രാന്തി, മൃത്യുയോഗം, ദഗ്ദ്ധയോഗം, ഗണ്ഡാന്തം, വിഷം, അഹിശിരസ്സ്, ഏകാർഗ്ഗളം, ലാടം, വൈധൃതം, ഗുളികം, ഉഷ്ണം, എന്നിവ പന്ത്രണ്ടും കൊണ്ടുപോകിൽ പശുദ്ദാനം പ്രായശ്ചിത്തം.

പിന്നെ ചതുർത്ഥിരണ്ടും നവമിരണ്ടും പതിന്നാലുരണ്ടും രിക്തകൾ ഇവ വർജ്ജിക്ക. അഷ്ടമിരണ്ടും വർജ്ജിക്കണം. കറുത്ത പതിന്നാലിന്റെ ഉത്തരാർദ്ധം തുടങ്ങി വെളുത്ത പ്രതിപദത്തിന്റെ പൂർവ്വാർദ്ധം കഴിവോളം സ്ഥിരകരണം. ഇവ ഒമ്പതര പക്കവും വർജ്ജിക്ക. ഇവ അറിയാതെ കൊണ്ടുപോയാൽ ആവർത്തിക്കേണം. അഷ്ടമത്തിലും നാലാമെടത്തും ഒമ്പതാമെടത്തും അഞ്ചാമെടത്തും രണ്ടാമെടത്തും പന്ത്രണ്ടാമെടത്തും പത്താമെടത്തും ഇവ ഏഴദിക്കിലും പാപികൾ നിന്നാലും അഷ്ടമത്തിലും പന്ത്രണ്ടാമടത്തും ആറാമടത്തും മൂന്നാമടത്തും ഇവ നാലു സ്ഥാനങ്ങളിൽ ശുഭന്മാർ നിന്നാലും അവക്കു വിധിച്ച പ്രായശ്ചിത്തം ചെയ്യേണം. ഇവ മുമ്പിൽ മുമ്പിൽ ചൊല്ലിയതിന്നു ദോഷമേറും. പിന്നെ പിന്നെ ചൊല്ലിയതിന്നു ദോഷം കുറയും എന്നറിക. പിന്നെ പ്രായശ്ചിത്തദ്രവ്യങ്ങളെ ചൊല്ലുന്നു. ആദിത്യനു ധേനു, ചന്ദ്രനു ശംഖു്, ചൊവ്വയ്ക്കു് ചുകന്ന കാള, ബുധനു സുവർണ്ണം, വ്യാഴത്തിന്നു പീതാംബരം, ശുക്രനു വെളുത്ത കുതിര, ശനിക്കു കറുത്തപശു, രാഹുവിനു കാരിരിമ്പും, കേതുവനു് ആട്ടു്, ഇങ്ങിനെ പ്രായശ്ചിത്തദ്രവ്യങ്ങൾ. പിന്നെ മേടക്കാലിന്റെ ഉത്തരാർദ്ധവും വൃശ്ചികക്കാലിന്റെ ഒടുക്കം അഞ്ചുനാഴികയും മകരക്കാലിന്റെ ഒടുക്കം ഒമ്പതുനാഴികയും അശ്വതി തുടങ്ങി ഉഷ്ണം. മേടക്കാലിന്റെ ശാഖം ആദിക്കു് എട്ടുനാഴികയും വൃശ്ചികക്കാലിന്റെ ഒടുക്കം പത്തുനാഴികയുംതുടങ്ങിഉഷ്ണം,ഇങ്ങിനെ അറിഞ്ഞുകൊള്ളുകിലുമാം. ആദിത്യനെ പന്ത്രണ്ടുരാശിയിൽനിന്നു് കളഞ്ഞുകണ്ട നാളുതുടങ്ങി യജ്ഞരത്താദി നാളുകളിൽ കണ്ട നാഴികയോളംതാൻ ആദിത്യന്റെ നാഴികയോളംതാൻ ഏകാർഗ്ഗളം. ഇങ്ങിനേയുമറിയാം. ഇനിയും പല പ്രകാരത്തിലും അറിയാമെന്നറിക.

ഉല്ക്കാ, കമ്പം, ഗ്രഹണം, കേതൂദയം, ഓരി, തുമ്മൽ, ആറ് എട്ട് പന്ത്രണ്ടിൽ ചന്ദ്രൻ, പാപദൃഷ്ടി, പാപൻനിന്നരാശി, പാപൻ പോയ രാശി, ശുക്രദൃഷ്ടി, സായാഹ്നം, സന്ധ്യ, സംക്രാന്തി, മൃത്യുയോഗം, ദഗ്ദ്ധയോഗം, ഗണ്ഡാന്തം, വിഷ്ടി, അഹിശിരസ്സ്, ഏകാർഗ്ഗളം, ലാടം, വൈധൃതം, ഗുളികൻ, ഉഷ്ണം, വിഷം, രിക്ത, അഷ്ടമി സ്ഥിരകരണം ഇവ ഇരുപത്തെട്ടുദോഷവും എല്ലാടവും വർജ്ജിക്ക. ഇങ്ങിനെ മലയാളത്തിങ്കൽ ആചാരമാകുന്നു. ഇവ അപവാദമുണ്ടെങ്കിലും കൊള്ളുമാറില്ല എന്ന് സജ്ജനങ്ങൾ പറഞ്ഞുകേട്ടിരിക്കുന്നു. ഇവററിൽ ഗണ്ഡാന്തം തുടങ്ങി ഒമ്പതിനെ നവദോഷമെന്നു ചൊല്ലും. ദോഷലക്ഷണം

ഇനി വിശേഷം. വേളി, പേരിടുക, പുറപ്പാട്, ചോറൂണ്, ചൌളം, വിദ്യാരംഭം, ഉപനയനം, വ്രതം, ഗോദാനം, ചൊമാത്തം, പ്രതിഷ്ഠാ, സംകോചം, കലശം, അഷ്ടബന്ധം, ഇവ പതിന്നാലിന്നും അഷ്ടമത്തിൽ ചൊവ്വ വർജ്ജിക്കേണം. മററുള്ളവററിന്ന് ആവശ്യത്തിങ്കൽ മദ്ധ്യമമായി കഴിച്ചുകൊള്ളുന്നു. അവിടെ പുംസവനം, സീമന്തം, ആഗ്രയണം ഇവ മൂന്നും പ്രായശ്ചിത്തം ചെയ്യാതെ കൊള്ളരുത്. പിന്നെ വേളി, പേരിടുക, പുറപ്പാട്, ചോറൂണ് ഇവ നാലിനും ആദിത്യോദയം കൊള്ളരുതു്. മററുള്ളെടത്തു പ്രായശ്ചിത്തം ചെയ്തുകൊള്ളുന്നു. പിന്നെ വേളി, പുറപ്പാട്, ചോറൂണ്, പുംസവനം ഇവ നാലിന്നും ചന്ദ്രോദയം കൊള്ളരുതു്. ചൌളത്തിന്നു ആപത്തിങ്കൽ പ്രായശ്ചിത്തം കൊള്ളുന്നു. മററുള്ളേടത്തും പ്രായശ്ചിത്തം ചെയ്കിൽ നന്ന്. പിന്നെ ഉഭയപാപിത്വമുണ്ടെങ്കിൽ എല്ലാടവും പ്രായശ്ചിത്തം ചെയ്കിൽ നന്ന്. ഉഭയപാപിത്വമില്ലാതെ ഇരിക്കുന്നതു നല്ല എന്നറിക. പിന്നെ ചൌളം, ഉപനയനം, വ്രതം, ഗോദാനം, ചൊമാത്തം, പ്രതിഷ്ഠ, സംകോചകലശം ഇവ എട്ടും ദക്ഷിണായനത്തിൽ അരുതു്. അന്നു ചെയ്തുപോകിൽ ആവർത്തിക്ക. മററൊക്കെ ദക്ഷിണായനത്തിലുമാം.

പിന്നെ ആഗ്രയണം, സീമന്തം, വിഷ്ണുബലി, ചൌളം, ഉപനയനം, വ്രതം, ഗോദാനം, പ്രതിഷ്ഠ ഇവ എട്ടും അപരപക്ഷത്തിൽ ചെയ്കിൽ ആവർത്തിക്ക. കൌഷീതകർക്കും സാമവേദികൾക്കും ചൊമാത്തവുമിങ്ങിനെ തന്നെ. കൌഷീതകന്ന് പുംസവനവുമിങ്ങിനെതന്നെ. പിന്നെ ആശ്വലായനന്റെയും യജുർവ്വേദികളുടേയും ചൊമാത്തവും സംകോചകലശവും കൃഷ്ണപഞ്ചമി കഴിവോളമാം. പിന്നെ പുംസവനം, സീമന്തം, വിഷ്ണുബലി, ആഗ്രയണം, ചൌളം, ഉപാകർമ്മം, വ്രതം, ഗോദാനം, ചൊമാത്തമിവ പത്തും പകലെ ആവു. രാത്രിയിലാകിൽ ആവർത്തിക്ക. പെര്, വിദ്യാരംഭം, പ്രതിഷ്ഠ, സംകോചം, കലശം അഷ്ടബന്ധം ഇവ

ആറും രാത്രി അപരരാത്രത്തിന്നു മുമ്പെ ആകിൽ ആവർത്തിക്ക. വേളി, പുറപ്പാട്, ചോറൂണ് ഇവ മൂന്നും രാവും പകലുമാം. ഇനി പകലത്തെ വിശേഷം വേളി, സീമന്തം, കർണ്ണവേധം ഇവമൂന്നും സായാഹ്നത്തോളം കൊള്ളാം. പുംസവനത്തിന്നും ആഗ്രയണത്തിന്നും പാട്ടുരാശി തുടങ്ങുവോളം കൊള്ളുന്നു. പേരിന്ന് അപരാഹ്നം തുടങ്ങിയാൽ കൊള്ളരുതു്. പുറപ്പാട്, ചോറൂണ്, വിദ്യാരംഭം, ചൊമാത്തം, പ്രതിഷ്ഠാദി നാലു് ഇവ എട്ടും അഞ്ചാം രാശി കഴിവോളമേ ചെയ്യാവൂ. ചൌളം, ഉപനയനം വ്രതം, ഗോദാനം ഇവ നാലും അഞ്ചാംരാശി തുടങ്ങിയാൽ വർജ്ജിക്ക. പകൽ വിധിച്ചവ ഉച്ചക്കുമുമ്പെ ചെയ്ക നല്ല. അപരാഹ്നത്തിന്നുമുമ്പെ ചെയ്കിൽ ആവർത്തിക്കുമാറില്ലതാനും. പിതൃകർമ്മം പതിന്നാലുനാഴിക പുലരും മുമ്പെ ചെയ്ക മദ്ധ്യമം. പൂർവ്വാഹ്നത്തിലാകിലധമം. പരാഹ്നത്തിൽ ചെയ്താൽ നിഷ്ഫലം.

ഇനി ഷൾദോഷം. ഒരു സംക്രാന്തികഴിഞ്ഞിട്ട് പിന്നത്തെ സംക്രാന്തി കഴിയുംമുമ്പെ രണ്ടു് കറുത്തവാവിന്റെ അന്ത്യം വരികിൽ സംസർപ്പം. ഒന്നും വരാതെപോകിൽ അംഹസ്പതി. മദ്ധ്യമ സംക്രാന്തികളുടെ മദ്ധ്യമത്തിങ്കൽ മദ്ധ്യമങ്ങളെക്കൊണ്ടു് പക്കം കണ്ടാൽ രണ്ടു് കറുത്തവാവുകഴികിൽ ആ മാസത്തിൽ ചാന്ദ്രം മാസമധിമാസം. പിന്നെ ശുക്രന്റേയും വ്യാഴത്തിന്റേയും പാട്ടും അന്യോന്യം ദൃഷ്ടിയും ഇവരെ പകൽ കാണുന്ന കാലവും എന്നിവ ആറു ദോഷമാകുന്നതു്. ഇവ ദിനമാസകാര്യങ്ങളല്ലാത്തവയ്ക്കു് കൊള്ളരുതു്. ഷൾദോഷംകൊണ്ടു് പോകിൽ ആവർത്തിക്കേണം എന്ന് കണ്ടിരിക്കുന്നു.

സംക്രാന്തി കഴിഞ്ഞാൽ വാവു കഴിവോളമധിമാസമല്ല. പിന്നെ വാവു കഴിഞ്ഞാൽ സംക്രാന്തി കഴിവോളവും അധിമാസമല്ല. വെളുത്ത പ്രതിപദം എപ്പോൾ തുടങ്ങുന്നു അപ്പോൾ അധിമാസം തുടങ്ങുന്നു. പിന്നെ കറുത്തവാവു കഴിയുമ്പോൾ കഴിയുകയും ചെയ്യും. മദ്ധ്യാധിമാസത്തിന്നുമിങ്ങിനെതന്നെ. പിന്നെ പാടിനു തൽക്കാലിക്കുമാറില്ലെന്ന് കേട്ടിരിക്കുന്നു. പിന്നെ പകൽ കാണുന്നകാലം ഇപ്പോൾ വർജ്ജിക്കുമാറാചാരം എന്ന് കേട്ടിരിപ്പൂ. എന്നാൽ യഥാവിലെ കഴിഞ്ഞുപോകിൽ വർജ്ജിക്കേണമെന്നും വരും. സേകം, പേരു് ഇവ ദിന കാര്യങ്ങൾ. പുംസവനം, സീമന്തം, ഗർഭരക്ഷ, വിഷ്ണുബലി, പുറപ്പാട്, ചോറൂണ് ഇവ മാസകാര്യങ്ങൾ. ഉപകർമ്മവും ആഗ്രയണവും സ്ഫുടാധിമാസത്തിലും മദ്ധ്യാധിമാസത്തിലുമരുതു്. സ്ഥാലീപാകം തുടങ്ങുവാൻ സ്ഫുടാധിമാസം വർജ്ജിക്കേണം. മദ്ധ്യാധിമാസം വർജ്ജിക്കുമാറില്ല ഞായം കേട്ടിരിക്കുന്നു.

ഇനി കാലലക്ഷണം ഇവിടെ സാവനം, ചാന്ദ്രം, സൌരം, നക്ഷത്രം ഇങ്ങിനെ നാലുവിധം ദിവസമാകുന്നതു്. ഉദയാദ്ഉദയാന്തം സാവനം. ഇതത്രേ പ്രസിദ്ധമാകുന്നതു്. ഓരോരോ പക്കങ്ങൾ ചാന്ദ്രദിവസങ്ങൾ. ആദിത്യന്റെ ഓരോരോ തിയ്യതി. സൌരാദിമാസങ്ങൾ മീനം, മേടം. നക്ഷത്രത്തിന്റെ ഉദയാദ്ഉദയാന്തം നാക്ഷത്രമാകുന്നതു്. പിന്നെ അതാതു ദിവസം മുപ്പതുകൂടിയതു് അതതു മാസങ്ങൾ. മാസങ്ങൾ പന്ത്രണ്ടു കൂടിയതു് സംവത്സരം. പിന്നെ നാളുകൾ ഇരുപത്തേഴുകൂടിയാൽ നക്ഷത്രമാസമെന്നു് ഒരുപക്ഷം. അവിടെ അതു് പന്ത്രണ്ടുകൂടിയതു് സംവത്സരമെന്നറിക.

പിന്നെ വ്യാഴം പാടകഴിഞ്ഞാൽ, പിന്നത്തെ വ്യാഴം പാടകഴിയുന്നതിന്റെ ഇട ബാർഹസ്പത്യസംവത്സരം. മുന്നൂററിമുപ്പത്തൊന്നു് സാവനദിവസം ബാർഹസ്പത്യ സംവത്സരമെന്നൊരുപക്ഷം. അതുലഃ വിമലാ മാതുലാ പരാംനീ ഇവ ക്രമേണ സാവനാദി വത്സരത്തിന്നു് സാവന ദിവസങ്ങൾ. ഇനി അധിമാസത്തെ വിസ്തരിച്ചുചൊല്ലുന്നു. അവിടെ ചാന്ദ്രം സാവനത്തിന്റെ സ്വരൂപത്തെ മുമ്പിൽ കാട്ടുന്നു. വെളുത്ത പ്രതിപദം തുടങ്ങി കറുത്തവാവ് കഴിവോളം ഉള്ള മുപ്പതുപക്കം കൂടിയതു് ഒരേ ചന്ദ്രമാസമാകുന്നതു്. ചൈത്രം, വൈശാഖം, ജ്യേഷ്ഠം, ആഷാഢം, ശ്രാവണം പ്രോഷ്ഠപദം, ആശ്വിനം, കാർത്തികം, മാർഗ്ഗശീർഷം, പൌഷം, മാഘം, ഫാൽഗുനം എന്നിങ്ങനെ പന്ത്രണ്ടു് ചാന്ദ്രമാസമാകുന്നതു്. ഇങ്ങിനെ മേപ്പട്ടു് കണ്ടുകൊൾക. അവിടെ യാതൊരു ചാന്ദ്രമാസത്തിൽ സംക്രാന്തി ഇല്ലാതെവരുന്നു അതു് അധിമാസം. പിന്നെ യാതൊരുമാസത്തിൽ രണ്ടു് സംക്രാന്തി വരുന്നു അതിന്റെ മുമ്പിലത്തെ ചാന്ദ്രമാസത്തിലും പിന്നെ ഒരു ചാന്ദ്രമാസത്തിലും സംക്രാന്തി കൂടാതെയും വരുന്നു. അവിടെ മുമ്പിലത്തേതു് സംസർപ്പം. രണ്ടുസംക്രാന്തിയുള്ളതു് അംഹസ്പതി. പിന്നെ സംക്രാന്തി കൂടാതെ വരുന്നതു് അവിടെ അധിമാസമാകുന്നതു് എന്നറിക.

പിന്നെ മധു, മാധവം, ശുക്രം, ശുചി, നഭം, നഭസ്യം, ഇഷം, ഊർജ്ജം, സഹം, സഹസ്യം, തപം, തപസ്യം ഇവ ക്രമേണ ചൈത്രാദി മാസങ്ങളുടെ പേർ. ചൈത്രാദിമാസങ്ങൾ രണ്ടുകൂടിയതു് ഒരു ഋതു. വസന്തം, ഗ്രീഷ്മം, വർഷം, ശരത്തു്, ഹേമന്തം, ശിശിരം എന്നിവ ആറും ക്രമേണ ഋതുക്കളുടെ പേർ. അവിടെ അധിമാസം ഋതുവിൽ കൂട്ടുകയില്ല. സംസർപ്പാംഹസ്പതികൾ ഋതുവിൽകൂടി എന്നറിയേണം. പിന്നെ ഇവ മൂന്നും ചാന്ദ്രമാസങ്ങളാകുന്നതു്. എന്നാൽ വെളുത്ത പ്രതിപദം തുടങ്ങുന്നേരമത്രേ അധിമാസം തുടങ്ങുക, കറുത്ത വാവ്

കഴിയുമ്പോൾ കഴിയുമെന്നും വന്നു. എന്നാൽ വെളുത്ത പ്രതിപദം തുടങ്ങുംദിവസം പ്രതിപദം തുടങ്ങുംമുമ്പെ അധിമാസമല്ല. കറുത്തവാവു കഴിയും ദിവസം വാവു കഴിഞ്ഞാലും അധിമാസന്നെറിക. യാതൊരു സൌരമാസത്തിൽ അധിമാസം വരുന്നു ആ സൌരമാസം വർജ്ജിക്കേണമെന്നിവ നിരൂപിച്ചു് പോകാതെ ഇരിക്കേണം. ഇനി മദ്ധ്യാധിമാസം എളുപ്പത്തിൽ അറിവാൻ ചൊല്ലുന്നു. ശശിതത്വമെന്നു മുകളിൽ വെച്ചു് അതിന്റെ ചോട്ടിൽ രാശിവരുമാറു് പിലിയാദിയായി "ധനീഭാനുഭ്ധിയാലഗ്നം" എന്നു് വെപ്പു. പിന്നെ പ്രഭാവനാസ്ഥികജനാരിക എന്ന പിലയാദിയായി കൂട്ടു. എന്നാൽ എല്ലാ ഇലിയും മുകളിലേക്കു് അധിമാസം വത്സരത്തിങ്കൽ കല്യബ്ദമായി വരും. അതിന്റെ ചോട്ടിലേതു് അധിമാസം മാസത്തിലെ ആദിത്യന്റെ രാശിയായി ഇരിക്കും. പിന്നെ ഈ കല്യബ്ദം വർത്തമാനകല്യബ്ദത്തേക്കാൾ കുറകിൽ പിന്നേയും പ്രഭാവനാസ്ഥകജനാരി കൂട്ടിക്കൊൾക. എന്നാൽ മദ്ധ്യാധിമാസംവരുന്ന തിങ്ങള് അറിയാം. പിന്നെ ആ തിങ്ങളിലെ സ്ഫുടചാന്ദ്രമാസം വർജ്ജിക്കേണ്ടുവതു്. ഇനി അതു അറിയുംപ്രകാരം. അവിടെ മദ്ധ്യാധിമാസമുള്ള തിങ്ങളിൽ വരുന്ന വെളുത്ത വാവു യാതൊരു ചാന്ദ്രമാസത്തിലാകുന്നു ആ ചാന്ദ്രമാസം മദ്ധ്യാധിമാസമാകുന്നതു്. എന്നാൽ ഈ വെളുത്ത വാവിന്റെ മുമ്പിലത്തെ പ്രതിപദം തുടങ്ങീട്ടു് കറുത്തവാവു കഴിവോളം ഉള്ള മുപ്പതു് പക്കങ്ങൾ ഇവിടെ വർജ്ജിക്കേണ്ടുവതു്. എന്നാൽ മുമ്പിലത്തെ തിങ്ങളിൽ പ്രതിപദം തുടങ്ങുകിൽ പ്രതിപദം തുടങ്ങിയാലും പിന്നത്തെ തിങ്ങളിൽ വാവു് കഴികയായി വരുമ്പോൾ വാവു് കഴിവോളവും വർജ്ജിക്കേണം. ആ തിങ്ങളിൽ പ്രതിപദം തുടങ്ങുന്നതിന്റെ മുമ്പേയും വാവു് കഴിഞ്ഞാലും വർജ്ജിക്കയും വേണ്ടു എന്നു് വന്നു. വാവു് കഴിയും മുമ്പേതാൻ പ്രതിപദം തുടങ്ങിയാൽതാൻ ഈ തിങ്ങളിൽ അധിമാസമല്ലല്ലോ എന്നു് നിരൂപിച്ചു പോകരുതു്. പ്രതിപദം തുടങ്ങുംമുമ്പേതാൻ വാവു് കഴിഞ്ഞിട്ടുതാൻ ഈ തിങ്ങളിൽ അധിമാസമല്ലേ എന്നും നിരൂപിച്ചുപോകരുതു്. എന്നിട്ടത്രേ വിസ്തരിച്ചു പറഞ്ഞതു്. പിന്നെ അധിമാസത്തിൽ ചെയ്തുപോകിൽ ആവർത്തിക്കാതെയിരിക്കയുമരുതു്. സംസർപ്പാംഹസ്പതികൾ, സ്ഥാലീപാകം തുടങ്ങുവാൻ വർജ്ജിക്കേണമോ എന്നു് സംശയമാകരുതു്. ഇങ്ങിനെ ഷൾദോഷം.

ഇനി കർത്തൃദോഷം ജനിപ്പിച്ചു കാലിന്റെ എൺപത്തെട്ടാംകാലും നൂറെറട്ടാംകാലും ജനിപ്പിച്ചു കൂറിന്റെ അഷ്ടമരാശിയും അഷ്ടമരാശിക്കൂറും അഷ്ടമരാശികാലുകൾക്കു് പാപന്മാരോ ശുക്രനോ അധിപതിയാകിൽ അവയും പിറന്നാളിന്റെ മൂന്നഞ്ചേഴാന്നാളുകളും പക്കപ്പിറന്നാ

ളിന്റെ മൂന്നഞ്ചേഴാന്നാളുകളുടെ കാപാലി കാലുകളും രണ്ടാം പക്കപ്പിറന്നാളിന്റെ മൂന്നഞ്ചേഴാന്നാളുകളിൽ പാപികൾ അധിപനായും ജനിച്ച രാശിയും അഷ്ടമരാശി ലഗ്നാഷ്ടമമാകുന്നതു്. അതും എല്ലാ ശുഭകമ്മങ്ങളിലും വർജ്ജിക്കേണം. ഇവിടെ അറിയാതെ ചെയ്തുപോകിൽ പ്രായശ്ചിത്തം ചെയ്ക.

പിന്നെ മേടവൃശ്ചികങ്ങൾക്കു ചൊവ്വ അധിപതി. എടവതുലാങ്ങൾക്കു ശുക്രൻ അധിപതി. മിഥുനകന്നികൾക്കു ബുധൻ. കക്കിടകത്തിന്നു ചന്ദ്രൻ. ചിങ്ങത്തിന്നാദിത്യൻ. ധനുമിഥുനങ്ങൾക്കു് ബൃഹസ്പതി. മകരകുംഭങ്ങൾക്കു് ശനി.

അഷ്ടമരാശിക്കാൽ തുലാക്കാലാകിൽ വർജ്ജിക്കേണ്ടാ. പിന്നെ ആദിത്യൻ പാപിയാകയുമുണ്ടു്. ശുഭനാകയുമുണ്ടു്. പിന്നെ കറുത്ത പതിനാലിൽ തുടങ്ങിയ വാവു കഴിവോളം ചന്ദ്രൻ പാപി. മററുള്ളേടത്തു ശുഭൻ. ബുധൻ, വ്യാഴം, ശുക്രൻ ഇവർ മൂവരും ശുഭന്മാർ. മുഹൂത്തത്തിങ്കൽ എട്ടേ ഗ്രഹങ്ങളുള്ളു. കേതുവില്ലാ. പിന്നെ ചന്ദ്രനെ മുഹൂത്തത്തിങ്കൽ പാപിയായിട്ടു നിരൂപിക്കുമാറില്ല. അപ്പോൾ മേടം, എടവം, ചിങ്ങം, വൃശ്ചികം, മകരം, കുംഭം ഇവ ആറിലൊന്നു അഷ്ടമരാശിയാകിലെ അഷ്ടമരാശിക്കാൽ വർജ്ജിക്കേണ്ടു. മററവ ആറാകിലും വർജ്ജിക്കേണ്ട എന്നു വന്നു. പിന്നെ രണ്ടാംപക്കപ്പിറന്നാളിന്റെ മൂന്നഞ്ചേഴാന്നാളുകളിൽ കാവാലിക്കാലുകളിൽ പാപാംശമാകിലേ വർജ്ജിക്കേണ്ടു. പാപാംശമല്ലാത്ത കാവാലിക്കാലല്ലാത്ത പാപാംശം വർജ്ജിക്കേണ്ടാ എന്നൊരു പക്ഷം. അതും ആചാരമുണ്ടു്. പിന്നെ മൂന്നാം പിറന്നാളു തുടങ്ങിയുള്ള മൂന്നഞ്ചേഴാന്നാളുകളിലെ കാവാലിക്കാലെ വർജ്ജിക്കേണ്ടു എന്നൊരു പക്ഷം. ഈ പക്ഷം തൃശ്ശിവപേരൂര് നിന്നു തെക്കോട്ടൊക്കെ ആചാരമുണ്ടു് എന്നു കേട്ടിരിക്കുന്നു. മറെറവ തന്നെ വർജ്ജിക്കതന്നെ വേണ്ടുവതു്. പിന്നെ ഏഴുമൂന്നഞ്ചാന്നാളുകൾക്കു് ക്രമേണ ദോഷം കുറയും. ഇവററിൽ ആപത്തിങ്കൽ ലഗ്നാഷ്ടമം കൊള്ളുമാറുണ്ടു്. ഇങ്ങിനെ കർത്തൃദോഷം.

ഇങ്ങിനെ സാമാന്യ ദോഷങ്ങളെ ചൊല്ലീട്ടു് ഗർഭാധാനം തുടങ്ങി അഗ്ന്യാധാനത്തോളമുള്ള സ്മാത്തകമ്മങ്ങളുടെ മുഹൂത്തത്തെ ചൊല്ലുന്നു. അവിടെ അങ്ങിനെ ഇരിക്കുന്ന ആളോടു് മുഹൂത്തം ചോദിക്കേണ്ടു എന്നു സജ്ജനങ്ങൾ പറഞ്ഞിട്ടുള്ളതിനെ ഇവിടെ പറയുന്നു. വേദാധികാരിയായി ശാസ്ത്രം കൊണ്ടു വാദിക്കാതെ ഇരിക്കുന്നവനായി നവഗ്രഹങ്ങളേയും ഈശ്വരനേയും ശാസ്ത്രത്തേയും വഴിപോലെ വിശ്വാസമുള്ളവനായി സ

ത്യവാദിയായി സന്ധ്യാവന്ദനാദി കമ്മങ്ങളെ വഴിപോലെ അനുഷ്ഠിക്കുന്നവനായി ജ്യോതിശ്ശാസ്ത്രത്തിങ്കലും സമത്ഥനായി സിദ്ധമന്ത്രനനായി സപ്താംഗങ്ങളുടെ ബലാബലത്തെ അറിഞ്ഞവനായി ഇരിക്കുന്നവനത്രേ ദൈവജ്ഞനാകുന്നതും മൌഹൂത്തികനാകുന്നതും. അങ്ങിനെ ഇരിക്കുന്നവനോടത്രേ മുഹൂത്തം ചോദിക്കാവൂ എന്നും അങ്ങിനെ ഇരിക്കുന്നവനത്രേ മുഹൂത്തം വിധിക്കാവൂ എന്നും അറിയേണം.

വേദാദ്ധ്യായീ വിനീതോ ഗ്രഹയ ജനപര-
സ്സത്യവാദീ സുവൃത്തോ
ജ്യോതിശ്ശാസ്ത്ര പ്രവീണോ ഗ്രഹഗണിതപടുഃ
സോത്ര ദൈവജ്ഞ ഉക്തഃ എന്നുണ്ടു്.

ദേവാച്ചനാഭിനിരതോ ജപസിദ്ധമന്ത്ര-
സ്സപ്താംഗയുക്ത ഗുണദോഷ ബലാബലജ്ഞഃ.
മൌഹൂത്തികഃ. എന്നുമുണ്ടു്.

പിന്നെ നവഗ്രഹങ്ങളേയും ഗുരുവിനേയും ശാസ്ത്രാചാൎയ്യന്മാരേയും ഭക്തിയോടുകൂടി വന്ദിച്ചേ മുഹൂത്തം കല്പിക്കാവൂ എന്നുമറിയേണം. പിന്നെ മഹാഗുണങ്ങളിൽ വെച്ചു വിപ്രവാക്യത്തിന്നു ഗുണമേറും എന്നുമുണ്ടു്. വിജ്ഞസ്സമസ്തശുഭകമ്മസു വിപ്രവാക്യം പ്രധാനം ഗുണമാഹയെന്നുമുണ്ടു്.

വിശിഷ്ട വിപ്ര ഭാഷിതം
ശുഭഗ്രഹസ്യ ചോദയഃ.
തനോശ്ച സൌമ്യവഗ്ഗതാ
ത്രയോ മഹാഗുണാസ്മൃതാഃ. എന്നുമുണ്ടു്.

പിന്നെ വേദാധികാരിയായിരിക്കുന്നവൻ മുഹൂത്തം വിധിച്ചാൽ ഇല്ലാതെ പോകിൽ വിധിച്ചനാളും പക്കവും രാശിയും മാറാതെ ചെയ്തുകൊൾക. എന്നാലും അധികാരിയല്ലാത്തവരോടു ചോദിക്കരുതു് എന്നത്രേ സകല ശാസ്ത്രങ്ങളിലും സജ്ജനവചനമാകുന്നതു എന്നറിയേണം.

മലയാളത്തിങ്കൽ വേദാധികാരിയല്ലാതെയുള്ളവര് മുഹൂത്തം വിധിക്കയും അവരെക്കൊണ്ടു വിധിപ്പിക്കയും ചെയ്യുന്നു. അതു വലിയൊരധമ്മമാകുന്നതു എന്നറിഞ്ഞു ഉപേക്ഷിക്കേണം എന്നറിവാനത്രേ ഇവിടെ ഇത്ര പറഞ്ഞതു്. അധമ്മമെന്നറിയാതെ പോകിൽ നീങ്ങാതെ പോകുമല്ലോ. എന്നാൽ ഇതുകളെല്ലാമറിഞ്ഞു ഈ അധമ്മം നീങ്ങുവാൻ മലയാളത്തിങ്കലുള്ള സജ്ജനങ്ങൾ പ്രയത്നം ചെയ്തുകൊള്ളേണം. അല്ലാഞ്ഞാൽ സജ്ജനനിന്ദയും മാനഹാനിയും ദുർജ്ജനാപഹാസവും നരകാനുഭവവുമിത്യാദികൾ വന്നു അകപ്പെട്ടുപോകുമെന്നറിക.

പിന്നെ ഷോഡശക്രിയകളിൽ വെച്ച് പ്രധാനമായി ആദ്യമായിരിക്കുന്ന നിഷേകത്തിന്റെ അംഗമായിരിക്കുന്ന വിവാഹത്തിന്റെ മുഹൂൎത്തത്തെ നടെ ചൊല്ലുന്നു. അത്രയുമല്ല സകല കൎമ്മങ്ങൾക്കും സകല ശാസ്ത്രങ്ങൾക്കും ആശ്രയമായിരിക്കുന്ന ഒന്ന് ഈ ഗൃഹസ്ഥാശ്രമം. അങ്ങിനെ ഇരിക്കുന്ന ഈ ഗൃഹസ്ഥാശ്രമത്തിന്റെ ഉൽപത്തി കൎമ്മമാകയുമുണ്ട്. ഈ വിവാഹം പിന്നെ ഗൃഹ്യാദികളിൽ ആദിക്ക് വിധിച്ചതാകയുമുണ്ട് എന്നിതെല്ലാം ഹേതുവായിട്ടത്രേ വിവാഹത്തിന്റെ മുഹൂൎത്തത്തെ മുമ്പിൽ ഇവിടെ ചൊല്ലുന്നതു് എന്നറിഞ്ഞുകൊള്ളേണം.

കറുത്ത അഷ്ടമിയിലും, അത്തം, മകയിരം, രോഹണി, മഖം, ചോതി, എരവതി, ഉത്രം, ഉത്രാടം, ഉത്രട്ടാതി, മൂലം, ചന്ദ്രോദയവും, അഷ്ടമത്തിൽ ചൊവ്വായും, രാഹുവും, ഏഴാമെടത്ത് ഗ്രഹങ്ങൾ എല്ലാവരും മീനമാസത്തിൽ ഉത്തരാൎദ്ധവും കൎക്കടകമാസവും കന്നിമാസവും കുംഭമാസവും ധനുമാസവും ഒരു ഗ്രഹമുള്ള നാളും ശലാകയും ഗുരുശുക്രന്മാരുടെ ബാല്യവാൎദ്ധക്യങ്ങളും വേൾക്കുന്നവന്റെ പിറന്നാളും അൎദ്ധരാത്രിക്ക് രണ്ടു് നാഴികയും ഉദിക്കും മുമ്പെ ആറു നാഴികയും ഇരുവരുടേയും ജനിച്ച കൂററിന്റെ ഏഴാമെടത്ത് ഒരു ഗ്രഹമുണ്ടായിരിക്കുന്ന കാലവും ഇവ പതിനേഴും വേളിക്ക് കൊള്ളരുതു്. ആദിത്യോദയവും കൊള്ളരുതു്. വേൾക്കുന്നവന്റെ പിറന്നാൾ രണ്ടും പെണ്ണിന്റെ പിറന്നാൾ മൂന്നും കൊള്ളാം. ആഴ്ചകൾ ഒക്ക കൊള്ളുന്നു. കൎത്തൃദോഷങ്ങൾ ഇരിവരുടേയും കൊള്ളരുതു. ഉൽക്കാദിദോഷങ്ങൾ ഷൾദോഷങ്ങളും കൊള്ളരുതു്.

ഇനി ശലാകവേധത്തെ ചൊല്ലുന്നു. ഉത്രാടം, മകയിരം, ആദിജിത്ത്, രോഹണി, മകം, തിരുവോണം, മൂലം, പുണർതം, ചതയം, ചോതി, എരവതി, ഉത്രം, അനിഴം, ഭരണി, ഉത്രട്ടാതി, അത്തം എന്നിവ ഈ രണ്ടു നാളുകളിൽ ഒന്നിൽ ഗ്രഹം നില്ക്കുമ്പോൾ മറേറതിന്നു് വേധമുണ്ടു്. പിന്നെ ഉത്രാടത്തിന്റെ നാലാം കാലും തിരുവോണത്തിന്റെ ആദി നാലു നാഴികയും കൂടിയതു് അഭിജിത്ത്. ഗുരുശുക്രന്മാരുടെ പാട തുടങ്ങുന്നതിന്റെ ഏഴ ദിവസം മുമ്പെ വാൎദ്ധക്യം തുടങ്ങും. പാട കഴിഞ്ഞാൽ അഞ്ചു് ദിവസം ബാല്യം. വക്രത്തിൽ പാടയാകിൽ അഞ്ചു് ദിവസം വാൎദ്ധക്യം. മൂന്നു് ദിവസം ബാല്യം. ഇങ്ങിനെ ഇപ്പോഴത്തെ ആചാരമാകുന്നതു്. പിന്നെ നാളും കൂറും ഒന്നാകിലെ സഗ്രഹൎക്ഷം വൎജ്ജിക്കേണ്ടു. പിന്നെ സഗ്രഹൎക്ഷത്തിങ്കലും ശലാകത്തിങ്കലും പെണ്ണിന്റെ ഏഴാമെടത്തു് ആദിത്യനേയും ചൊവ്വായേയും വൎജ്ജിക്ക ഇപ്പോഴത്തെ ആചാരമാകുന്നതു്. ഈ ചൊല്ലിയേടത്തു് മററുള്ള ഗ്രഹങ്ങളേയും പുരുഷന്റെ ഏഴാമെടത്തു് എല്ലാ ഗ്രഹങ്ങളേയും കൊള്ളുന്നു. ആവശ്യത്തി

ങ്കൽ പെണ്ണിന്റെ ഏഴാമെടത്തു് ആദിത്യനേയും കഷ്ടിച്ചു് കൊള്ളാം പോൽ എന്നു് ചിലർ പറയുന്നു. ഇവിടെ ചൊല്ലിയതിൽ നാളുകൾ മാറിപ്പോകിൽ ആവൎത്തിക്കണം. മററുള്ളവ ഒക്കെ അവസ്ഥപോലെ പ്രായശ്ചിത്തം ചെയ്യണം. പശുദാനം ചെയ്യാതെ ഇരിക്കരുതു്. രാശി മാറുകിൽ ആവൎത്തിക്കേണമെന്നൊരുപക്ഷം. പുനൎവ്വിവാഹത്തിന്നു് മുഹൂൎത്തം വേണ്ട. പിന്നെ ആശ്വലായനന്റെ ഭാഷ്യം ഉള്ളപ്പോൾ വേൾക്കുന്നുവെങ്കിൽ ദീക്ഷസ്നാനത്തിന്റെ മുമ്പെ സ്ഥാലീപാകം തുടങ്ങും വരാതെ കണ്ടു മുഹൂൎത്തം വിധിക്കേണം. പിന്നെ മംഗല്യസൂത്രം ധരിപ്പാനും പാണിഗ്രഹണത്തിന്നും രാശി ഒന്നായിരിക്കണം. എന്നാൽ അതിന്നുമാത്രം കാലമുള്ള മുഹൂൎത്തമേ വേളിക്കു് കൊള്ളാവൂ എന്നറിയേണം. അത്രയുമല്ല രണ്ടു് നാഴികയത്രേ മുഹൂൎത്തമാകുന്നതു്. അതുകൊണ്ടു് രണ്ടു് നാഴികയിൽ കുറഞ്ഞ മുഹൂൎത്തം ഒന്നിന്നുമരുതു്. ഇപ്പോൾ ആപത്തിങ്കൽ കുറച്ചും കൊള്ളുന്നതാനും. ഇനി ശേഷം ദീക്ഷ പിരിച്ചിട്ടു് നാലാം രാത്രിയിൽ വേളിശ്ലേഷം വേണ്ടു. അഞ്ചാം രാത്രിയിലും പകലും അരുതു്. മകവും മൂലവും ചോറൂണിന്റെ നാളുകളും ശുക്രദൃഷ്ടിയും കൊള്ളാം. കന്നിരാശിയും ഇരുവരുടേയും പിറന്നാളുകൾ മൂന്നും സംസൎപ്പാംഹസ്പത്യാധിമാസങ്ങളും വെളുത്ത വാവും ഹരിവാസരവും സ്ഥാലീപാകം വേണ്ടും ദിവസവും തലനാളും അഷ്ടകാദികാലവും ശ്രാദ്ധദിവസവും തലനാളും സംക്രാന്ത്യാദിപുണ്യകാലവും ഇവ പത്തും കൊള്ളരുതു്. വേളിക്കരുതാത്ത നാലരത്തിങ്ങളും ശേഷത്തിന്നും കൊള്ളരുതു്. അത്യാപത്തിങ്കൽ ചിലേടത്തു് കൊണ്ടു കാണ്മാനുണ്ടു്. ഇവിടെ നാളുമാറുകിലും പകലാകിലും അഞ്ചാം ദിവസമാകിലും ആവൎത്തിക്കണം. കന്നിരാശിയിലുമാവൎത്തിക്കേണം അതു നല്ലൂ. പ്രായശ്ചിത്തമെന്നൊരുപക്ഷം. മറേറവററിന്നു് പശുദാനം ചെയ്യേണം. അവിടെ പകലാകിലും സ്ഥാലീപാകത്തിന്റെ തലനാൾ എന്നാവതുടങ്ങി പറഞ്ഞവ കൊണ്ടുപോകിലും കൃച്ഛ്രം കൂടെ ചെയ്യേണം. ഏകാദശിയുടെ നാലാം കാലും ദ്വാദശിയുടെ മുതൽ കാലും ഹരിവാസരം സേകം. അസ്തമനം കണ്ടാൽ നാല്പത്തഞ്ചിലി പ്രതിപദമുള്ള ദിവസവും സ്ഥാലീപാകവും ഇഷ്ടിയും വേണ്ടു. അതിൽ കുറകിൽ പിറേറന്നാൾ വേണ്ടു. പിന്നെ ദിനപ്രമാണത്തെ എട്ടെടത്തിട്ടതിൽ ഒടുക്കത്തെ അംശത്തിന്നു് മുമ്പെ വാവു് കഴിയുന്ന ദിവസം സ്ഥാലീപാകം വേണ്ടു. ഒടുക്കത്തെ അംശം തുടങ്ങീട്ടത്രെ വാവു് കഴിഞ്ഞുവെങ്കിൽ പിറേറന്നാൾ വേണ്ടു എന്നൊരുപക്ഷം. പിന്നെ ഇഷ്ടിക്ക നാല്പത്തിരണ്ടു് ഇലിയുണ്ടായാൽ മതി എന്നൊരുപക്ഷം. ഇവിടെ താന്താന്റെ പൂൎവ്വന്മാരു് ആചരിച്ചപോലെ പക്ഷം വേണം ആചരിപ്പാൻ. പിന്നെ സ്ഥാലീപാകം

തുടങ്ങുന്നകാലത്തെ ചൊല്ലുന്നു. സ്ഥാലീപാകം തുടങ്ങുവാൻ അധിമാസങ്ങൾ മൂന്നും വർജ്ജിക്കണം. വെളുത്ത വാവിൻെറ സന്ധ്യുകലെ തുടങ്ങാവൂ. അവിടെ ബൌധായനനു് ദശമെഹനിശ്രാദ്ധം കഴിഞ്ഞാൽ മുമ്പിൽ വരുന്ന പൌർണ്ണമാസിക്കു് തുടങ്ങേണ്ടുവതു്. ബാധൂലകന്മാൎക്കും സാമവേദികൾക്കും ശേഷം കഴിഞ്ഞു മുമ്പിൽ വരുന്ന പൌർണ്ണമാസിക്ക വേണ്ട. കൌഷീതകനു് ദീക്ഷ കഴിഞ്ഞുവരുന്ന പൌർണ്ണമാസി നാൾ വേണ്ടു. പിന്നെ സ്ഥാലീപാകം വാവിൻെറ നാലാം കാൽ തുടങ്ങും മുമ്പെതാൻ പതിനാലുള്ളപ്പോൾതാൻ പ്രതിപദത്തിൻെറ നാലാം കാലും തുടങ്ങി ദ്വിതീയ കഴിയും മുമ്പെതാൻ ചെയ്കിൽ ആവൎത്തിക്കേണം. സ്ഥാലീപാകം തുടങ്ങുന്നതു് അധിമാസത്തിലാകിൽ വർജ്ജിക്കേണം. മദ്ധ്യാധിമാസം വർജ്ജിക്കേണ്ട എന്നൊരുപക്ഷം. ഇപ്പോൾ വർജ്ജിക്കമാറാചാരം സംസപ്പ്രാംഹസ്പതികൾ വർജ്ജിക്കേണ്ട എന്നൊരുപക്ഷം സ്ഥാലീപാകം.

മാഘമാസത്തിലും പ്രോഷ്ഠപദമാസത്തിലും കറുത്ത ഷഷ്ഠി തുടങ്ങി പത്തുപക്കം അഷ്ടകാകാലം പ്രോഷ്ഠപാദമാസത്തിലും കറുത്ത ത്രയോദശിനാൾ അഷ്ടകാശ്രാദ്ധമൂട്ടേണം. കൌഷീതകനു് കൃഷ്ണാഷ്ടമിനാൾ വേണ്ടൂ. പിന്നെ മാഘ മാസത്തിൽ അഷ്ടമിനാളും വേണം. അവിടെ ആശ്വലായനന തലനാളും പിറെറന്നാളും കൂടെ വേണം. പൌഷമാസത്തിലും ഫാല്ഗുന മാസത്തിലും അഷ്ടമിനാൾ കൌഷീതകന്മാൎക്കും സാമവേദികൾക്കും ശ്രാദ്ധമൂട്ടേണം. അധിമാസം വർജ്ജിക്ക. മദ്ധ്യാധിമാസവും സംസപ്പ്രാംഹസ്പതികളും വർജ്ജിക്കേണ്ടാ എന്നൊരുപക്ഷം. പിന്നെ അഷ്ടമിനാൾ, ത്രയോദശിനാൾ, മദ്ധ്യാഹ്നത്തിന്നു് ഏറെയുള്ള ദിവസം വേണ്ടുവതു്. സമമാകിലും രണ്ടു് ദിവസം ഇല്ല എങ്കിലും തലനാൾ വേണ്ടൂ. ഇവിടെ പക്ഷഭേദമുണ്ടു്. യജുൎവ്വേദികൾക്കു് മാസം ഊട്ടേണ്ടുവതു്. പിന്നെ മരിച്ച ദിവസം തുടങ്ങി പതിനൊന്നാം ദിവസവും കപിം കഥയ തനപംഗി എന്ന ദിവസങ്ങൾ തുടങ്ങി അഞ്ചു ദിവസങ്ങളിൽ ഒരേ ദിവസവും സംവത്സരം തികയോളമുള്ള മരിച്ച പക്കങ്ങളും ഏകോദ്ദിഷ്ടശ്രാദ്ധമൂട്ടേണം ഇവ ഷോഡശശ്രാദ്ധമായവ. പന്ത്രണ്ടാം ദിവസം താൻ ത്രൈപക്ഷോദിത മാസത്തോടുകൂടിത്താൻ മുന്നൂററിമുപ്പത്തൊന്നു് ദിവസം താൻ സപിണ്ഡി ഊട്ടേണ്ടൂ. പിന്നെ മരിച്ച തിങ്ങളിൽ മരിച്ച പക്കത്തുന്നാൾ മരിച്ച നാളുന്നാൾതാൻ ശ്രാദ്ധമൂട്ടേണം. അവിടെ രണ്ടു് പക്കംതാൻ രണ്ടു് നാളുതാൻ വരികിൽ മുമ്പിലത്തേതിനേ വേണ്ടൂ. ഒന്നും വരാതെ പോകിൽ മുമ്പിലത്തെ മാസത്തിൽ ഒട്ടക്കത്തേതിനെ വേണ്ടൂ. അസ്തമനം കണ്ടാൽ ആറു നാഴിക എൺപതു് ഇലി ഉണ്ടാകിൽ

അന്നു് ഊട്ടേണം. കുറകിൽ പിറെറന്നാൾ. ഇങ്ങിനെ മലയാളത്തിലെ ആചാരം.

ആലത്തൂരും അച്ഛിപ്പറയും പക്ഷഭേദമുണ്ടു്. അതിനെ ചൊല്ലുന്നു. അന്നത്തെ വാക്യാന്തരവും പിററന്നാളത്തെ വാക്യാന്തരവും തമ്മിൽ കൂട്ടി അൎദ്ധിച്ചു രണ്ടെടത്തു വെച്ചു ഒന്നിനെ നരലോകവുമായി അന്തരിച്ചതു ഗുണകം. നരലോകം ഏറുകിൽ ധനം. കുറകിൽ ഋണം. പിന്നെ ധനമാകിൽ ഖരലയ പിലിയാദിയായി വെച്ചു ഗുണകാരംകൊണ്ടു ഗുണിച്ചു മുമ്പിൽ വെച്ചിരിക്കുന്നതുകൊണ്ടു ഹരിച്ചാൽ പിലിവരും. ശിഷ്ടംകൊണ്ടു പോട്ടു് ഉണ്ടാക്കി ഏഴ പിലിവെച്ചു അതിൻെറ ചോട്ടിൽ കൂട്ടി അന്നത്തെ വാക്യാന്തരം കൊണ്ടു ഗുണിച്ചു നന്ദനെക്കൊണ്ടു ഹരിച്ചാൽ തിഥ്യുതി വരും. ശിഷ്ടംകൊണ്ടു ഇലിയും പിലിയുമുണ്ടാക്കിയതിനോളമസ്തമനം കണ്ടാൽ ഉണ്ടാകിൽ അന്നു ശ്രാദ്ധമൂട്ടേണം. കുറകിൽ പിറെറന്നാൾ ഊട്ടേണ്ടു. പിന്നെ ഋണമാകിൽ പരാൎദ്ധായനഃ എന്നതിനെ ഗുണിക്കേണ്ടു എന്നും ഏഴിലിയിൽ കളയേണ്ടു എന്നും ഭേദം. പിന്നെ പക്ഷമാകിൽ അന്നത്തെ വാക്യാന്തരവും പിററന്നാളത്തെ വാക്യാന്തരവും തമ്മിൽകൂട്ടി അൎദ്ധിച്ചാൽ അതിൽ ആദിത്യൻെറ ഗതി കളയേണമെന്നും ജ്ഞാനപ്രിയമായി അന്തരിക്കേണ്ടു എന്നും അന്നത്തെ വാക്യാന്തരത്തിൽ ആദിത്യൻെറ ഗതി കളഞ്ഞതിനെ ഗുണിച്ചിട്ടു നന്ദനെക്കൊണ്ടു ഹരിക്കേണ്ടു എന്നും ഭേദം. മറെറാക്കെ മുമ്പിലത്തെപ്പോലെതന്നെ.

പിന്നെ എല്ലാവൎക്കും അപരാഹ്നത്തിന്നു മുമ്പിൽ സംക്രാന്തിയാകിൽ അന്നുപിന്നെ മാസത്തിലെ ചാത്തമൂട്ടേണം. സംക്രാന്തി അപരാഹ്നത്തിന്നുതട്ടുകിൽ പിറെറന്നാൾ വേണ്ടു. ദിവസവും അപരാഹ്നത്തിന്നു തട്ടുന്ന നാളും അസ്തമനം കണ്ടാൽ അമ്പതു ഇലി കഴിഞ്ഞ നാളും ചാത്തമൂട്ടുകയും വേണം.

പിന്നെ അപരാഹ്നത്തിന്നു തട്ടുമോ എന്നറിവാൻ തൽക്കാലിക്കേണം. പിന്നെ അപരാഹ്നത്തിന്നു തട്ടുന്ന നാളു് തലനാൾ ഊട്ടുവാൻ മാത്രം ഉണ്ടെന്നുവരികിൽ ഊട്ടേണ്ടാ എന്നൊരു പക്ഷം. പിന്നെ തലനാൾ ഊട്ടുവാൻ മാത്രം ഉള്ളനാളിനെ വാല എന്നു പറക ഞായം. പിന്നെ അപരാഹ്നത്തിന്നു തട്ടുന്നേടത്തു ആലത്തൂർപ്പക്ഷം ഭേദമില്ല എന്നറിക. പിന്നെ പതിന്നാല് ഊട്ടേണ്ടും ദിവസവും വാവു് ഊട്ടേണ്ടും ദിവസത്തിൻെറ തലനാളും ശ്രാദ്ധങ്ങൾ ഒന്നും അരുതു് എന്നൊരു പക്ഷം: ഇവിടെ വാവു് ഊട്ടുകയും പതിന്നാലു് ഊട്ടുകയും ഒരു ദിവസമാകിൽ അന്നു ഊട്ടരുതു്. തലനാൾ ഊട്ടുകയുമാം. ഈ പക്ഷം പെരുമനം ഗ്രാമത്തിലും അച്ഛിപ്പറയുമാചാരമുണ്ടു്. ചിങ്ങമാസത്തിൽ കറുത്ത

അഷ്ടമിരോഹിണിയോടു കൂടുകയില്ല എങ്കിൽ അഷ്ടമി അൎദ്ധരാത്രിക്കുള്ള ദിവസം നോക്കണം. രണ്ടുദിവസവുമുണ്ടെങ്കിലും ഇല്ലാതെപോകിലും പിറെറന്നാൾ വേണ്ടു. രോഹിണി കൂടുകിൽ അന്നു നോൽക്കേണ്ടു. പിന്നെ ഏകാദശി കഴിയുന്ന ദിവസം നോൽക്കേണ്ടു. അവിടെ അരുണോദയം ദിവസത്തിന്റെ ആദി എന്നോ ആനന്ദിക്ക പക്ഷം. സൂൎയ്യോദയമാദി എന്നു ഭൂരിപക്ഷം. പിന്നെ അരുണോദയത്തിന്നു ദശമി തട്ടുകിൽ ദ്വാദശി നോൽക്കേണ്ടുവത്. ഏകാദശിയല്ല എന്നു ആനന്ദി പക്ഷം. ശ്രവണദ്വാദശി വരുകിൽ അന്നു നോൽക്കേണം. പിന്നെ ത്രയോദശി അസ്തമനത്തിന്നുള്ള ദിവസം പ്രദോഷം രണ്ടുദിവസമുണ്ടെങ്കിലുമില്ലെങ്കിലും തലനാൾ. ഇരിങ്ങാലക്കുട പിറെറന്നാൾ എന്നു കേട്ടിട്ടുമുണ്ടു്.

മാഘമാസത്തിലെ കറുത്തപതിന്നാലു് അൎദ്ധരാത്രിക്കുള്ള ദിവസം ശിവരാത്രി. രണ്ടുദിവസമുണ്ടെങ്കിലും ഇല്ലെങ്കിലും തലനാൾ. ഇങ്ങിനെ ആചാരം. പിററന്നാൾ എന്നു കാലനിൎണ്ണയത്തിൽ പറയുന്നു.

ഉദയം കണ്ടാൽ ഏൺപതു ഇലി പുറപ്പാടുള്ള ദിവസം പിറന്നാൾ വേണ്ടു. രണ്ടു വരികിൽ പിന്നത്തെനാൾ. സംക്രാന്തി തട്ടുകിൽ മുമ്പിലത്തേതു്.

പിന്നെ നാളുകൾ ഉപവസിക്കേണമെങ്കിൽ അസ്തമനത്തിന്നു തട്ടും ദിവസം വേണ്ടു. രണ്ടു അസ്തമനത്തിന്നുമുണ്ടെങ്കിലും ഇല്ലെങ്കിലും തലനാൾ തിഥ്യുപവാസങ്ങൾ അനേകം പ്രകാരമുണ്ടു്. ഇവ പുണ്യകാലങ്ങൾ.

ഇനി പുംസവനത്തിന്നു ചൊല്ലുന്നു. മൂന്നാം മാസത്തിൽ പുംസവനം ചെയ്യേണ്ടു. നാലാം മാസത്തിലും അഞ്ചാം മാസത്തിലും രണ്ടാം മാസത്തിലും ചെയ്കിൽ ആവൎത്തിക്കേണം. മുമ്പിലത്തെ ഗൎഭമാകിൽ നാലാം മാസത്തിലുമാം. സാമവേദിക്കു മുമ്പിലത്തെ ഗൎഭത്തിന്നു മൂന്നാം മാസത്തിലരുതു് എന്നുഭേദം. അവൎക്കു അന്നു ചെയ്കപോകിൽ ആവൎത്തിക്കേണം. രണ്ടാംഗൎഭം തുടങ്ങി ഉള്ളേടത്തു സീമന്തം വേണ്ടിവരികിൽ നാലാം മാസത്തിലുമാം. മുമ്പിലത്തെ ഗൎഭത്തിന്നു സീമന്തം ചെയ്യാതെ പ്രസവിക്കിൽ എല്ലാ ഗൎഭത്തിന്നും സീമന്തം ചെയ്യുന്നേടത്തു നാലാം മാസത്തിൽ പുംസവനമരുതു്. പിന്നെ ഗൎഭാധാനദിവസം തുടങ്ങി സാവനംകൊണ്ടു മാസം ഒത്തുകൊൾക. ഗൎഭാധാനദിവസമറിയാതെ പോകിൽ അഞ്ചുനീരു കുളിച്ച ദിവസം തുടങ്ങി കണ്ടുകൊൾക. ഇങ്ങിനെ മാസം. ഇനി മുഹൂൎത്തം. പൂയവും ഞായറാഴ്ചയും വ്യാഴാഴ്ചയും ചൊവ്വാഴ്ചയും കൊള്ളാം. ശനിയാഴ്ച മദ്ധ്യമം. ബുധനാഴ്ച അരുതു്. കൊണ്ടു

പോകിൽ ആവൎത്തിക്കുമാറില്ല. പൂയമല്ലാത്ത നാളും വെള്ളിയാഴ്ചയും ശുക്രോദയവും ശുക്രേന്ദുദൃഷ്ടിയും മിഥുനവും കൎക്കിടകവും കന്നിയും പാട്ടുരാശി തുടങ്ങി ഉദയത്തോളവും അരുതു്. ഇവ ഒമ്പതും കൊണ്ടുപോകിൽ ആവൎത്തിക്കേണം. പിന്നെ കൌഷീതകന്നു പൂൎവ്വപക്ഷമേ കൊള്ളാവൂ. തിരുവോണം കൂടെ കൊള്ളാം ഇവിടെ അപരപക്ഷമാകിലുമാവൎത്തിക്ക. ഉൽക്കാദി ദോഷങ്ങളും കൎത്തൃദോഷങ്ങളുമാവൎത്തിക്കേണം എന്നില്ല. പകൽ ഉദിക്കും മുമ്പെ തുടങ്ങി പാട്ടുരാശി തുടങ്ങുവോളം കൊള്ളാം പുംസവനം.

ഇനി സീമന്തം. മുമ്പിലത്തെ ഗൎഭത്തിന്നേ സീമന്തം ചെയ്യേണ്ടു. പെരുമനത്തും ചങ്ങന്നൂരും മററു പലേടത്തും പ്രജ ജീവനോടുകൂടെ പിറപ്പോളം സീമന്തം ചെയ്യുന്നു. ഇരിങ്ങാലക്കുടെ മുമ്പിലത്തെ ഗൎഭത്തിന്നേ ചെയ്യുമാറുള്ളു എന്നു് കേട്ടിരിക്കുന്നു. പിന്നെ സീമന്തം ചെയ്യാതെ പ്രസവിച്ചുപോകിൽ എല്ലാ ഗൎഭത്തിന്നും ചെയ്യേണമെന്നു് ചിലർ. എന്നാൽ അവിടെ അവിടെയുള്ള ആചാരത്തിന്നു് തക്കവണ്ണം വേണം ചെയ്യാൻ. വല്ല പക്ഷവും അംഗീകരിക്കരുതു് എന്നു് പക്ഷഭേദമുള്ളേടത്തു് ഒക്കെ അറിയേണം. പിന്നെ നാലാം മാസത്തിൽ വേണ്ടു. അതിന്റെ മുമ്പെ ആകിൽ അശ്വതി, തിരുവോണം, അത്തം, പൂരോരട്ടാതി പുണർതം, അനിഴം, പൂയം, ഉത്രട്ടാതി ഇവ എട്ടും കൌഷീതകന്നു് കൊള്ളാം. ഈ എട്ടു് നാളുടേയും നടുവിലെ ഈരണ്ടു് കാലുകൾ ആശ്വലായനന്നു് കൊള്ളാം. അത്തം, ഉത്രം, ഉത്രാടം, ഉത്രട്ടാതി ഇവ നാലും സാമവേദിക്കു് കൊള്ളാം. ഈ നാളുകൾ മാറിപ്പോകിൽ ആവൎത്തിക്കേണം. സായാഹ്നം തുടങ്ങിയാൽ ഉദിക്കുംവോളം കൊള്ളരുതു്. അന്നേരത്തു് ചെയ്കപോകിൽ ആവൎത്തിക്കേണം. ചിങ്ങവും വൃശ്ചികവും കൊണ്ടുപോകിൽ പ്രായശ്ചിത്തം വേണമെന്നു് നിശ്ചയം. ആവൎത്തിക്കേണമെന്നൊരുപക്ഷം. ചൊവ്വാഴ്ചയും ശനിയാഴ്ചയും അത്യാപത്തിങ്കൽ കൊള്ളാം. ഉദിക്കുമ്പോൾ തുടങ്ങി സായാഹ്നത്തോളം കൊള്ളാം. ആപത്തിങ്കൽ ചതുൎത്ഥിയും പതിന്നാലും കൊള്ളുന്നു. അത്യാപത്തിങ്കൽ പക്കങ്ങളൊക്കെ കൊള്ളാമെന്നു് കേട്ടിട്ടുണ്ടു്. ഈ ആപൽപക്ഷത്തിങ്കൽ എടവവും ശക്തിക്കു് തക്കവണ്ണം പ്രായശ്ചിത്തം ചെയ്യാതെ കൊള്ളരുതു്. അഷ്ടമത്തിൽ ഗ്രഹങ്ങൾ പ്രായശ്ചിത്തം ചെയ്യാതെ ഇരിക്കരുതു്. പാപികൾക്കു വേണമെന്നു് നിശ്ചയം. പിന്നെ ഭാൎയ്യയുടെ പിറന്നാൾ മൂന്നും അഷ്ടാശീത്യംശകാദികളും വൎജ്ജിക്കേണം. ഇവകൊണ്ടു പോകിൽ പ്രായശ്ചിത്തം മതി. അത്യാപത്തിങ്കൽ ഏകാൎഗ്ഗളവും ലഗ്നാഷ്ടമവും പ്രായശ്ചിത്തം ചെയ്തുകൊള്ളേണ്ടിവരും. പ്രസവമടുത്തുപോകിൽ പൂൎവ്വപക്ഷ

ത്തിൽ പകൽ വിധിച്ചനാളുള്ളപ്പോൾ ചെയ്തുകൊൾക. മററുള്ള ദോഷങ്ങൾക്കു് പ്രത്യേകം പ്രായശ്ചിത്തം ചെയ്ക. സീമന്തം.

ഔഷധം സേവിക്കേണമെങ്കിൽ മൂന്നാം മാസത്തിൽ വേണ്ടു. പുംസവനത്തിങ്കലെ മുഹൂർത്തം ചോതി, ശാഖം, അശ്വതി, ഭരണി, ഉത്രം, പൂരോരുട്ടാതി, പൂയം, ആയില്യം, മകം, തൃക്കേട്ട, മൂലം, പൂരാടം, ഉത്രാടം, തിരുവോണം ഇവ പതിനാലും കൊള്ളാം. രിക്തകളും അപരാഹ്നം തുടങ്ങിയാലും കൊള്ളരുതു് എന്നു് ഭേദം. വേലിയേററം വേണം. ഊർദ്ധ്വമുഖി നല്ല. ആദിത്യൻ നില്ക്കുന്നതിൻെറ താഴത്തെ രാശിയും അതിൻെറ കേന്ദ്രങ്ങളും ഊർദ്ധ്വമുഖികളാകുന്നതു്. പിന്നെ കൃഷ്ണപക്ഷം മദ്ധ്യമമെന്നറിക. പൂർണ്ണകൾ ഉത്തമം. ഔഷധം.

പുംസവനം കഴിഞ്ഞാൽ കൌഷീതകന്നു് ഗർഭരക്ഷ വേണം. അതിനു് ചൊവ്വാഴ്ചയും അപരപക്ഷവും കൊള്ളരുതു്. മറെറാന്നും നിരൂപിക്കേണ്ടാ. നാലാം മാസത്തിൽ എന്നു് ഒരു പക്ഷമുണ്ടു്. ഗർഭരക്ഷ.

എട്ടാം മാസത്തിൽ പകൽ രോഹിണിതാൻ തിരുവോണംതാൻ സപ്തമിതാൻ ദ്വാദശിതാനുള്ളപ്പോൾ യജുർവേദികൾക്കു വിഷ്ണുബലി ചെയ്യേണം. മറെറാന്നും നിരൂപിക്കേണ്ടാ. പക്ഷവും പക്കവും നാളും മാറുകിലാവർത്തിക്കേണം. വിഷ്ണുബലി.

ജനിച്ചാൽ തൊണ്ണൂറുനാഴിക കഴിയുംമുമ്പേ ജാതകർമ്മം ചെയ്യേണ്ടു. അതിനു സംഗതിവരാതെ പോകിൽ പുല കഴിഞ്ഞു പുണ്യാഹം കഴിഞ്ഞാൽ അപ്പോഴേ ചെയ്ക. തൊണ്ണൂറു നാഴിക കഴിഞ്ഞാൽ പുലയിൽ ചെയ്കിൽ സാമവേദിയല്ലാത്തവർക്കു ആവർത്തിക്കേണം. പിന്നെ ഗർഭമുള്ളപ്പോൾ ചെയ്യേണ്ടവ ചെയ്യാതെ പോകിൽ പ്രസവിച്ചാൽ ചെയ്യേണം. അവിടെ മുഹൂർത്തം. പെണ്ണാകിൽ വിഷ്ണുബലി വേണ്ടാ. ജാതകർമ്മവും വേണ്ടാ. എന്നു സൂത്രെ എന്നതുകൊണ്ടു സൂചിപ്പിച്ചു കിടക്കുന്നു. ജാതകർമ്മം. പുളിയൂണു വേണമെങ്കിൽ ചോറൂണിൻെറ നാളുകളും വേലിയിറക്കവും പൂരോരുട്ടാതിയും കാർത്തികയും കൊള്ളാം. ചിങ്ങവും വൃശ്ചികവും കുംഭവും വേലിയേററവും പിറന്നാൾ മൂന്നും ഊർദ്ധ്വമുഖികളും കൊള്ളരുതു്. കർത്തൃദോഷം വർജ്ജിക്കേണം. ഉൽക്കാദിദോഷം വർജ്ജിക്കിൽ നല്ല. ആഴ്ചയിൽ പുംസവനംപോലെ. പുളിയൂണു്.

ഇനി പേരിനു ചൊല്ലുന്നു. പന്ത്രണ്ടാംദിവസം പേരിടേണ്ടു പതിന്നാലാം ദിവസവുമാം. അപരാഹ്നം തുടങ്ങി അപരരാത്രം തുടങ്ങും മുമ്പെ എങ്കിലും പതിമൂന്നാം ദിവസമാകിലും ആവർത്തിക്കേണം. പന്ത്രണ്ടാം ദിവസവും പതിമൂന്നാം ദിവസവും രാത്രിയിൽ ചെയ്യാതെ ഇരിക്കേണം. ചെയ്തുപോകിൽ പതിമൂന്നാം ദിവസം ആവർത്തനമുണ്ടോ എന്നു സംശയമാകുന്നുതാനും. പതിമൂന്നാം ദിവസം മുഴുവൻ വർജ്ജിച്ചാൽ മതി എന്നൊരു പക്ഷം. പിന്നെ പത്താം ദിവസമിപ്പോൾ ആചാരമില്ല. എന്നിട്ടു് ഇവിടെ ഭാഷ എഴുതാത്തതു് എന്നറിക. ചിത്ര, ശാഖം പൂരം, പൂരാടം, പൂരോരുട്ടാതി, അശ്വതി, ആയില്യം, ഭരണി, കാർത്തിക, ഇവ പത്തും കൊണ്ടുപോകിൽ ആവർത്തിക്കേണം. മേടം, മകരം, തുലാം പന്ത്രണ്ടാമെടത്തു ഗ്രഹങ്ങളും അഷ്ടമത്തിൽ ചൊവ്വായും ബാലൻെറ പിറന്നാളും സൂര്യോദയവും ഇവ കൊള്ളരുതു്. കൊണ്ടുപോകിൽ പ്രായശ്ചിത്തം വേണം. രാശിമാറുകിൽ ആവർത്തിക്കേണം എന്നൊരു പക്ഷം. ചന്ദ്രോദയം പ്രായശ്ചിത്തം ചെയ്തുകൊൾക. രാത്രിയാകിൽ ഒന്നിനും ആഴ്ച വർജ്ജിക്കേണ്ടാ. ഇവിടെ പകലാകിലും ആപത്തിങ്കൽ ശനിയാഴ്ച കൊള്ളുന്നു. പക്കപ്പിറന്നാൾ രണ്ടും കൊള്ളാം. തൊണ്ണൂറുദിവസം കഴിയും മുമ്പെ പേരിടാതെ ഇരിക്കരുതു്. അതു കഴിഞ്ഞുപോകിൽ കാലാതിക്രമമാകും. പശുദാനം കാലാതിക്രമപ്രായശ്ചിത്തമാകുന്നതു്. സംവത്സരം തികയും മുമ്പെ വല്ല പ്രകാരവും കഴിക്കേണം. അവിടെയുമാവർത്തനവിഷയം വർജ്ജിക്ക. നാമകരണം.

പിന്നെ വയമ്പു കൊടുക്കേണമെങ്കിൽ ഊൺനാളും വേലിയേററവും ചോറൂണിൻെറ രാശികളും അപരാഹ്നം തുടങ്ങി അപരരാത്രത്തോളം അരുതു്. ചൊവ്വാഴ്ചയും ശനിയാഴ്ചയും വേണമെന്നില്ല. ബുധനാഴ്ചയും സാരസ്വതയോഗവും നന്നു്. ഉൽക്കാദികൾ ഇല്ലാകിൽ നല്ല. വിഷ്ടി ഗണ്ഡാന്തമരുതു്. അഷ്ടമരാശിക്കൂറും വേണ്ടാ. വയമ്പു്.

കണ്ണു എഴുതേണമെങ്കിൽ ഊൺനാളും കണ്ണുള്ളനാളും വേലിയേററവും വേണം. രിക്തകളും പാപവാരങ്ങളുമരുതു്. പിന്നെ ഉൽക്കാദി വയമ്പു പോലേ. ശുക്രദൃഷ്ടിയരുതു്. പാപദൃഷ്ടി വേണ്ടാ. ശുക്രോദയവും വേണ്ടാ, പിന്നെ അന്നന്നത്തെ നക്ഷത്രസംഖ്യയും വാരസംഖ്യയുംകൂട്ടി ഒമ്പതിൽ ഹരിച്ചാൽ ശിഷ്ടം നാലു് തികയോളം രണ്ടു കണ്ണു്. പിന്നെ ഏഴു തികയോളം ഒരു കണ്ണു്. പിന്നെ രണ്ടിനും കണ്ണില്ല. ഒരു കണ്ണായാൽ മദ്ധ്യമം. കണ്ണെഴുത്തു രാത്രിയിലും പകലും കൊള്ളാം. കണ്ണെഴുത്തു്.

പിന്നെ പാലവാഴക്ക കൊടുക്കേണ്ടിവരികിൽ ജനിച്ച നാളുതുടങ്ങി ഇരിപത്തെട്ടാംനാൾ കഴിഞ്ഞാൽ ചോറൂണിൻെറ മുഹൂർത്തം കണ്ടു കൊടുത്തുകൊൾക. മകവും പിറന്നാളും കൂടെ കൊള്ളാം. ആവശ്യത്തിങ്കൽ ഗൃഹസ്ഥിതി പുത്തരിപോലെ കണ്ടുകൊൾക. പാലാദി കൊടുപ്പാൻ.

ഇനി വാതിൽ പുറപ്പാടിനു ചൊല്ലുന്നു. സാവനംകൊണ്ടു നാലാം മാസം തുടങ്ങും മുമ്പെതാൻ നാലാം മാസം കഴിഞ്ഞാൽ ചോറൂണോടു വേർ

പെട്ടതാൻ ചെയ്കിൽ ആവൎത്തിക്കേണം. ഇതിന്നു ചോറൂൺപോലെ മുഹൂൎത്തം. ഹരിവാസരം കൊള്ളാമെന്നേ ഭേദമുള്ളു, വാതിൽ പുറപ്പാടു്.

ഇനി ചോറൂണിന്നു ചൊല്ലുന്നു. ചാന്ദ്രംകൊണ്ടു ആറാംമാസം തുടങ്ങും മുമ്പെതാൻ, സൌരംകൊണ്ടു ഏഴാംമാസം തുടങ്ങിയാൽ, ചാന്ദ്രംകൊണ്ടു എട്ടാംമാസം തുടങ്ങും മുമ്പെതാൻ ചോറു കൊടുക്കിൽ ആവൎത്തിക്കേണം. ഹരിവാസരം കൊണ്ടുപോകിൽ ആവൎത്തിച്ചു പാപക്ഷയം പ്രായശ്ചിത്തം ചെയ്ക. പിന്നെ യാതൊരു പക്കത്തിൽ എത്ര ചെന്നപ്പോൾ ജനനമെന്നറിഞ്ഞ ആ പക്കത്തിൽ അത്ര ചെല്ലുമ്പോൾ ഒരു ചന്ദ്രമാസം. ഇങ്ങിനെ അഞ്ചുമാസം കഴിഞ്ഞാൽ കാലം തുടങ്ങുമെന്നറിഞ്ഞു പിന്നെ മുഹൂൎത്തനേരത്തെ ആദിത്യസ്ഫുടത്തിൽ ജനനനേരത്തെ ആദിത്യസ്ഫുടം വാങ്ങിയാൽ ശിഷ്ടം ആറുരാശിയിൽ ഏറുകിൽ മുഹൂൎത്തം കൊള്ളരുതു്. ഇങ്ങിനെ കാലമറിഞ്ഞുകൊൾക.

ദേവകി കൊടുക്കാം രജകി കൊടുക്കരുതു്. എന്നൊരു ഭേദമുണ്ടു്. ഇതു ഏകദേശമൊക്കുംതാനും. തൃക്കേട്ട, തിരുവാതിര, ഭരണി, കാൎത്തിക, ആയില്യം, മകം, പൂരം, പൂരുരുട്ടാതി, ശാഖം, മൂലം, ഇവ പതിനൊന്നും കൊണ്ടുപോകിലാവൎത്തിക്കേണം. വാതിൽ പുറപ്പാടും ചോറൂണും ആദിത്യോദയം, ചന്ദ്രോദയം, അഷ്ടമത്തിൽ ചൊവ്വ, നാലാമെടത്തു വ്യാഴം, ഒമ്പതാമെടത്തു ബുധശുക്രന്മാരു്, പത്താമെടത്തു ഗ്രഹങ്ങൾ എല്ലാവരും, വിഷദ്രേക്കാണം, പിറന്നാൾ ഇവ എട്ടും കൊണ്ടുപോകിൽ പ്രായശ്ചിത്തം ചെയ്ക. മേടം, വൃശ്ചികം, മീനം, അൎദ്ധരാത്രിക്കു രണ്ടു നാഴിക, ഉദിക്കുംമുമ്പെ ആറു നാഴിക, ഇവ അരുതു്. കൊണ്ടുപോകിൽ ആവൎത്തിക്കേണമെന്നൊരു പക്ഷം. പ്രായശ്ചിത്തം മതി എന്നൊരു പക്ഷം. അഷ്ടമത്തിലും ഒമ്പതാമെടത്തു് ആദിത്യൻ കൊള്ളരുതു്. ആവശ്യത്തിങ്കൽ ഒമ്പതാമെടത്തു ആദിത്യനെ പ്രായശ്ചിത്തം ചെയ്തു കൊണ്ടുകൊൾക. ഏകാദശി നോല്ക്കുന്ന ദിവസം അരുതു്. ഇതു മദ്ധ്യമമായി ആവശ്യത്തിങ്കൽ കൊള്ളുന്നു. സംവത്സരം കഴിഞ്ഞുപോകിൽ കാലാതിക്രമപ്രായശ്ചിത്തം. പശുദാനം ചെയ്യേണം. ആഴ്ച ഒക്ക കൊള്ളാം. പക്കപ്പിറന്നാൾ രണ്ടും കൊള്ളാം.

പാഠാത്രികടകരോഗപഥ്യാരാത്രി: ഇതുകൊണ്ടു് വിഷദ്രേക്കാണം അറിഞ്ഞുകൊൾക. വാതിൽ പുറപ്പാടിന്നു വിഷദ്രേക്കാണമരുതു്. അത്യാപത്തിൽ ആദിത്യോദയം, ചന്ദ്രോദയം, നാലാമെടത്തു് വ്യാഴം, പത്താമെടത്തു് ശുഭന്മാർ, ഒമ്പതാമെടത്തു് ബുധചന്ദ്രന്മാർ ഇവ പ്രായശ്ചിത്തം ചെയ്തുകൊള്ളേണ്ടിവരുമോ എന്നു് സംശയമുണ്ടു്. അവിടെ ആദിത്യോദയത്തിന്നു് ദോഷമേറും. പിന്നെ ക്രമത്താലെ ദോഷം കുറയുമെന്നറിക. സമ്മതം വരികിലെ ഇവ കൊള്ളാവൂതാനും. പിന്നെ

ചോറൂണോടുകൂടെ വാതിൽപുറപ്പാടാകിൽ രണ്ടിന്നും രാശി ഒന്നായിരിക്കേണം. ചോറൂണു്. പുത്തരിക്കു് ചോറൂൺപോലെ മുഹൂൎത്തം. അവിടെ പിറന്നാളും മകം, മൂലം, ശാഖം, ഇവ മൂന്നും ആറാമെടത്തും പന്ത്രണ്ടാമെടത്തും ചന്ദ്രനും അഷ്ടമത്തിൽ ചൊവ്വയല്ലാത്ത ഗ്രഹസ്ഥിതിയും കൊള്ളാം. പുത്തരി.

ഇനി ആഗ്രയണത്തിന്നു ചൊല്ലുന്നു. അതിന്നു് പുത്തരിപോലെ മുഹൂൎത്തം. അവിടെ ശ്രാവണമാസം തുടങ്ങി നാലു മാസം വിധിച്ചുകിടക്കുന്നു. വിധിപരം വൎജ്ജിക്കുമാറില്ലതാനും. അപരപക്ഷവും രാത്രിയും പാട്ടുരാശിയും മലമാസങ്ങൾ ഒക്കെയുമരുതു്. ഇവ കൊണ്ടുപോകിൽ ആവൎത്തിക്കേണം. മൈത്രധ്രുവാദി മൂന്നും കൊള്ളാം. കാൎത്തിക തുടങ്ങി പതിനാലുനാളെ കൊള്ളാവൂ. അതു മാറുകിലുമാവൎത്തിക്കേണം. വെളുത്തവാവു് വിഷ്ടി കഴിഞ്ഞാൽ ഉള്ളതും കറുത്തപ്രതിപദത്തിന്റെ മൂന്നുകാൽ പൌൎണ്ണമാസി സ്ഥാലീപാകത്തിന്റെ പിറന്നാളല്ലാതെ വരികിലും വെളുത്ത പ്രതിപദം സ്ഥാലീപാകം കഴിഞ്ഞാലും കൊള്ളാം. അപ്പോൾ സ്ഥാലീപാകദിവസം രണ്ടും കൊള്ളാമെന്നു് വന്നു. സ്ഥാലീപാകദിവസത്തിന്നാളാകിലും വെളുത്തവാവുന്നാളാകിലും നാളൊക്കക്കൊള്ളാം. അവിടെ പൌൎണ്ണമാസിനാളാകിലും ആഗ്രയണം കഴിഞ്ഞേ സ്ഥാലീപാകമാവാവൂ. അന്നുതന്നെ ചെയ്കയും വേണം. ദശദിവസമാകിൽ സ്ഥാലീപാകം മുമ്പെ ചെയ്യേണം. ഇവററിൽ ഒന്നു മാറുകിൽ ആവൎത്തിക്കേണം. വൃശ്ചികം കൊള്ളാം. മീനവും മേടവും കൊണ്ടുപോകിൽ ആവൎത്തിക്കേണ്ടതാനും. രിക്താഷ്ടമിവിഷ്ടികൾ വൎജ്ജിക്കേണം. മററുള്ള ദോഷങ്ങളും ഇരിവരുടേയും അഷ്ടാശീത്യാദികളും വൎജ്ജിക്കിൽ നല്ലു. വൎജ്ജിക്കാതെയും ചെയ്യുന്നു. ആഗ്രയണം.

ഇനി ചൌളത്തിന്നു ചൊല്ലുന്നു. ജനനം തുടങ്ങി സാവനംകൊണ്ടുതാൻ സൌരംകൊണ്ടുതാൻ മൂന്നാം സംവത്സരത്തിൽ താൻ അഞ്ചാം സംവത്സരത്തിൽതാൻ ചൌളം ചെയ്യേണ്ടു. നാലിലുമാറിലുമാകിലാവൎത്തിക്കേണം. ദക്ഷിണായനവും കൃഷ്ണപക്ഷവും രാത്രിയിലും ചോറൂണിന്നു് അരുതാത്ത നാളുകളും അനിഴവും പ്രതിപദവും അരുതു്. ഇവ കൊണ്ടുപോകിൽ ആവൎത്തിക്കേണം. വൃശ്ചികം, ചിങ്ങം, കുംഭം ഇവ കൊണ്ടുപോകിൽ ആവൎത്തിക്കേണമെന്നൊരു പക്ഷം. ചൊവ്വാഴ്ചയും ശനിയാഴ്ചയും ഒമ്പതാമെടത്തു് പാപികളും അഷ്ടമത്തിൽ ചൊവ്വായും ചന്ദ്രോദയവും പിറന്നാൾ മൂന്നും അരുതു്. ഇവ ആറും കൊണ്ടുപോകിൽ പ്രായശ്ചിത്തം ചെയ്ക. ഞായറാഴ്ച മദ്ധ്യമം. ആദിത്യോദയം ബ്രാഹ്മണന്നു് ശുഭം എന്നറിക. എന്നിട്ടു് പ്രായശ്ചിത്തം വേണ്ടാ. ആവശ്യ

ത്തിങ്കൽ ചന്ദ്രോദയവും പ്രായശ്ചിത്തം ചെയ്തുകൊള്ളുന്നു. കന്യാചൌളത്തിന്നു് ചന്ദ്രോദയം ശുഭമെന്നറിക. ജന്മമാസമരുതു്. പിറന്നാളും ജനിച്ച തിയ്യതിയും കഴിഞ്ഞാൽ പ്രായശ്ചിത്തം ചെയ്തുകൊണ്ടുകൊൾക. ആവശ്യത്തിങ്കൽ സഹചൌളത്തിന്നു് ജന്മമാസം കൊള്ളുന്നു. പിന്നെ സഹചൌളമാകിൽ ചൌളത്തിന്നും ഉപനയനത്തിന്നും രാശി ഒന്നായിരിക്കേണം. മുഹൂർത്തം രണ്ടിനും കൊള്ളുമാറായിരിക്കേണം. ആവശ്യത്തിങ്കൽ ഉപനയനമുഹൂർത്തം കൊള്ളുന്നു. അപ്പോൾ ഉപനയനത്തിന്നു് കൊള്ളരുതാത്ത മുഹൂർത്തം കൊണ്ടുപോകിൽ ആവർത്തിക്കേണമെന്നു വന്നു. സഹചൌളം പൂർവ്വന്മാര് ആചരിച്ചുപോരുന്നേടത്തേ വേണ്ടു: മറ്റുള്ളേടത്തു് ആചാരമില്ലെന്നറിക. ഷഷ്ഠിയും വെളുത്തവാവും സഹചൌളത്തിന്നു മദ്ധ്യമം എന്നൊരു പക്ഷം. പകൽ അപരാഹ്നത്തിന്നു് മുമ്പെ വേണം ചൌളം. ഒടുക്കത്തെ പത്തു അരുതെന്നു് നിശ്ചയം കൊണ്ടുപോകിൽ ആവർത്തിക്കുമാറില്ലതാനും. ഉപനയനം കഴിഞ്ഞാൽ പിന്നേയുള്ള ക്ഷൌരങ്ങൾക്കു് ഉപനയനനാളു് വർജ്ജിക്കേണം. പിന്നെ അമ്മയ്ക്കു് ഗർഭമുള്ളപ്പോൾ ചൌളമരുതു്. ചൌളം.

നിത്യക്ഷൌരത്തിന്നു് ചൊവ്വാഴ്ചയും ശനിയാഴ്ചയും കൃഷ്ണപക്ഷത്തിൽ തിങ്കളാഴ്ചയും വിഷ്ടിയും ഗണ്ഡാന്തവും ചോറൂണിന്നു് കൊള്ളരുതാത്ത നാളുകളും അനിഴവും രിക്താഷ്ടമി വിഷ്ടികളും വാവുകളും മൂന്നഞ്ചേഴാന്നാളുകളും അഷ്ടമരാശിയും ക്രൂരം ഉപനിച്ച നാളും ഉച്ചതിരിഞ്ഞാലും രാത്രിയും ജന്മമാസവും അഷ്ടകാകാലവും ഉഷ്ണവിഷങ്ങളും കൊള്ളുമാറാചാരമില്ല. പിന്നെ നൈമിത്തിക ക്ഷൌരത്തിന്നു് ദിവസം നിരൂപിക്കേണ്ട. ശാപമുള്ളപ്പോളത്തെ ക്ഷൌരത്തിന്നു് വെള്ളിയാഴ്ച വർജ്ജിക്കേണം. കന്നി, കർക്കിടകം, ധനു, കുംഭം ഇവ നാലു തിങ്ങളും കൊള്ളുമാറാചാരമില്ല. ക്ഷൌരം.

എണ്ണ തേപ്പാൻ രാത്രിയും ഞായറാഴ്ചയും ചൊവ്വാഴ്ചയും വ്യാഴാഴ്ചയും വെള്ളിയാഴ്ചയും പ്രതിപദം ഷഷ്ഠി, അഷ്ടമി, ദ്വാദശി, പതിന്നാലു്, വാവു് ഇവ പന്ത്രണ്ടു പക്കങ്ങളും പിറന്നാൾ മൂന്നും തൃക്കേട്ട, ഉത്രം, തിരുവാതിര, തിരുവോണം, ഇവ നാളുകളും സംക്രാന്ത്യാദി പുണ്യകാലങ്ങളും കൊള്ളരുതു്. രോഗിക്കും ബാലനും വൃദ്ധനും ഒന്നും വർജ്ജിക്കേണ്ടാ. എണ്ണ.

പിറന്നാളും മൂന്നഞ്ചേഴാം നാളുകളും അഷ്ടമിരാശിക്രൂരം നവമി, പ്രതിപദം, പതിന്നാലു്, വാവു് ഷഷ്ഠി ഇവ പത്തു പക്കങ്ങളും നല്ലു. തേപ്പാൻ കൊള്ളരുതു് എന്നൊരുപക്ഷം. പല്ലു തേക്ക.

ഇനി എഴുത്തു തുടങ്ങുവാൻ: സംവത്സരം ചൌളംപോലെ. തിരുവാതിരയും ഊൺനാളുകളും നവമിയും അന്നും പിറ്റെന്നാളും സ്വാദ്ധ്യാ

യമായിരിക്കേണം. പിന്നെ അപരരാത്രമല്ലാത്ത രാത്രിയും വിധിച്ച നാളല്ലാത്ത നാളുകളും, അനദ്ധ്യായവും വിധിപരവും ആനാരംഭം ചെയ്യാതുപോകിലും ആവർത്തിക്കേണം. സ്ഥിരരാശികളും മീനവും ബുധൻ പാട്ടും കൊണ്ടുപോകിലാവർത്തിക്കേണമെന്നൊരു പക്ഷം. പ്രായശ്ചിത്തം മതി എന്നുമുണ്ടു്. അഷ്ടമത്തിൽ ചൊവ്വയും രണ്ടാമെടത്തും അഞ്ചാമെടത്തും മന്ദരാഹുക്കളും ചൊവ്വാഴ്ചയും ശനിയാഴ്ചയും പിറന്നാളും കൊണ്ടുപോകിൽ പ്രായശ്ചിത്തം ചെയ്കിൽ നന്നു്. തിങ്കളാഴ്ചയും ലഗ്നരണ്ടിലാദിത്യനേയും ആവശ്യത്തിങ്കൽകൊള്ളുന്നു. പിന്നെ പകൽ മൂന്നാമെടത്തു് വേണ്ടാ. ഗുരുശുക്രന്മാരുടെ പാട്ടും അരുതു്. രണ്ടാമെടത്തു് പാപിയെ അത്യാപത്തിങ്കൽ പ്രായശ്ചിത്തം ചെയ്തുകൊള്ളേണ്ടിവരും. ഉപനയനത്തിന്നുമുമ്പെ എഴുത്തു തുടങ്ങേണം. എന്നിട്ടു് ഇവിടേയും വലുതായി ഒരു അധർമ്മം അകപ്പെട്ടിട്ടുണ്ടു് മലയാളത്തിൽ. ആയതു് ശൌചാചമനദേഹശുദ്ധിയും പതിവ്രത പുത്രപൌത്രത്വമാകുന്ന വംശശുദ്ധിയും ഷോഡശസംസ്കാരവും വേദവേദാംഗാധികാരവും ഇത്യാദികൾ ഒന്നും ഇല്ലാതെ ഇരിക്കുന്ന അപശൂദ്രാദ്ധ്യയനത്തിങ്കലും ജ്യോതിർവ്യാകരണാദി വേദാംഗാദ്ധ്യയനത്തിങ്കലും ഗുരുശിഷ്യത്വമംഗീകരിക്കുന്നു. അതു സകല ശ്രുതിസ്മൃതിസദാചാരവിരുദ്ധമാകയാൽ വലുതായ ഒരു അധർമ്മമാകുന്നതു് എന്നു് സജ്ജനങ്ങൾ അറിഞ്ഞു് അതിനെ ആചരിക്കാതെ ഇരിക്കേണം. അവരെ ഗുരുത്വമംഗീകരിക്കുന്നതും അവർക്കു് വേദാംഗശാസ്ത്രങ്ങളെ ഉപദേശിക്കുന്നതും ധർമ്മമല്ല എന്നു് ശങ്കയുണ്ടെങ്കിൽ മത്സരാദികൾ ഇല്ലാതെ വേദശാസ്ത്രത്തെ അറിഞ്ഞിരിക്കുന്ന സജ്ജനങ്ങളുമായി വിചാരിച്ചാലും ശാസ്ത്രങ്ങൾ വിചാരിച്ചാലും അറിയാമെന്നാൽ ഈ അധർമ്മത്തെ നീക്കിക്കൊള്ളേണം. വിദ്യാരംഭം.

അനദ്ധ്യായത്തെ ചൊല്ലുന്നു. അഷ്ടമിയും പതിന്നാലും അസ്തമനത്തിന്നുതട്ടുന്ന ദിവസവും അവ രണ്ടുമുള്ള നേരവും വാവും പ്രതിപദവും പ്രദോഷത്തുന്നാൾ നിറുത്തിയാലും പിറ്റെന്നാളത്തെ ത്രയോദശിയും നിറുത്തുന്ന ദിവസത്തിന്റെ നാലു ദിവസവും സപ്തമി നാലാംകാലും മഹാനവമിയും നട്ടുപ്പത്തിന്നുതാൻ മദ്ധ്യാഹ്നത്തിന്നുതാൻ ഉച്ചക്കുതാൻ അഷ്ടമിയും പ്രതിപദവും തട്ടുന്ന ദിവസവും എഴുത്തിന്നു് അനദ്ധ്യായം. നട്ടുപത്തിന്നു് തട്ടിയാൽ അനദ്ധ്യായം എന്നുള്ള പക്ഷത്തിലും മദ്ധ്യാഹ്നത്തിന്നു് തട്ടിയാൽ എന്നുള്ള പക്ഷത്തിലും, എഴുത്തിന്നു് ഉച്ചക്കു് തട്ടുകിലേ അനദ്ധ്യായമാവൂ എന്നൊരുപക്ഷമവിടെ താന്താന്റെ പക്ഷം വേണം ആചരിപ്പാനെന്നറിക. അനദ്ധ്യായം.

ഇനി സാരസ്വതയോഗത്തെ ചൊല്ലുന്നു. അത്തത്തിന്റെ മൂന്നാം കാല്പം ആദിത്യൻ, ചന്ദ്രൻ, ബുധൻ എന്നിവര് ഒരുത്തര് നില്ക്കുമ്പോൾ ആ നില്ക്കുന്നവരുരെ ആഴ്ച നാളത്തെ കന്നിരാശിക്ക് സാരസ്വതയോഗമുണ്ടു്. പന്ത്രണ്ടാമെടത്തുതാൻ ഉദയം രണ്ടിൽതാൻ ശുക്രൻ നില്ക്കുന്ന കന്നിരാശിക്ക് ചിങ്ങമാസത്തിൽ സാരസ്വതയോഗമുണ്ടു്. മേടമാസം പത്താം തിയ്യതിമേൽതാൻ മേടമാസത്തിൽ മേടക്കാലിന്മേൽതാൻ ആദിത്യൻ വരുമ്പോൾ മീനത്തിൽ ശുക്രനും മേടമെടവത്തിൽ ബുധനുമായി വരികിൽ മേടംരാശിക്ക് സാരസ്വതയോഗമുണ്ടു്. ഇനിയും ചിലതുണ്ടു്. സാരസ്വതയോഗംകൊണ്ടു് വിദ്യാരംഭമാകിൽ അനദ്ധ്യായം വർജ്ജിച്ചാലും മതി. മറെറാന്നും വർജ്ജിക്കേണ്ട. സാരസ്വതയോഗം.

ആശ്വിനമാസത്തിൽ വെളുത്ത നവമിദിവസം മദ്ധ്യത്തിങ്കൽ ഉള്ള ദിവസവും രണ്ടു ദിവസമുണ്ടാകിൽ രണ്ടു ദിവസവും മഹാനവമി ആകുന്നതു്. രണ്ടു ദിവസവുമില്ലെങ്കിൽ പിററന്നാളാകുന്നു. മഹാനവമിയുടെ പിററന്നാൾ വിജയദശമി. മഹാനവമിടെ മൂന്നാം ദിവസം ആറു നാഴിക ദശമിയുണ്ടെങ്കിൽ അന്നു വിജയദശമി. വിജയദശമി വിദ്യാരംഭത്തിന്നു് കൊള്ളാം. മുഹൂർത്തമില്ലാതെപോകിൽ വിജയദശമിനാൾ എഴുത്തു് തുടങ്ങുകയും ഓത്തു് തുടങ്ങുകയും ആചാരമുണ്ടെന്നറിക. വിജയദശമി.

വിദ്യാരംഭം കഴിഞ്ഞാൽ പിററന്നാൾ അന്വാരംഭം ചെയ്യേണം. അവിടെ പ്രാതസ്സ്നാനമല്ലോ എല്ലാ കർമ്മങ്ങൾക്കും ആദിഭൂതമാകുന്നതു്. അതുകൊണ്ടു് പ്രാതസ്സ്നാനം കഴിഞ്ഞാൽ കർമ്മംകൊണ്ടു് പിന്നത്തെ ദിവസമായി, ആദിത്യോദയം കഴിഞ്ഞേ കാലംകൊണ്ടു് പിന്നത്തെ ദിവസമാവൂ എന്നറിക. എന്നാൽ അപരരാത്രം തുടങ്ങിയാൽ പ്രാതസ്സ്നാനം ചെയ്തു വിദ്യാരംഭം ചെയ്കിൽ പിറെറന്നാൾ അപരരാത്രം തുടങ്ങിയാൽ കുളിച്ചു് അന്വാരംഭം ചെയ്യേണ്ടു. കാലംകൊണ്ടും കർമ്മംകൊണ്ടും പിന്നത്തെ ദിവസമായിയല്ലോ. എന്നിട്ടു് അപരരാത്രത്തിങ്കൽ ആരംഭിച്ചാൽ ഉദിച്ചിട്ടു അന്വാരംഭം ചെയ്കിലുമാം. കാലംകൊണ്ടു പിന്നത്തെ ദിവസമായിയല്ലോ. എന്നിട്ടു പിന്നെ പകൽ വിദ്യാരംഭത്തിൽ പിററന്നാൾ ഉദിച്ചിട്ടു് അപരരാത്രം തുടങ്ങുന്നതിന്റെ മുമ്പെ അന്വാരംഭം ചെയ്യേണ്ടു. കാലംകൊണ്ടും കർമ്മംകൊണ്ടും പിന്നത്തെ ദിവസമായിയല്ലോ. എന്നിട്ടു് കാലംകൊണ്ടുതാൻ കർമ്മംകൊണ്ടുതാൻ മൂന്നാംദിവസമാകുംമുമ്പെ അന്വാരംഭം ചെയ്യാതുപോകിൽ ആവർത്തിക്കേണമെന്നറിക. അന്വാരംഭം.

കാതു കുത്തുവാൻ. മുവ്വാണ്ടുതുടങ്ങിയുള്ള ഒററാണ്ടുകളിൽ കാതു കുത്തി ഞായം. ഷൾദോഷം വർജ്ജിക്കുന്നു. രാത്രിയും കൊള്ളുമാറില്ല. അപരരാത്രം കൊള്ളുമെന്നൊരുപക്ഷം. എരവതി, ഉത്രം. ഉത്രാടം, ഉത്തിരട്ടാതി, തിരുവാതിര. പുണർതം, പൂയ്യം, തിരുവോണം, അവിട്ടം, അത്തം, മകയിരം, ചിത്ര ഇവ പന്ത്രണ്ടും കൊള്ളാം. കുംഭം, ചിങ്ങം, വൃശ്ചികം ഇവ മൂന്നും പിറന്നാൾ മൂന്നും അഷ്ടമത്തിൽ ചൊവ്വായും നാളിന്റെതാൻ പക്കത്തിന്റെതാൻ സന്ധിവരുന്ന രാശിയാകിൽ സന്ധിക്കു മുമ്പേയും അരുതു്. വ്രതം കൊള്ളുംമുമ്പെ കാതു കുത്തേണം. പെണ്ണിനു് കൊടുക്കുംമുമ്പെ വേണം. ഇതു ആവർത്തിക്കുമാറില്ല. യോഗംകൊണ്ടു് കാതു കുത്തുകിൽ പാപോദയവും പാപദൃഷ്ടിയും ശുക്രദൃഷ്ടിയും പിറന്നാൾ മൂന്നും കർത്തൃദോഷങ്ങളും ഷൾദോഷങ്ങളും സായാഹ്നവും സന്ധ്യയും രാത്രി ഇരുക്രൂരും വർജ്ജിച്ചാൽ മതി.

ഇനി യോഗത്തെ ചൊല്ലുന്നു. വ്യാഴം നില്ക്കുന്ന രാശിയുടെ രണ്ടാമെടത്തും പന്ത്രാണ്ടാമെടത്തും ശുഭഗ്രഹം നില്ക്കുമ്പോൾ വ്യാഴം നില്ക്കുന്നരാശിക്ക് യോഗമുണ്ടു്. മൂന്നാമെടത്തും പതിനൊന്നാമെടത്തും ശുഭനുണ്ടാകിലുമുണ്ടു്. നാലിലും പത്തിലുമാകിലുമുണ്ടു്. അഞ്ചിലുമൊമ്പതിലുമുണ്ടു്. ഇങ്ങിനെ വ്യാഴം നില്ക്കുന്ന രാശിക്ക് നാലുപ്രകാരം യോഗമുണ്ടു്. പിന്നെ മീനത്തിൽ ശുക്രൻ നില്ക്കുമ്പോൾ രണ്ടുപന്ത്രണ്ടിൽതാൻ മൂന്നുപതിനൊന്നിൽതാൻ നാലുപത്തിൽതാൻ അഞ്ചുഒമ്പതിൽതാൻ ശുഭന്മാരുണ്ടെങ്കിൽ മീനത്തിന്നുയോഗമുണ്ടു്. വ്യാഴത്തിന്റെ ഉപചയത്തിൽ ചന്ദ്രൻ, ചന്ദ്രന്റെ ഉപചയത്തിൽ ശുക്രൻ, ശുക്രന്റെ ഉപചയത്തിൽ വ്യാഴം ഇങ്ങിനെ വരുമ്പോൾ വ്യാഴം നില്ക്കുന്ന രാശിക്ക് യോഗമുണ്ടു്. പിന്നെ മൂന്നാറു്പത്തു പതിനൊന്നു ഉപചയമാകുന്നതു്. പിന്നെ തിരുവോണം, അശ്വതി, ചിത്ര, മകയിരം, എരവതി, പൂയം, ആറിൽ ഒന്നായിരിക്കുന്ന ശുഭോദയവും പതിനൊന്നാമെടത്തു് വ്യാഴവും മൂന്നാമെടത്തു് ഒരു ഗ്രഹവും ഇല്ലാതെയും വരുമ്പോളും യോഗമുണ്ടു്. ഇങ്ങിനെ കുണ്ഡലയോഗം. ഒട്ടക്കത്തെ യോഗമാകിൽ സ്ഥിരകരണങ്ങൾക്കൂടെ വർജ്ജിക്കേണം. വിദ്യാരംഭവും കാതു കുത്തുകയും അല്ലാത്തവ ഒന്നും യോഗംകൊണ്ടു് ചെയ്യുമാറില്ല. യോഗം.

പിന്നെ ദത്തിന്റെ മുഹൂർത്തം. വേളിശ്ലേഷത്തിന്റെ നാളുകൾ വേണ്ടുവതു്. രാശികൾ ഒക്കകൊള്ളാം. ഇതു രാവും പകലുമാം. അഷ്ടത്തിൽ ചൊവ്വ കൊള്ളാമോ എന്നു് സംശയം ആകുന്നു. ആഴ്ച ഒക്കവെ കൊള്ളുന്നു. ആവശ്യത്തിങ്കൽ സംഹസ്പൃത്യാദി ദോഷങ്ങളും കൊണ്ടു കാണ്മാനുണ്ടു്. അല്ലാകിൽ വേണ്ടാതാനും, പിന്നെ പുത്രന്റെ അഷ്ടാ

ശീതിതമാംശകാദി ദോഷങ്ങളും വർജ്ജിക്കേണം. ദത്ത് കൊള്ളുന്ന മാതാപിതാക്കന്മാരുടെ അഷ്ടാശീതിതമാംശകാദി ദോഷങ്ങളേയും വർജ്ജിക്കയത്രേ വേണ്ടുവതു. കൊടുക്കുന്ന മാതാപിതാക്കന്മാരുടെ അഷ്ടാശീതിതമാംശകാദി വർജ്ജിക്കിലുമാം. പിന്നെ ദത്തിന്നു വേളിയുടെ മുഹൂർത്തമെന്ന് ചിലർ. ഉപനയനത്തിന്റെ മുഹൂർത്തമെന്ന് ചിലർ. ഏതാനുമൊന്നിന്റെ മുഹൂർത്തം പോരയോ എന്ന് സംശയമുണ്ട്. ദത്ത്.

ഇനി ഉപനയനത്തിന്ന് ചൊല്ലുന്നു. അവിടെ സാവനംകൊണ്ടും സൌരംകൊണ്ടും കാലം നിരൂപിക്കേണ്ടു. പിന്നെ ജനനം തുടങ്ങി അഞ്ചാം വയസ്സിന്റെ മുമ്പെതാൻ, ആറു തുടങ്ങിയാൽ ഗർഭസപ്തമത്തിന്റെ മുമ്പെതാൻ ഉപനിക്കിൽ ആവർത്തിക്കേണം. ഗർഭാഷ്ടമം തുടങ്ങി ജന്മാഷ്ടമം കഴിയോളം മുഖ്യകാലമാകുന്നതു്. പിന്നെ ജന്മകാലം തുടങ്ങി പതിനാലു തുടങ്ങുവോളം മദ്ധ്യകാലം. പതിനാലാം വയസ്സ് അധമം. പതിനാറാം വയസ്സുകഴിഞ്ഞുപോകിൽ പതിതനായിപോകും. പംക്തിഭോജനം, വേദാധികാരം ഇവ ഇല്ലാതെ പോകുമെന്നറിക. എന്നാലും പതിനാറാം വയസ്സു കഴികിൽ ഉപനിക്കേണം. പിന്നെ ക്ഷത്രിയന്ന് പതിനൊന്നിൽ വേണ്ടു. വൈശ്യന്ന് പന്ത്രണ്ടിൽ വേണ്ടു. അവർക്കുമതു് എരട്ടിച്ചാൽ പതിതത്വമുണ്ടു്. പിതൃവംശമായ ക്ഷത്രിയരും വൈശ്യരും മലയാളത്തിലില്ല. അനദ്ധ്യായവും രാത്രിയും ദക്ഷിണായനവും കൃഷ്ണപക്ഷവും ചോറൂണിന്ന് അരുതാത്ത നാളുകളും കൊണ്ടുപോകിൽ ആവർത്തിക്കേണം. പിന്നെ ഒമ്പതാമെടത്തു് ആദിത്യനേയും രാഹുവിനേയും ചൊവ്വയേയും അഷ്ടമത്തിൽ ശുക്രനെ അല്ലാത്തവരേയും പിന്നെ ക്രൂറിന്റെ അഷ്ടമത്തിൽ ശുക്രനല്ലാത്തവര് നിൽക്കും കാലവും മൂന്നാമെടത്തു് വ്യാഴം നിൽക്കും കാലവും ഉപനിക്കുന്ന ആചാര്യന്റെ അഷ്ടമരാശിയും അഷ്ടമരാശിക്കൂറും ബാലന്റെ പിറന്നാളും ചൊവ്വാഴ്ചയും കൊള്ളരുത്. കൊണ്ടുപോകിൽ ഗ്രഹശാന്തി ചെയ്യേണം. ഒമ്പതാൾക്കു് അതതു ദാനം ചെയ്താൽ മതി. ആചാര്യരന്ധ്രത്തിന്നും ചൊവ്വാഴ്ചക്കു് ഗ്രഹശാന്തി വേണമെന്നില്ല. പശുദ്ദാനം ചെയ്താൽ മതി. മേടം മദ്ധ്യമം. പിന്നെ അനദ്ധ്യായമല്ലെന്നു വരികിൽ വെളുത്ത പ്രതിപദം മദ്ധ്യമമെന്നൊരു പക്ഷം. ഇവിടെ അക്ഷരാരംഭത്തിങ്കലെ പോലെ അനദ്ധ്യായം എന്ന് ചിലർ. വേദാരംഭത്തിങ്കലെപോലെ എന്ന് ചിലർ. എന്നാൽ സജ്ജനങ്ങളോടു വിചാരിച്ചു കല്പിക്കേണമെന്നറിക. ആവശ്യത്തിങ്കൽ ശനിയാഴ്ച കൊള്ളുന്നു. ആദിത്യോദയം പ്രായശ്ചിത്തം ചെയ്തു കണ്ടു കൊൾക. അപരാഹ്നമരുതു്. ജന്മവ്യാഴവും ആറാം വ്യാഴവും പന്ത്രണ്ടാം വ്യാഴവും നാലാം വ്യാഴവും വർജ്ജിക്ക നല്ലൂ. അതിൽ പന്ത്രണ്ടാം വ്യാഴവും നാലാം വ്യാഴവും പ്രായശ്ചിത്തം ചെയ്തുകൊള്ളുന്നു.

ആറാം വ്യാഴത്തിന്ന് ഗ്രഹശാന്തി ചെയ്ക വേണ്ടുവതു്. ജന്മവ്യാഴത്തിന്ന് ഗ്രഹശാന്തി ചെയ്യാതെ ഇരിയ്ക്കരുതു്. ഇവ നാലിന്നും ഗ്രഹശാന്തി ചെയ്കിൽ നന്നു. അത്രയുമല്ല ഉപനയനമാകുന്നതു് ഏററവും പ്രധാനമാകുന്നവല്ലൊ. എന്നാൽ ശക്തിയുണ്ടെന്നുവരികിൽ സർവ്വപ്രായശ്ചിത്തമായി ഒരു ഗ്രഹശാന്തിയും തൽക്കാലത്തിങ്കൽ മൂന്നു പശുദ്ദാനവും ചെയ്യേണം. അശക്തനാകിൽ ഇവ ഒന്നും വേണമെന്നില്ലതാനും. പിന്നെ പത്തു വയസ്സുതികയുംമുമ്പെ ഗ്രഹപ്പിഴ നീങ്ങിയില്ലെന്നുവരികിൽ അഞ്ചു വയസ്സിൽ ഗ്രഹപ്പിഴ ഇല്ലായ്കിൽ അന്നു ഉപനിയാതെ ഇരിക്കരുതു്. അഞ്ചാം വയസ്സിലും ഗർഭാഷ്ടമം തുടങ്ങി ഗർഭത്രയോദശം കഴിവോളം ഗ്രഹപ്പിഴയാകിൽ മുഖ്യകാലത്തെ ശക്തിക്കു തക്കവണ്ണം പ്രായശ്ചിത്തം ചെയ്തു ഉപനിക്ക. ഗ്രഹപ്പിഴ ഇല്ലാത്ത ചതുർദ്ദശത്തേക്കാൾ പ്രായശ്ചിത്തം ചെയ്തു് മുഖ്യകാലം നല്ലൂ എന്നറിക. ഇങ്ങിനെ ബലാബലവും കാലദേശാവസ്ഥയും വിചാരിച്ചു മുഹൂർത്തം വിധിച്ചു കൊള്ളൂ. അങ്ങിനെ പതിനഞ്ചാം വയസ്സിലും പതിനാറാം വയസ്സിലും ആവർത്തിക്കേണ്ടുന്ന ദോഷങ്ങൾ വർജ്ജിച്ചാൽ മതി. പതിന്നാലുമങ്ങിനെ തന്നെ. പതിനഞ്ചാം വയസ്സിനേക്കാൾ ഗ്രഹപ്പിഴയുള്ള പതിനാലാം വയസ്സു നല്ലൂ. പതിമൂന്നാം വയസ്സിനേക്കാൾ ഗ്രഹപ്പിഴയുള്ള മുഖ്യകാലം നല്ലൂ. ഗ്രഹപ്പിഴയുള്ള എട്ടാം വയസ്സിനേക്കാൾ ഗ്രഹപ്പിഴയില്ലാത്ത പന്ത്രണ്ടാം വയസ്സു നല്ലൂ. അപ്പോൾ ഗർഭാഷ്ടമം പന്ത്രണ്ടുകഴിയും മുമ്പെ ഗ്രഹപ്പിഴ നീങ്ങുമെങ്കിൽ അന്നു നീങ്ങിയാൽ ഉപനിക്ക. നീങ്ങുക ഇല്ലെന്നു വരികിൽ ഗ്രഹശാന്ത്യാദികൾ ശക്തിക്കുതക്കവണ്ണം ചെയ്തു ഉപനിക്ക. എന്നിങ്ങിനെ ആചാരം മുഖ്യകാലം. ജന്മാഷ്ടമത്തിൽ ബുധന്നു പ്രായശ്ചിത്തം മതി എന്നൊരു പക്ഷം. ആപത്തിങ്കൽ പ്രായശ്ചിത്തം ചെയ്തു കൊള്ളാമെന്നൊരുപക്ഷം. ഒമ്പതാമെടത്തു് ശനിക്കും ലഗ്നത്തിൽ ചന്ദ്രന്നും പ്രായശ്ചിത്തം വേണം. പിന്നെ മുഹൂർത്തം. ചന്ദ്രന്റെ അഷ്ടമത്തിലും ലഗ്നാഷ്ടമത്തിലും പാപികൾക്കു ഗ്രഹശാന്തി നന്നു്. പിന്നെ പൂണുലിടുവാനും ഗായത്ര്യുപദേശത്തിന്നും രാശി ഒന്നായിരിക്കണം. പിന്നെ പുനരുപനയനത്തിന്ന് മുഹൂർത്തം വേണ്ടതാനും ഉപനയനം.

ഉപാകർമ്മത്തിന്നു ചൊല്ലുന്നു. ആഷാഢമാസത്തിൽ പൌർണ്ണമാസി ഉള്ളനേരത്തു യജുർവ്വേദികൾക്കു ഉപാകർമ്മം ചെയ്യേണ്ടു. ശ്രാവണമാസത്തിൽ പൌർണ്ണമാസി ഉള്ളപ്പോൾ കൌഷീതകന്നു ഉപാകർമ്മം ചെയ്യേണ്ടൂ. ശ്രാവണമാസത്തിൽ പൌർണ്ണമാസിയും തിരുവോണവും കൂടിയുള്ളപ്പോൾ താൻ പ്രോഷ്ഠപദമാസത്തിൽ പൌർണ്ണമാസിയും പൂരോരുട്ടാതിയും കൂടിയുള്ളപ്പോൾതാൻ സാമവേദിക്ക് ഉപാകർമ്മം ചെയ്യേണ്ടൂ. അ[illegible]

തമ്മിൽ കൂടാതെ പോകിൽ ഈ മാസങ്ങൾ രണ്ടാലൊന്നിൽ അത്തമുള്ളപ്പോൾ ചെയ്ക. ശ്രാവണമാസത്തിൽ അത്തവും പഞ്ചമിയും കൂടിയുള്ളപ്പോൾ ആശ്വലായനന് ഉപാകർമ്മം വേണ്ടു. അതുകൂടാതെ പോകിൽ ചിങ്ങമാസത്തിൽ തിരുവോണമുള്ളപ്പോൾ വേണ്ടു. അവിടെ രണ്ടു തിരുവോണം വരികിൽ പിന്നേത്തതിന്നേ വേണ്ടു. കന്നിമാസത്തിലും തുലാമാസത്തിലും തിരുവോണമുള്ളപ്പോൾ ചിലര് ചെയ്യുന്നു. അധിമാസം വർജ്ജിക്കേണം. മലമാസങ്ങൾ കൊണ്ടുപോകിലും ഈ പറഞ്ഞ ദിവസങ്ങൾ അല്ലാതെപോകിലുമാവർത്തിക്കേണം. ശ്രാവണമാസത്തിലും പ്രോഷ്ഠപദമാസത്തിലും പൌർണ്ണമാസിനേരത്തു ചെയ്യുന്നു. ഈ ദിവസങ്ങളിൽ ചെയ്യാതുപോകരുതു്. ചെയ്യാതുപോകിൽ പിന്നെ താന്താന്റെ പക്കത്തുന്നാൾതാൻ നാളുന്നാൾതാൻ ചെയ്യേണമുപാകർമ്മം. ചെയ്യാതെ ഇരിക്കരുതെ എന്നറിക. ഉപാകർമ്മം.

ഇനി ഓത്തുതുടങ്ങുവാൻ ചൊല്ലുന്നു. ഉപാകർമ്മം കഴിഞ്ഞാൽ മൂന്നുദിവസം കഴിഞ്ഞാൽ തന്റെതന്റെ ഉത്സർഗ്ഗബലിയുടെ കാലം കഴിയും മുമ്പെ ഓത്തു തുടങ്ങണം. എന്നാൽ മാഘത്തിൽ പൂർവ്വപക്ഷം കഴിയും മുമ്പെ തുടങ്ങിക്കൊൾക. എഴുത്തിന്റെ മുഹൂർത്തംതന്നെ ഇവിടെ മുഹൂർത്തം. പിന്നെ തുക്കേട്ടുകൊള്ളാം. അനദ്ധ്യായമല്ലാത്ത ദിവസമാകിൽ പ്രതിപദത്തിന്റെ നാലാംകാൽ മദ്ധ്യമമായിട്ടുകൊള്ളാം. ഋഗ്വേദത്തിന്നു ശുക്രൻ പാട്പ്രായശ്ചിത്തം ചെയ്തുകൊള്ളാം. വ്യാഴം പാട്കൊള്ളരുതു്. യജുസ്സിന്നു വ്യാഴം പാട്പ്രായശ്ചിത്തം ചെയ്തുകൊള്ളാം. ശുക്രൻ പാട് കൊള്ളരുതു്. സാമത്തിന്നു രണ്ടും പ്രായശ്ചിത്തം ചെയ്തുകൊള്ളാം. ബുധൻ പാട് ഒന്നിനും കൊള്ളരുതു്. എന്നാൽ പാട് മൂന്നും വർജ്ജിക്കേണം. ആപത്തിങ്കലേ പ്രായശ്ചിത്തം ചെയ്തുകൊള്ളാവൂ. ഇവിടേയും നാളുതാൻ പക്കംതാൻ മാറിപ്പോകിലും അനദ്ധ്യായം കൊണ്ടുപോകിലും അനാരംഭമനദ്ധ്യായത്തിൽ ചെയ്തുപോകിലും രാത്രിയിരുക്കുറിലാകിലും ആവർത്തിക്കേണം. ശേഷമൊക്കെ എഴുത്തിങ്കലെപ്പോലെ കണ്ടുകൊൾക. പിന്നെ മുഹൂർത്തമില്ലാതെപോകിലും ആവർത്തനമുള്ളൂ. അവ വർജ്ജിച്ചു ഉത്സർഗ്ഗബലിടെ മുമ്പെ ഓത്തുതുടങ്ങാതെ ഇരിക്കരുതു്. ഉത്സർഗ്ഗബലി കഴിഞ്ഞാൽ അംഗാദ്ധ്യയന കാലം. എന്നിട്ടു ഈ വിധി നിരൂപിച്ചു വേദാധികാരി അല്ലാത്തവർ അംഗാധികാരി അല്ലാ എന്നറിയാം. അത്രയുമല്ല ബ്രാഹ്മണഷഡംഗോവേദ്ധ്യഃ എന്നവേദത്തിൽ ബ്രാഹ്മണന എന്നുണ്ടാകകൊണ്ടും വിപ്രോൾപഞ്ചമാൽ എന്നുള്ള മനുവാക്യത്തിൽ വിപ്രനെന്നുണ്ടാകകൊണ്ടും അംഗാനിവേദസ്യ നിത്യം ജ്ഞേയാനി വൈദ്വിജൈഃ എന്നുള്ള ശിക്ഷാവചനത്തിൽ ദ്വിജൈഃ എന്നുണ്ടാ-

കകൊണ്ടും മഹാഭാഷ്യത്തിൽ വേദാദ്ധ്യയനം കഴിഞ്ഞിട്ടു് അംഗാദ്ധ്യയനം എന്നു പറകകൊണ്ടും ശംബരഭാഷ്യത്തിലും ശ്രീമൽഭാഷ്യത്തിലും അനധികാരാന്നാധികരണം നിരൂപിച്ചാലും മററുള്ള ദിക്കുകളിലെ ആചാരം നിരൂപിച്ചാലും വേദാധികാരിയല്ലാത്തവൻ അംഗാധികാരി എന്നു വരികയില്ലാ എന്നറിഞ്ഞിട്ടു് മലയാളത്തിൽ ചണ്ഡാലപര്യന്തമായിരിക്കു വേദാനധികാരികൾ ജ്യോതിശ്ശാസ്ത്രമഭ്യസിക്കയും അഭ്യസിപ്പിക്കയും ചെയ്യുന്നതു മാററണം. എന്നു തോന്നുന്നു. അത്രയുമല്ല ശ്രുതി സ്മൃത്യാചാരാദി സകലവിരുദ്ധമായുള്ള വസ്തു ചെയ്യുന്നവനത്രെ ബൌദ്ധനാകുന്നതു് എന്നും അറിഞ്ഞുംകൊൾക. നരകത്തിനു മോഹമില്ലാത്തവൻ ഈ ധർമ്മം ചെയ്യാതേയും ചെയ്യുന്നതു സമ്മതിയാതേയും ഇരിക്കേണം. ഓത്ത്.

ഇനി വേദശാസ്ത്രത്തിന്റെ അനദ്ധ്യായവിശേഷത്തെ ചൊല്ലുന്നു. സ്ഥാലീപാകദിവസത്തിന്റെ പതിനാറാംദിവസം ആറുനാഴിക പ്രതിപദമുണ്ടെങ്കിലും പ്രോഷ്ഠപദമാസത്തിൽ കറുത്ത ത്രയോദശിയും മാഘമാസത്തിൽ കറുത്ത സപ്തമിയും നവമിയും ആഷാഢമാസത്തിലും കാർത്തികമാസത്തിലും ഫാൽഗുനമാസത്തിലും വെളുത്തവാവു് ആറുനാഴിക ഉള്ള ദിവസം തുടങ്ങി മൂന്നുദിവസം പടിപ്പൂരം. ഉപാകർമ്മദിവസം തുടങ്ങി മൂന്നാം ദിവസവും രാവിലത്തെ സന്ധ്യക്കുമുഴങ്ങിയാൽ ആ പകലും രാത്രിസന്ധ്യക്കു മുഴങ്ങിയാൽ രാത്രിയും ഇവ പത്തും വേദശാസ്ത്രങ്ങൾക്കു അനദ്ധ്യായം. പിന്നെ രാത്രി സന്ധ്യക്കുമുഴങ്ങിയാൽ അപരരാത്രമനദ്ധ്യായമല്ല എന്നൊരുപക്ഷം. സ്ഥാലീപാകം കഴിഞ്ഞു പതിനാറാം ദിവസം ആറുനാഴിക പ്രതിപദമുണ്ടെങ്കിലുമനദ്ധ്യായമല്ല എന്നൊരുപക്ഷം. ഇനി ഇപ്പോളത്തെ ആചാരത്തെ ചൊല്ലുന്നു. ഉൽകാ, ഭൂകമ്പം, ഗ്രഹണമിവ ഉണ്ടായാൽ മൂന്നുദിവസം, ഉപാകർമ്മം കഴിഞ്ഞാൽ ശിഷ്യനു മൂന്നു ദിവസം, ഗുരുവിനു് ഒരു ദിവസം, ചൊമാർത്തം കഴിഞ്ഞാൽ ശിഷ്യനു മൂന്നു ദിവസം, അഷ്ടകാകാലദിവസം, പടിപ്പൂരം, മുഴക്കം, അഷ്ടമി, പതിന്നാലു്, വാവു്, നാലാം ദിവസം, പതിനാറാം ദിവസം അഷ്ടമിപ്രതിപദങ്ങളുടെ പുറപ്പാടുകൊണ്ടുള്ള അനദ്ധ്യായം, ചാത്തമൂട്ടിയ ദിവസം, ഉണ്ടദിവസം ഇവ പതിനഞ്ചും വേദശാസ്ത്രങ്ങൾ പഠിപ്പാനും അനദ്ധ്യായം. ഇനി അനദ്ധ്യായങ്ങളിൽ പഠിച്ചതു ചൊല്ലാം. വ്രതം കൊണ്ടദിവസം, മൂടിയ ദിവസം, ചൊല്ലിയ ദിവസം, അഷ്ടമി രണ്ടുണ്ടായാൽ തലനാൾ പ്രതിപദം, ത്രയോദശി, സപ്തമി നാലാം കാല്, പ്രദോഷത്തുന്നാൾ നിറുത്തിക്കഴിഞ്ഞാൽ അഷ്ടമി പതിന്നാല് വാവുകളുള്ള രാത്രി, ഗുരു മരിച്ചാൽ പത്തു ദിവസം, ഉപ്പില ഉള്ളകാലം, ബ്രഹ്മചാരിക്കു് പിണ്ഡം കഴിവോളം, വെള്ളിയാഴ്ച ശൂന്യം, ശനിപ്രദോഷം പ്രാജാപത്യാദി വ്രതം ദീക്ഷിച്ചിരിക്കും കാലം,

ഉത്സവമുള്ളകാലം, യജ്ഞമുള്ളകാലം, ഏകാദശിനാൾ രാത്രി, ദ്വാദശിനാൾ അപരാഹ്നം തുടങ്ങിയാൽ ഇവ ഇരുപത്തിരണ്ടും പഠിച്ചതു ചൊല്ലുവാൻകൂടി അനദ്ധ്യായം. ഇങ്ങിനെ മലയാളത്തിൽ ആചാരം. മഹാനവമി ശാസ്ത്രങ്ങൾക്കു് അനദ്ധ്യായം. വേദത്തിന്നു് അനദ്ധ്യായമെന്നൊരു പക്ഷം. പക്ഷഭേദമുള്ളേടത്തു് ഒക്ക തന്താനംഗീകരിച്ചിരിക്കുന്ന പക്ഷം വേണമാചരിപ്പാൻ എന്നറിക. അനദ്ധ്യായം.

ഇനി വ്രതങ്ങൾക്കു ചൊല്ലുന്നു. വ്രതത്തിന്നു ചൌളംപോലെ മുഹൂർത്തം. ആവർത്തന വിഷയവും, പ്രായശ്ചിത്തവും, വിഷയവും ചൌളത്തിന്റെതുപോലെ തന്നെ. ഇവിടെ ഞായറാഴ്ചയും സൂര്യചന്ദ്രന്മാരുടെ ഉദയവും മുഖ്യമായിത്തന്നെ കൊള്ളുന്നു. ഉപനിച്ച നാളരുതു്. കൊണ്ടുപോകിൽ പ്രായശ്ചിത്തം ചെയ്ക. അനദ്ധ്യായം കൊണ്ടുപോകിൽ ആവർത്തിക്കേണം. പിന്നെ യജുർവ്വേദികൾക്കു് മുമ്പിലത്തെ വ്രതം മുമ്പിലത്തെ ഉപാകർമ്മത്തുന്നാൾതന്നെ കൊള്ളേണം പ്രതിപദം തുടങ്ങും മുമ്പെ വേണം. ഉപാകർമ്മത്തുന്നാൾ കൊള്ളുന്നോടത്തെന്നറിക. ഉപനിഷദം ഉപാകർമ്മത്തുന്നാൾ കൊള്ളുകിലുമാം. ഉത്തരായണത്തിൽ പൂർവ്വപക്ഷത്തിൽ സ്വാദ്ധ്യായവും ദേവനക്ഷത്രവും കൂടിയുള്ള നേരത്താകിൽ മുഖ്യം. ശുക്രിയം ദേവനക്ഷത്രത്തുന്നാൾ വേണ്ടാ. ഉപാകർമ്മത്തുന്നാൾ അരുതു്. കൊണ്ടുപോകിൽ ആവർത്തിക്കേണം. ശുക്രിയത്തിന്റെ പിറ്റന്നാളും സ്വാദ്ധ്യയമായിരിക്കേണം. ശുക്രിയം കൊണ്ടിരിക്കുന്നാൾ വാവുമഷ്ടമിയും വരാതെ ഇരിക്കേണം. വന്നുപോകിൽ ബൌധായനീയസ്നാനം ചെയ്തു ഉപവസിക്കേണം. യജുർവ്വേദികൾക്കു് വ്രതത്തിന്നു് ചൊല്ലിയതു് മാറിക്കൊണ്ടുപോകിലും അധിമാസാദി കൊണ്ടുപോകിലും ആവർത്തിക്ക. പാട്ടും പരസ്പരവും വർജ്ജിക്കേണ്ട. ദക്ഷിണായനവും വർജ്ജിക്കേണ്ട. വ്രതം.

ഇനി ഗോദാനത്തിന്നു് ചൊല്ലുന്നു. ഗോദാനത്തിന്നു വ്രതംപോലെ തന്നെ യജുർവ്വേദികൾക്കു് ആവശ്യത്തിങ്കൽ ഉപാകർമ്മത്തിനോടുകൂടെ കൂടികൊള്ളുന്നു. ദേവനാളുന്നാൾതന്നെ മുഖ്യമാകുന്നതു്. ആവർത്തന വിഷയവും പ്രായശ്ചിത്തവിഷയവും വ്രതംപോലെ കണ്ടുകൊൾക. എല്ലാവർക്കും പതിനേഴാം വയസ്സിൽ കൊണ്ടുപോകിൽ ആവർത്തിക്കേണം ആശ്വലായനന്നു്, പതിനാറിന്റെ മുമ്പെ ആവർത്തിക്കേണം. അവന്നു് പതിനാറാം വയസ്സിൽതന്നെ വേണമെന്നു് നിയമമുണ്ടു്. അതുകൊണ്ടു് ഉപനിഷദം കഴിയുംമുമ്പേയും കൊള്ളുന്നു. ആപത്തിങ്കൽ എന്നാൽ ഉപനിഷദം കഴിയാതെ പോകിൽ ആവർത്തിക്കേണ്ടവ വർജ്ജിച്ചു് ഉപനിഷദംകൊണ്ടു് ഗോദാനം കൊണ്ടുകൊൾക. അതും സംഗതി

വരാതുപോകിൽ ഗോദാനം കഴിഞ്ഞിട്ടു് ഉപനിഷദം കൊണ്ടുകൊൾക. പിന്നെ പതിനാറാം വയസ്സിൽ ദീക്ഷയാകിൽ തലനാൾ സപിണ്ഡിചെയ്തു് ഗോദാനം കൊള്ളേണം. പതിനാറാം വയസ്സിൽ ദക്ഷിണായനമായപ്പോൾ ഗോദാനം കൊണ്ടീല എന്നാകിൽ പതിനെട്ടാം വയസ്സിൽ കൊണ്ടുകൊൾക എന്നുവരും. പിന്നെ ജനിച്ച ദിവസം തുടങ്ങി അഗ്നാവിഷ്ണു എന്ന സാവനദിവസം കഴിഞ്ഞാൽ ഭാവിദശാ എന്ന ദിവസം കഴിയോളം ഇപ്പോൾ ഗർഭഷോഡശത്തിൽ ചെയ്യുന്നു. അതു മുഖ്യമല്ലെന്നറിക. മററുള്ള വ്രതങ്ങൾ കഴിഞ്ഞാൽ അപ്പോഴെ ഗോദാനം ചെയ്യുന്നു. ഗോദാനം.

ഇനി വ്രതം കഴിവാൻ. എല്ലാവർക്കും ദക്ഷിണായനവും അനദ്ധ്യായവും അധിമാസവും കൊള്ളുകിലാവർത്തിക്കേണം. ചതുർത്ഥിയും നവമിയുമരുതു്. കൊണ്ടുപോകിൽ ആവർത്തിക്കേണ്ടാ. കൌഷീതകനു നവമി കൊള്ളുകിലാവർത്തിക്കേണം. പിന്നെ യജുർവ്വേദികൾക്കു ആഷാഢപൌർണ്ണമാസിനാൾ കൊണ്ടവ്രതം ആഷാഢപൌർണ്ണമാസിനാളേ അഴിയാവൂ. ശ്രാവണത്തിലാകിൽ ശ്രാവണത്തിലേ അഴിയാവൂ. ഉത്തരായണത്തിൽ കൊണ്ടവ്രതം ഉത്തരായണത്തിലേ അഴിയാവൂ. വാവു കഴിയുംമുമ്പേ വേണംതാനും. ഗോദാനമുപാകർമ്മത്തുന്നാൾ കൊൾകിലും ഉത്തരായണത്തിലേ അഴിയാവൂ. യജുർവ്വേദികൾക്കു അപരപക്ഷവും ചതുർത്ഥിയും നവമിയും കൊള്ളാം. ഈ പറഞ്ഞദിവസമല്ലാതുപോകിൽ ആവർത്തിക്ക. ഉൽക്കാദിദോഷവും കർത്തൃദോഷവും നിരൂപിക്കുമാറില്ലതാനും. വ്രതമഴിവാൻ ഇവിടെ ഇത്രദിവസത്തിന്നു് വ്രതം കൊണ്ടു എന്നു പറഞ്ഞാൽ അത്ര സാവനദിവസം കഴിയാതെ അഴിഞ്ഞാൽ ആവർത്തിക്കേണം. സംവത്സരവ്രതത്തിന്നു മുന്നൂററിഅറുപത്തു സാവനദിവസം കഴിയുംമുമ്പെ ആകിലാവർത്തിക്കേണം. ഉപാകർമ്മത്തുന്നാൾ കൊള്ളുന്നവ്രതത്തിന്നു ചാന്ദ്രമാകുന്നതു്. മറെറല്ലാം സാവനമാകുന്നതു് എന്നറിക. വ്രതമഴിവാൻ.

ഇനി ചൊമാർത്തം. വ്രതം പോലെതന്നെ മുഹൂർത്തം. ആവർത്തനപ്രായശ്ചിത്തവിഷയങ്ങളും കണ്ടുകൊൾക. അവിടെ ഭേദമുള്ളവററിനെ ചൊല്ലുന്നു. കൌഷീതകന്നു സൌരം കൊണ്ടു പതിനേഴ തുടങ്ങിയാൽ സാവനംകൊണ്ടു പതിനെട്ടു തുടങ്ങും മുമ്പേയാകിൽ ആവർത്തിക്കേണം. എന്നു ഭേദം. മൈർ മുറിപ്പാനും ചാന്തിനും രാശി ഒന്നായിരിക്കേണം. സാമവേദികൾക്കു രോഹിണി, മകയിരം, അത്തം, അനിഴം, തിരുവോണം, പൂയം, ഇവ ആറുമല്ലാതെ കൊണ്ടുപോകിൽ ആവർത്തിക്ക എന്നു ഭേദം. അനദ്ധ്യായവും കൃഷ്ണപക്ഷത്തുഷഷ്ഠിയോളവും

കൊള്ളാമെന്നൊരു പക്ഷം. ഇതു ആചാരമില്ല. പ്രതിപദമരുതു്. ആശ്വലായനന്നു് അനദ്ധ്യായവും കൃഷ്ണപക്ഷത്തു പഞ്ചമിയോളവും പ്രതിപദവും ഒമ്പതാമെടത്തു് ചൊവ്വ അല്ലാത്തവരും ശനിയാഴ്ചയും ചിങ്ങവും അനിഴവും കൊള്ളാം. അഷ്ടമത്തിലും ഒമ്പതാമെടത്തും ചൊവ്വായെ ആവശ്യത്തിങ്കൽ കൊള്ളുന്നു. ഏകാർഗ്ഗളവും ലഗ്നാഷ്ടമവും കൊണ്ടു കാണ്മാനുണ്ടു്. ഇവനും മൈർ മുറിപ്പാനും ചാന്തിനും രാശി ഒന്നായിരിക്കേണം. യജുർവ്വേദികൾക്കു ആശ്വലായനന്റെ പോലെതന്നെ. രോഹിണി, പൂയം, ഉത്രം, അത്തം, ചിത്ര, ശാഖം, ഇവ ആറുനാളേ കൊള്ളാവൂ. പകൽ മൂന്നു കൂറിട്ടതിൽ നടുവിലെക്കൂറേ കൊള്ളാവു എന്നുഭേദം. നടുവിലെ കൂറിൽ അല്ലാതുപോകിലും ആവർത്തിക്കേണം. പിന്നെ ആവശ്യത്തിങ്കൽ ആവർത്തിക്കേണ്ടാത്തവ ഒക്കെ പ്രായശ്ചിത്തം ചെയ്തുകൊള്ളേണ്ടിവരും. ചമതക്കും ചാന്തിനും രാശി ഒന്നായിരിക്കേണം. ആവശ്യത്തിങ്കൽ ചാന്തു് മൂന്നാംകൂറിൽ എന്നുവരും. ചൊമാർത്തം.

വസന്തത്തിൽ പൂർവ്വപക്ഷത്തിൽ കാർത്തിക, രോഹിണി, പുണർതം, പൂരം, ഉത്രം, ചിത്ര, ഇവ ആറുനാളിലൊന്നു തലനാൾ അർദ്ധരാത്രിയിങ്കൽ തുടങ്ങി പിററനാൾ ദക്ഷിണ കഴിവോളം ഉണ്ടായാൽ അന്നു് ആധാനം വേണ്ടു. മററൊന്നും നിരൂപിക്കേണ്ടാ. ഋതുവും നാളും മാറുകിൽ ആവർത്തിക്കേണം. ആധാനം. ഇങ്ങിനെ ഷോഡശക്രിയകളുടെ മുഹൂർത്തം. ഷോഡശക്രിയകളാവർത്തിപ്പാൻ അടുക്കെ മുഹൂർത്തമില്ലാതുപോകിൽ ആവർത്തിക്കേണ്ട. വർജ്ജിച്ചുകൊള്ളേണ്ടിവരും. പിന്നെ വേളിയും ഉപനയനവും ആവർത്തിക്കേണ്ടിടത്തു മുഹൂർത്തം വേണ്ടാ. മററവ ഒക്കെയും ഇവ പ്രസവത്തിന്നു മുമ്പെയാകിലും ആവർത്തിപ്പാൻ മുഹൂർത്തം വേണം. ഇവിടെ ഒക്ക ആപത്തിങ്കൽ ആവർത്തനമുള്ള ദോഷം വർജ്ജിച്ചാൽ മതി എന്നോ വരു. ആവർത്തനം.

പിന്നെ വേളിക്കു്. ബ്രഹ്മചര്യാശ്രമസമാപ്തി വന്നാൽ പിന്നെ താമസിച്ചാൽ കാലാതിക്രമപ്രായശ്ചിത്തം വേണം. പുംസവനത്തിനു ആറുമാസം കഴിഞ്ഞുപോകിൽ കാലാതിക്രമപ്രായശ്ചിത്തം വേണം. മററുള്ള ഗർഭസംസ്കാരങ്ങൾക്കു പത്താംമാസത്തിലാകിൽ പ്രായശ്ചിത്തം ചെയ്ക. ജാതകർമ്മത്തിനു പുലപോയിട്ടാകിൽ പേരിനു തൊണ്ണൂറുദിവസം കഴികിൽ വാതിൽ പുറപ്പാടിനും ചോറൂണിനും വരാം. ദിവസം കഴികിൽ ചൌളത്തിനു പ[illegible]വയസ്സു കഴികിൽ ഉപനയനത്തിന്നു പതിമൂന്നു വയസ്സു കഴികിൽ ഗോദാനത്തിന്നു കൌഷീതകനു ചൊമാർത്തത്തിന്നും പതിനാറാം വയസ്സുകഴികിൽ പ്രായശ്ചിത്തം ചെയ്ക. ഇവ ചെയ്യാതുപോകിൽ ആവർത്തനവും പ്രായശ്ചിത്തവുമില്ല. കാലാതിക്രമം.

വേളിക്കു് മകവും, മൂലവും. മേടം, മിഥുനം, കന്നി, തുലാമല്ലാത്ത രാശികൾ ശുഭോദയമില്ലായ്കിലും ചൊവ്വായും ആദിത്യനും അല്ലാത്തവരുടെ സഗ്രഹശലാകകളും സ്ത്രീജാമിത്രത്തിൽ ആദിത്യനും ചൊവ്വായും അല്ലാത്തവരും പുജ്ജാമിത്രത്തിൽ എല്ലാ ഗ്രഹങ്ങളും വെളുത്ത വാവും മദ്ധ്യമങ്ങൾ. പിന്നെ സഗ്രഹ ശലാകാജാമിത്രങ്ങളിൽ ആദിത്യനും ദക്ഷിണായനവും മദ്ധ്യമന്നൊരു പക്ഷം.

സേകത്തിനു മകം, പുണർതം, അശ്വതി, പൂയം, മകീരം, ചിത്ര, അവിട്ടം, ഇവ ഏഴും വേളിക്കരുതാത്ത തിങ്ങളും അഷ്ടമത്തിൽ ചൊവ്വായും മദ്ധ്യമങ്ങൾ. പിന്നെ താന്താന്റെ അഷ്ടകദിവസമല്ലാത്ത അഷ്ടകാകാലം അത്യാപത്തിങ്കൽ മദ്ധ്യമം.

പുംസവനത്തിനു് ശനിയാഴ്ചയും ബുധനാഴ്ചയും വെളുത്തവാവും ആറാംമാസവും ഉല്ക്കാദികളും, കർത്തൃദോഷങ്ങൾ ഇരിവരുടേയും, ഇവ മദ്ധ്യമങ്ങൾ. ചൊവ്വാഴ്ച മദ്ധ്യമമെന്നൊരുപക്ഷം.

സീമന്തത്തിന്നു് ഏഴ് ഒമ്പതാം മാസങ്ങളും ചൊവ്വാഴ്ച, ശനിയാഴ്ചകളും ചതുർത്ഥിയും പതിന്നാലും മേടമകരകുംഭങ്ങളും മദ്ധ്യമങ്ങൾ. അത്യാപത്തിങ്കൽ നവമിയും മദ്ധ്യമം.

പേരിടുവാൻ മകം മകീരം, തിരുവാതിര, കർക്കിടകത്തിന്നും ഉഭയരാശികൾക്കും ശുഭോദയമില്ലായ്കിലും ചൊവ്വാഴ്ച, ശനിയാഴ്ച, ഞായറാഴ്ചകളും ചന്ദ്രോദയവും മദ്ധ്യമങ്ങൾ.

ചോറൂണിനു് ഏകാദശി നോല്ക്കുന്ന ദിവസവും ഒമ്പതാമെടത്തു് ആദിത്യനും മദ്ധ്യമങ്ങൾ. അഷ്ടമത്തിങ്കൽ ആദിത്യൻ അത്യാപത്തിങ്കൽ പ്രായശ്ചിത്തം ചെയ്താൽ മദ്ധ്യമം എന്നൊരു പക്ഷം.

ചൌളത്തിന്നു് ഉത്രത്രയവും രോഹണി ചതയം ചോതികളും ഞായറാഴ്ചയും അഷ്ടമത്തിൽ ആദിത്യനും വെളുത്തഷഷ്ഠി വാവുകളും മേടവും ധനുവും ചന്ദ്രാദിത്യോദയവും മദ്ധ്യമങ്ങൾ. ബ്രാഹ്മണനു ആദിത്യോദയം മുഖ്യമെന്നൊരുപക്ഷം. പെണ്ണിന്റെ ചൌളത്തിന്നു് ചന്ദ്രോദയം ശുഭം.

ഉപനയനത്തിന്നു് പൂയം, ചോതി, തിരുവോണം, ചതയം, രേവതി ഇവ ആറും ശുഭമായില്ലായ്കിൽ പ്രതിപദവും ചന്ദ്രനു ബലമില്ലായ്കിൽ ഏകാദശിദ്വാദശികളും മകരമിഥുനകുംഭഎടവമാസങ്ങളും ശനിയാഴ്ചയും ഒമ്പതാമെടത്തു ശനിയും നാലു പന്ത്രണ്ടിൽ വ്യാഴത്തിന്നു ഗ്രഹശാന്തി ചെയ്യാഞ്ഞാലും ജന്മവ്യാഴത്തിന്നും അഷ്ടമത്തിൽ ബുധനും ഗ്രഹശാന്തി ചെയ്താലും ചിങ്ങകുംഭങ്ങൾ ശുഭോദയമില്ലായ്കിലും ആദിത്യോദയവും അപരാഹ്നവും പന്ത്രണ്ടാമെടത്തു ആദിത്യനെ ബലവാനായ ചൊവ്വ

നോക്കുകിലും മദ്ധ്യമങ്ങൾ. ഞായറാഴ്ചയും മദ്ധ്യമമെന്നൊരു പക്ഷം. മേടം അധമം.

വ്രതഗോദാനചൌമാർത്തങ്ങൾക്കു ഞായറാഴ്ചയും ചന്ദ്രാദിത്യോദയവും മദ്ധ്യമമെന്നൊരു പക്ഷം. യജുർവ്വേദികൾക്കു ഉപാകർമ്മത്തുന്നാൾ ഗോദാനം മദ്ധ്യമം. ചൌമാർത്തത്തിന്നു ചിങ്ങവും എട്ടൊമ്പതിൽ ചൊവ്വയെ അത്യാപത്തിങ്കലെ മദ്ധ്യമമായി കൊള്ളാവൂ. എന്നു ഭേദം.

വ്രതമഴിവാൻ ചതുർത്ഥിയും നവമിയും മദ്ധ്യമം. കൌഷീതകനു നവമി അരുതു് എന്നു ഭേദം. ഇവിടെ മദ്ധ്യമമെന്നു ചൊല്ലിയവററിന്നു പ്രായശ്ചിത്തം ചെയ്കിൽ നന്നു്. എന്നാൽ ബലാബലങ്ങളും കാലദേശാവസ്ഥയും കർത്തൃശക്തിയും നിരൂപിച്ചു ഇവററിന്നു് പ്രായശ്ചിത്തം വിധിച്ചുകൊൾക. ഇങ്ങിനെ പല ഗ്രന്ഥങ്ങളും ആചാരവും കൂട്ടി നിരൂപിച്ചു് ഷോഡശക്രിയക്കു വർജ്ജിക്ക. ഇവ ഒക്ക ചൊല്ലി ഉല്കാദി ഇരിപത്തൊന്നു ഒരു ശ്ലോകംകൊണ്ടു ഇതിൽ ചൊല്ലിയതല്ലാതെ ഉള്ള അപവാദാദികൾ ഇപ്പോൾ ആചാരമില്ല. എന്നു സത്തുക്കളായ സജ്ജനങ്ങൾ പറഞ്ഞു കേട്ടിരിക്കുന്നു. എന്നാൽ മാധവീയാദികളിൽ പറഞ്ഞു കേട്ടിരിക്കുന്ന അപവാദം കൊണ്ടു മുഹൂർത്തം വിധിക്കരുതു്. സദാചാരം പ്രമാണമല്ലോ. എന്നിട്ടത്രയുമല്ല മാധവീയാദികളിൽ തന്നെ ചൊല്ലിക്കിടക്കുന്നു, ആചാരത്തിന്നു തക്കവണ്ണമേ വിധിക്കാവൂ എന്നു്. ഇവ ഒന്നും അറിയാതെ ഇച്ഛക്കുതക്കവണ്ണം മാധവീയാദി പ്രമാണമാക്കരുതു് എന്നറിയേണം. അതല്ലാതെ വൈദുഷ്യം പ്രകാശിപ്പിക്കാനായി ഓരോന്നു വിധിച്ചു തുടങ്ങിയാൽ കർമ്മവൈകല്യവും ശാസ്ത്രപരിത്യാഗവും ആചാരവിരോധവുമിത്യാദി മഹാദോഷങ്ങളും വരും എന്നറിയേണം. പിന്നെ ഇങ്ങിനെ ചുരുക്കി പറകകൊണ്ടു മാധവീയം തുടങ്ങിയുള്ള ഗ്രന്ഥങ്ങളെക്കൊണ്ടു ഉപകാരമില്ലാ എന്നും തോന്നിച്ചു എന്നറിയേണം. ഇങ്ങിനെ ഷോഡശക്രിയകളുടെ മുഹൂർത്തം.

ഉത്തരായണവും പൂർവ്വപക്ഷവും ചതയമല്ലാത്ത ഊൺനാളുകളും മകവും പ്രതിഷ്ഠക്കു കൊള്ളാം. ശനിയാഴ്ചയും ചൊവ്വാഴ്ചയും ധനുവും മേടവും മകരവും തുലാവും അഞ്ചെട്ടൊമ്പതുപന്ത്രണ്ടിൽ പാപികളും അപരരാത്രമല്ലാത്ത രാത്രിയും വേധമുള്ള നാളുകളും കൊള്ളരുതു്. ആഷാഢമാസവും എട്ടു്, ഒമ്പതു, പന്ത്രണ്ടിൽ പാപികളും പ്രായശ്ചിത്തം ചെയ്തു കൊള്ളുന്നു. ഈ സ്ഥാനങ്ങളിൽ ആദിത്യോദയം കൊള്ളാം. ശനിയാഴ്ച മദ്ധ്യമമായിട്ടുകൊള്ളുന്നു. പിന്നെ പീഠം മാറാനും ബിംബം മാറാനും കെട്ടാനും സങ്കോചത്തിനും കലശത്തിനും അപരപക്ഷത്തിലഞ്ചോളം കൊള്ളാമെന്നു

ഭേദം. അഷ്ടബന്ധത്തിന്നു ദക്ഷിണായനവും അപരപക്ഷവും കൊള്ളാം. സങ്കോചത്തിന്നു ആവശ്യത്തിങ്കൽ ദക്ഷിണായനം കൊള്ളേണ്ടിവരും. ഛായാകലശത്തിനും നവീകരണത്തിനും അഷ്ടബന്ധംപോലെ അരുതയോ എന്നു സംശയമുണ്ടു്. ഗർഭസംസ്ഥാപനം രാത്രിയിലെ ആവു. എന്നല്ലാ ഗൃഹപ്രാപ്തിക്കു സംകോചംപോലെ. അഷ്ടബന്ധാദിൾക്കു കർക്കടകം, കന്നി, ധനു, ഈ മൂന്നുമാസവും അരുതു്. പിന്നെ ആചാര്യദേവഗ്രാമാധിപതികളുടെ അഷ്ടമരാശിയുമരുതു്. ചതുർത്ഥസ്ഥാനത്തിന്നു മുഹൂർത്തം വേണ്ടാ. പ്രതിഷ്ഠാദികൾ.

വെധം. ആയില്യം, അശ്വതി, മകം, എംവതി, തൃക്കേട്ട, മൂലം, ഇവ ആറും ഒരു വർഗ്ഗം. രോഹിണി, തിരുവാതിര, തിരുവോണം, ചതയം, ചോതി, അത്തം, ഇവ ആറും ഒരു വർഗ്ഗം ഉത്രട്ടാതി, ഭരണി, അനിഴം, പൂരം, പൂരാടം, പൂയം, ഇവ ആറും ഒരു വർഗ്ഗം. കാർത്തിക, പുണർതം, ഉത്രം, ശാഖം, ഉത്രാടം, പൂരോരുട്ടാതി, ഇവ ആറും, ഒരു വർഗ്ഗം. മകീരം, ചിത്ര, അവിട്ടം, ഇവ മൂന്നും ഒരു വർഗ്ഗം. യാതൊരു നാളിൽ ഗ്രഹം നിൽക്കുന്നു എന്നാൽ ആ വർഗ്ഗത്തിന്നു വേധമുണ്ടു്. അക്കാരമന്ദവ്യാഴങ്ങളുടെ വേധം വർജ്ജിക്ക. വ്യാഴം നിൽക്കുന്ന നാൾ കൊള്ളാം. രാഹു നിൽക്കുന്ന നാൾ അരുതു താനും. വേധം.

പുര ചമപ്പാൻ മകരം, കുംഭം ചിങ്ങം ഇവ മൂന്നും തിങ്ങളും കിഴക്കിനിക്കും പടിഞ്ഞാററിക്കും കൊള്ളാം. മേടം, ഇടവം, തുലാം, വൃശ്ചികം ഇവ നാലു തിങ്ങളും പടിക്കും കിഴക്കിനിക്കും കൊള്ളാം. അതിൽ കാർത്തിക ഞാററുവേല കൊള്ളരുതു്. പിന്നെ മൂലവും മകവും ഊൺനാളുകളും കൊള്ളാം. പിന്നെ മേടം, തുലാം, മകരം ഈ രാശികളും അഷ്ടമത്തിൽ ചൊവ്വായും ഞായറാഴ്ചയും ചൊവ്വാഴ്ചയും പ്രതിഷ്ഠയിങ്കലെ വേധവും ഇവ എഴും കൊള്ളരുതു്. പുര. ഇങ്ങിനെ തന്നെ കുടിപ്പൂവാൻ. അവിടെ കർക്കിടകം, കന്നി, കുംഭം ഈ മൂന്നു തിങ്ങളും വർജ്ജിച്ചാൽ മതി എന്നു ഭേദം. കുടിപ്പൂവാൻ.

കിണറു കുഴിപ്പാൻ പുരപോലെ തന്നെ. അവിടെ തിങ്ങളൊക്കയും ചരരാശികളും കൊള്ളാം. ചിത്ര, ചോതി, മകീരം, മൂലം, അശ്വതി ഇവ അരുതു്. ധനുവുമരുതു്. പൂരാടം, ശുക്രദൃഷ്ടിയും, വേലിയേററവും നന്നു്. മൂലംകൊണ്ടു കാണ്മാനുണ്ടു്. ഇത്ര ഭേദമുള്ളു. കിണറു്. മരം മുറിപ്പാൻ ചോതി തുടങ്ങി അഞ്ചുനാളും, അശ്വതി, ഭരണി, തിരുവോണം, ചതയം ഇവ ഒമ്പതും പാട്ടുകാലുകൾ. ഇവ കൊള്ളരുതു്. മരം വെട്ടുവാൻ.

ഇനി ആയുധമെടുപ്പാൻ മൂലം, എരവതി, അത്തം, ചിത്ര ചോതി, പുണർതം, പൂയം, ചതയം, രോഹിണി, മകീരം, ഉത്രം, ഉത്രാടം, ഉത്രട്ടാതി ഇവ പതിമൂന്നും കൊള്ളാം. പിന്നെ രണ്ടാമെടത്തു് പാപികളും പന്ത്രണ്ടാമെടത്തു് വ്യാഴവും അരുതു്. ആവശ്യത്തിങ്കൽ കൊള്ളുന്നു. ജന്മത്തിൽതാൻ അഷ്ടമത്തിൽതാൻ പന്ത്രണ്ടാമെടത്തുതാൻ പാപികളും വ്യാഴവും നിൽക്കുന്ന കാലമരുതു്. വേളിക്കരുതാത്ത മാസങ്ങളുമരുതു്. ആദിത്യൻ നിൽക്കുന്ന നാളുമതിന്റെ ഇരുപുറവുമുള്ള നാളുകൾ രണ്ടും ആദിത്യൻ നിൽക്കുന്ന നാളിന്റെ പതിനൊന്നാം നാൾ തുടങ്ങി ഒമ്പതാംനാളുമരുതു്. ഇവിടെ അഭിജിത്തുകൂടി എണ്ണേണം. പിറന്നാളുകൾ മൂന്നുമരുതു്. മേടം, വൃശ്ചികം, ചിങ്ങം, കുംഭം ഈ രാശികൾ അരുതു്. ആവശ്യത്തിങ്കൽ കൊള്ളുന്നു. ആദിത്യൻ നിൽക്കുന്ന നാൾ അന്ധം. പിന്നെ മൂന്നു് അന്ധം. പിന്നെ മൂന്ധ് ഒരു കണ്ണു്. പിന്നെ മൂന്നു് അന്ധം. ആയുധം.

സഞ്ചയനത്തിന്നു് മരിച്ചദിവസത്തിന്റെ അഞ്ചാം ദിവസവും കറുത്ത പതിന്നാലും ചൊവ്വാഴ്ചയും വെള്ളിയാഴ്ചയും വിഷ്ടിയും ഗണ്ഡാന്തവും മരിച്ച അവന്റെ അഷ്ടമരാശിയും ക്രൂരം പിണ്ഡകർത്താവിന്റെ പിറന്നാളും സ്ഥാപിപ്പാൻ എടവവും ഇവ പത്തും വർജ്ജിക്കേണം. പിണ്ഡകർത്താക്കന്മാർ പലരുണ്ടെങ്കിൽ എല്ലാവരുടേയും പിറന്നാൾ വർജ്ജിക്ക മുഖ്യം. ജ്യേഷ്ഠന്റെ പിറന്നാൾ വർജ്ജിക്കേണമെന്നു നിശ്ചയം. ഭാര്യാപുത്രന്മാരുടേയും പിറന്നാളുകൾ വർജ്ജിക്ക നല്ലു. പിന്നെ പുല പോയിട്ടാകിൽ വെളുത്ത പക്ഷവും പഞ്ചമി, സപ്തമി, നവമി, ഏകാദശി, ത്രയോദശി, വാവു് ഇവ ആറുമല്ലാത്ത പക്കങ്ങളും മുറി നാളുകൾ ഒമ്പതുംകൂടി വർജ്ജിക്കേണം. പഞ്ചമി മദ്ധ്യമം. വിഷുവുമരുതു്, എന്നൊരു പക്ഷം. നാലാം ദിവസം സഞ്ചയനം വേണ്ടൂ, ബ്രാഹ്മണർക്കു് എന്നുണ്ടു് ഒരു പക്ഷം. ഉൽക്കാദ്യധികാരം കഴിഞ്ഞു എന്നറിക. സഞ്ചയനം.

പുടവ ഉടുപ്പാൻ പന്ത്രണ്ടാറിൽ ചന്ദ്രനും അവിട്ടം, അശ്വതി, എരവതി, അത്തം തുടങ്ങി അഞ്ചു്. പുണർതം, പൂയം, രോഹിണി, ഉത്തരകൾ ഇവ പതിന്നാലു് നാളും ശുക്രദൃഷ്ടിയും കൊള്ളാം. പിന്നെ കന്നി, മേടം, വൃശ്ചികം, ധനു, ഞായറാഴ്ച, ചൊവ്വാഴ്ച, ശനിയാഴ്ച ഇവ ഏഴും അരുതു്. ഉല്ക്കാദി മൂന്നും ഉഷ്ണവും ലാടാദി നാലും നിരൂപിക്കമാറില്ലെന്നു് തോന്നും. അഷ്ടമരാശിയും ക്രൂരം അരുതു്. പിന്നെ ക്രിയാംഗമായിട്ടുള്ളേടത്തും കോടി അല്ലാത്ത വസ്ത്രത്തിനും കാലം നിരൂപിക്കേണ്ട. വസ്ത്രം.

യാത്രക്കു് ചോറൂണിന്നു് അരുതാത്ത നാളുകളിൽ മൂലമല്ലാത്തവ പത്തും ചിത്രയും സ്ഥിരരാശികളും ചെന്ന ദിവസത്തിന്റെ മൂന്നാം ദിവസവും കൊള്ളരുതു്. സ്ത്രീകൾക്കും പശുക്കൾക്കും ബുധനാഴ്ചയും വെള്ളിയാഴ്ചയുമരുതു്. തോണി ഗമനമാകിൽ ഭവനത്തിൽനിന്നു പുറപ്പെടാനും തോണി കയറുവാനും മകരമരുതു്. പിന്നെ ഉത്രാടം, തിരുവോണം, ഞായറാഴ്ച കിഴക്കോട്ടു് പോകരുതു്. ചൊവ്വാഴ്ച അഗ്നികോണിലേക്കരുതു്. ഉത്രട്ടാതി, അശ്വതി, വ്യാഴാഴ്ച തെക്കോട്ടരുതു്. ബുധനാഴ്ച നിരൃതികോണിലേക്കരുതു്. രോഹിണി, പൂയം, വെള്ളിയാഴ്ച പടിഞ്ഞാട്ടരുതു്. ശനിയാഴ്ച വായുകോണിലേക്കരുതു്. ഉത്രവും അത്തവും തിങ്കളാഴ്ചയും വടക്കോട്ടരുതു്. പിന്നെ ആവശ്യത്തിങ്കൽ ഉഷക്കുമ്പോൾ ആദിത്യനെ സ്മരിച്ചു പുറപ്പെട്ടുകൊൾക. മറ്റൊന്നും നിരൂപിക്കേണ്ട. പിന്നെ ശകുനസൂക്തംതാൻ ആറെട്ടുരു പഞ്ചാക്ഷരംതാൻ ജപിച്ചു വല്ലപ്പോളും പുറപ്പെട്ടുകൊൾക. പിന്നെ ഒരിടത്തു് അഞ്ചുദിവസം താമസിച്ചാൽ അവിടെനിന്നും പോവാനും ദിവസം നിരൂപിക്കേണം. പിന്നെ പോയതിന്റെ ഒമ്പതാം ദിവസവും ഒമ്പതാം മാസവും ഗൃഹത്തിൽ വരരുതു്. പിന്നെ യാത്രക്കു് എടവം കൊള്ളാമെന്നൊരുപക്ഷമുണ്ടു്. എന്നറിക. യാത്ര.

ചികിത്സയ്ക്കു്. ചിത്ര, ചോതി, അശ്വതി, രോഹിണി, മകീരം, തിരുവാതിര, ചതയം, പൂയം, തിരുവോണം ഇവ ഒമ്പതും ചൊവ്വാഴ്ചയും ഞായറാഴ്ചയും വ്യാഴാഴ്ചയും ബുധനാഴ്ചയും വേലിയിറക്കവും ലാടൈകാർഗ്ഗളവൈധൃതദഗ്ദ്ധമൃത്യുയോഗങ്ങളും ചരരാശികളും മിഥുനവും മീനവും വൃശ്ചികവും രിക്തകളും നന്നു്. പൂർണ്ണകളും ആറെട്ടിൽ പാപികളും പിറന്നാളുകൾ മൂന്നും ഗുളികദൃഷ്ടി ഗണ്ഡാന്തോഷ്ണവിഷങ്ങളും കൊള്ളരുതു്. കണ്ണിന്നു് പാപവാരങ്ങളും വെള്ളിയാഴ്ചയും കണ്ണില്ലാത്ത നാളുകളും അരുതു്. കണ്ണെഴുത്തിലെപ്പോലെ കണ്ണറിഞ്ഞുകൊൾക. വേലിയേററവും പൂർണ്ണകളും നന്നു്. പ്രസവൌഷധത്തിന്നു് ചരരാശികളും അധോമുഖികളും വേണം. കുഷ്ഠത്തിന്നു് പാപദൃഷ്ട്യുദയങ്ങൾ നന്നു്. പിന്നെ ഔഷധം പറിപ്പാനും കൊള്ളാനും വർദ്ധിപ്പാൻ സേവിക്കുന്നേടത്തും പൂർണ്ണകളും വേലിയേററവും നന്നു്. പറിപ്പാനും കൊള്ളാനും വിഷോഷ്ണഗുളിക വിഷ്ടി ഗണ്ഡാന്തങ്ങൾ വർജ്ജിക്ക. ചികിത്സ.

നകം വെപ്പാൻ. മകീരം, തിരുവാതിര, മകം, മൂലം, എരവതി, പൂർവ്വകൾ മൂന്നും ഉത്തരകൾ മൂന്നും തൃക്കേട്ട, കാർത്തിക, ചതയം, അനിഴം ഇവ പതിനഞ്ചും തിങ്കളാഴ്ചയും വ്യാഴാഴ്ചയും ബുധനാഴ്ചയും നന്നു്. പി

ന്നൊ സ്ഥിരകരണങ്ങളും സിംഹക്കരണങ്ങളും പുലിക്കരണവും വിഷ്ടിയും രിക്തകളും കൊള്ളരുതു്, വേലിയേററം നന്നു്. നകം.

ചാലിടുവാൻ. ആദിത്യൻ നിന്നനാളും അതിന്റെറ ഏഴാമത്തും ഇരുപത്തിമൂന്നാമത്തും പതിനഞ്ചാമത്തും ഇവ നാലിന്റേറയും ഇരുപുറവുമുള്ള നാളുകളും കൊള്ളരുതു്. ഇവിടെ അഭിജിത്തുകൂടെ എണ്ണേണം. പിന്നെ വൃശ്ചികം, ചൊവ്വാഴ്ച, ശനിയാഴ്ച, ഭദ്രകൾ, പത്താമെടത്താദിത്യൻ, നാലാമെടത്തു് ചന്ദ്രൻ, പന്നി, കഴുത, പശുവിഷ്ടിസ്ഥിരകരണങ്ങൾ ഇവ കൊള്ളരുതു്. പിന്നെ മീനം, എടവം, മിഥുനം, മകരം, കർക്കടകം ഇവ അഞ്ചും പൂയം, രേവതി, പുണർതം, ഉത്തരകൾ മൂന്നും മൂലം, അത്തം, രോഹിണി ഇവ ഒമ്പതും ഞായറാഴ്ചയും നന്നു്. മററുള്ള നാളുകളും രാശികളും മദ്ധ്യമങ്ങൾ. വേലിയേററം വേണം. ചിങ്ങം വർജ്ജിക്കനെല്ലു. ശുഭവാരങ്ങൾ ഞായറാഴ്ചയോളംതന്നെ നന്നല്ലാ എന്നേയുള്ളു. പിന്നെ വേലിയേററവും കേന്ദ്രത്രികോണങ്ങളിൽ വ്യാഴവും സിംഹവ്യാഘ്രകരിക്കരണങ്ങളുമുണ്ടായാൽ മറെറാന്നും നിരൂപിക്കേണ്ട. ചാല്.

വിതപ്പാൻ. ഭദ്രകളും പ്രതിപദവും പശുക്കരണവും പന്നിക്കരണവും വേലിയിറക്കവും തൃക്കേട്ട, മൂപ്പൂരം, ഭരണി, ചിത്ര, ആയില്യം, മകം ഇവ എട്ടും മേടം, വൃശ്ചികം, ധനു, കന്നി ഇവ നാലുരാശികളും രാഹു നില്ക്കുന്ന നാൾ തുടങ്ങി പതിനൊന്നാമത്തും പതിനഞ്ചാമത്തും പത്തൊമ്പതാമത്തും ഇരുപത്തൊന്നാമത്തും തുടങ്ങി പന്ത്രണ്ടും ഇവ പതിനഞ്ചുനാളുകളും, നാലുപത്തിൽ ചന്ദ്രനും കഴുതക്കരണവും കൊള്ളരുതു്. കാർത്തിക, തിരുവാതിര, ശാഖം ഇവ മദ്ധ്യമം. പിന്നെ കേന്ദ്രത്രികോണങ്ങളിൽ വ്യാഴവും സിംഹവ്യാഘ്രകരിക്കരണങ്ങളും വേലിയേററവുമുണ്ടായാൽ കൃഷി സംഭവിച്ചുള്ളവററിനും ഒക്കയും മതി എന്നൊരുപക്ഷമുണ്ടു്. കൊയ്യാനും ഇങ്ങിനെതന്നെ. നാലാമെടത്തു് വ്യാഴം ഏറെ നല്ലൂ. ശുക്രനും ചന്ദ്രനും കൂടിയുള്ളപ്പോൾ പത്തായത്തിലിടേണ്ടു. ശനിയാഴ്ച ശനിയുദയം കൊണ്ടു് നെല്ല് എടുത്ത് തുടങ്ങേണ്ടൂ. വിതപ്പാൻ.

കിഴങ്ങു് പ്രധാനമായുള്ളവ നടുവാൻ ശനിയാഴ്ച അരുതു്. വെള്ളി ചൊവ്വ ഞായറാഴ്ചകൾ എള്ളിനരുതു്. ചേമ്പിനും ചേനയ്ക്കും ചൊവ്വാഴ്ച അരുതു്. കിഴങ്ങിനും മുതിരക്കും ചൊവ്വാഴ്ച മദ്ധ്യമം. എള്ളിനു് വ്യാഴാഴ്ച മദ്ധ്യമം. ശനിയാഴ്ച മുഖ്യം. കഴങ്ങ്, തെങ്ങ്, പുലാവ് ഇത്യാദികൾക്കു് വേധമുള്ള നാളുകളും കർക്കിടകം, മേടം, തുലാം, വൃശ്ചികം ഈ രാശികളും അരുതു്. ഊർദ്ധ്വമുഖി നന്നു്. പിന്നെ കായ ഉണ്ടാകുന്ന വസ്തുക്കൾക്കു് കായ ഉള്ള നാളേ കൊള്ളാവൂ. വാഴക്കു് ഇങ്ങിനെ തന്നെ വേ-

ധം നിരൂപിക്കേണ്ട എന്നു് ഭേദം. കരിമ്പിനു വാഴപോലെതന്നെ. കൊടിക്കു് മൂലം നന്നു്. കരിമ്പിനും കാളിക്കും ആയില്യം നന്നു്. വഴുതിനക്കു് ഭരണി നന്നു്. ചേനക്കു് തിര്യങ്ങമുഖി നന്നു്. കിഴങ്ങിന്നു് അധോമുഖി നന്നു്. ചേമ്പിന്നും കൂർക്കക്കും ഇവ രണ്ടും നന്നു്. കക്കരി, മുതിര, പയറ്, കൂർക്ക, വഴുതിന, തിന, മുളകു്, ഉഴുന്നു് ഇവററിനു് ഞായറാഴ്ച അരുതു്. വെലി, കരണം, കാലം ഇവ മൂന്നും കൃഷിക്കു് പ്രധാനമെന്നറിക. ബീജാവാപം.

നിറപ്പാൻ ചൊല്ലുന്നു. കുംഭപൂർത്തിയും പൂർവ്വപക്ഷവും വേലിയേററവും നാളും പക്കവും കയററമായ കാലമാകിൽ നന്നു്. പിന്നെ കാർത്തികയും തൃക്കേട്ടയും മകരതുലാമേടങ്ങളും അരുതു്. ഉല്ലേഖോർവ്വീ എന്ന ശ്ലോകത്തിൽ പറഞ്ഞതിൽ പന്ത്രണ്ടാറിൽ ചന്ദ്രനും ശനിദൃഷ്ടിയും ഇളികനും നന്നു്. മറെറാന്നും വേണ്ടാ. പിന്നെ കർക്കടകമാസത്തിൽ കറുത്തവാവു് കഴിഞ്ഞാൽ കന്നിമാസം കഴിയുംമുമ്പെ ഇതു ആചരിച്ചു ഞായം. ചില ദിക്കിൽ ഓണം കഴിയും മുമ്പെവേണമെന്നുണ്ടു്. പിന്നെ അപരപക്ഷത്തിൽ ത്രയോദശിനാൾ നിറക്കുന്നു. ചിലർ മുഹൂർത്തമില്ലാതുപോകിൽ ഓണം ഉത്രാടത്തുന്നാൾ കർക്കടകംകൊണ്ടുതാൻ ചിങ്ങം കൊണ്ടുതാൻ നിറച്ചുകൊൾക. വിഷുകഴിഞ്ഞു വിതച്ച നെല്ല് നിറകഴിഞ്ഞേ അകത്തു കടത്താവൂ എന്നത്രേ ആചാരമാകുന്നു എന്നറിക. കാർത്തിക തുടങ്ങി ഏഴേഴ്ദിക്ക് താരങ്ങൾ. അവററിൽ നടുവിലെ വരുന്നതിന്റെറ കീഴും മേലും മുമ്മൂന്നുകൂട്ടും. അതിൽ കീഴേതിൽ ആദിത്യൻ നിൽക്കുമ്പോൾ ആ പന്ത്രണ്ടിനും കുംഭപൂർത്തി ഇല്ല. മേലിൽ ആ പന്ത്രണ്ടിനുമില്ല. ത്രുണ മേലാകിൽ അവ നാലിനും ഇല്ല. നിറ.

പിന്നെ ആഭരണങ്ങൾ തീർപ്പാനും ഇടാനും ആന, കുതിര, തണ്ടു് എന്നു തുടങ്ങിയുള്ളവ പരിഗ്രഹിപ്പാനും കിടക്ക, ചെരിപ്പു്, തൊപ്പി, കുപ്പായം, ചട്ട, കിരീടം, ഇത്യാദികൾ പരിഗ്രഹിപ്പാനും കൃത്തിനു് അരങ്ങ് ഏറുവാനും സിംഹാസനം ഏറുവാനും പൊന്നുതുടങ്ങിയുള്ളവ മേടിപ്പാനും അങ്ങാടിയിൽ കുടിപ്പൂവാനും ഭിത്യാദി പടുത്തു തുടങ്ങുവാനും കോട്ട എടുപ്പാനും പടകൂട്ടുവാനും കാവ്യം തുടങ്ങുവാനും ഇവ ഒക്കെക്കും ചോറൂണുപോലെ മുഹൂർത്തം. പാത്രം മയക്കുവാനും ഇങ്ങിനെ തന്നെ. അതിവേധമരുതു്. എന്നു ഭേദം. ഇനി ചൊല്ലാത്തവയ്ക്കു് ഉൺ നാളുകളും ശുഭവാരങ്ങളും കൊള്ളാം. സ്ഥിരകരണരിക്തവിഷ്ട്യഷ്ടമിഗണ്ഡാന്തങ്ങളികോഷ്ണ വിഷങ്ങൾ വർജ്ജിച്ചുകൊൾക. മുഹൂർത്തം.

ഇതി കേരളീയഭാഷായാം മുഹൂർത്തഭാഗഃ

ഇനി ജാതകഭാഗത്തെ ചൊല്ലുന്നു. രണ്ടു ഖണ്ഡംകൊണ്ടു അവിടെ അനേകവിധമുണ്ടു പൊരുത്തം. അതിൽ അഞ്ചു ഇപ്പോൾ ആചരിപ്പൂ ഞായം. എന്നിട്ടു അവറ്റെ ചൊല്ലുന്നു. അവിടെ വേളിക്കു മനസ്സാക്ഷി (ക്ഷി)യത്രേ എല്ലാതിലും വലിയ പൊരുത്തമാകുന്നതു്. പിന്നെ മനോഗുണമത്രേ എല്ലാതിലും വലിയ ഗുണമാകുന്നതു് എന്നും അറിക. പിന്നെ സ്ത്രീ ജനിച്ച കൂറിന്റെ രണ്ടു്, മൂന്നു്, അഞ്ചു് ആറു് കൂററിൽ ജനിച്ച പുരുഷരാശി പൊരുത്തമില്ല. പിന്നെ ഭരണി, രോഹിണി. തിരുവാതിര, പൂയം, ആയില്യം, മകം, അത്തം, തൃക്കേട്ട, മൂലം, പൂരാടം, അവിട്ടം, ചതയം ഇവ പന്ത്രണ്ടുനാളും കൂറൊന്നാകിൽ കൊള്ളരുതു്. ഇവ അല്ലാകിൽ കൂറു് ഒന്നാകിൽ കൊള്ളുന്നു. രാശിപ്പൊരുത്തം.

പിന്നെ സ്ത്രീയുടെ നാളിന്റെ ഗോമാസ നാളുകളിലും രണ്ടാമത്തതിന്റെ ഗോമാസത്തിൽ കാവാലി കാലുകളിലും മൂന്നാമത്തതിന്റെ ഗോമാസത്തിൽ പാപാംശങ്ങളിലും എൺപ്പെത്തെട്ടാം കാലുമേലും നൂററെട്ടാം കാലുമേലും ജനിച്ച പുരുഷനു് പൊരുത്തമില്ല. മൂന്നാമത്തേതിൽ പാപാംശവും കാവാലിയും കൂടുകിലേ വർജ്ജിക്കേണ്ടു എന്നൊരു പക്ഷം. പിറന്നാൾ തുടങ്ങിലി ഒട്ടുമരുതു്. ദിനപ്പൊരുത്തം.

പിന്നെ പുണർതം, പൂയം, തിരുവോണം. അത്തം, അനിഴം, മകീരം, അശ്വതി, എരവതി, ചോതി ഇവ ദേവഗണം. പൂർവ്വാങ്കൽ മൂന്നും ഉത്തരകൾ മൂന്നും ഭരണി, രോഹിണി, തിരുവാതിര ഇവ മനുഷ്യഗണം, മറെറവ രാക്ഷസഗണം. സ്ത്രീപുരുഷന്മാരുടെ നാളു് ഒരു ഗണമാകിൽ ശുഭം. നരദേവമാകിലും ശുഭം തന്നെ. ദേവ മനുഷ്യമാകിൽ മദ്ധ്യമം. നരാസുരവും മദ്ധ്യമം തന്നെ. ദേവാസുരം അധമം. അസുരദേവവും അധമം തന്നെ. രാക്ഷസമാനുഷം അതികഷ്ടം. ഗണപ്പൊരുത്തം.

ഭരണി, പൂരം, പൂരാടം, മകീരം, ചിത്ര, അവിട്ടം, പൂയം, അനിഴം, ഉത്രട്ടാതി ഇവ ഒമ്പതും മദ്ധ്യമരജ്ജു. ഇരിവരുടേയും നാളു് മദ്ധ്യമരജ്ജുവിലാകിൽ അരുതു്. രജ്ജുപ്പൊരുത്തം. അശ്വതി, മകം, മൂലം ഇവററക്കു് പതിനെട്ടാന്നാളുമായതിന്മേൽ വേധം. ഭരണി, പൂരം, പൂരാടങ്ങൾക്കു് പതിനൊന്നാം നാളായിട്ടു വേധം. കാർത്തിക, ഉത്രം, ഉത്രാടങ്ങൾക്കു് പതിനാലാന്നാളായിട്ടു വേധം. രോഹിണി, അത്തം, തിരുവോണങ്ങൾക്കു് പന്ത്രണ്ടാം നാളായിട്ടു വേധം. മകയിരം, ചിത്ര, അവിട്ടങ്ങൾക്കു് മൂന്നും തമ്മിൽ വേധം. വേധമുള്ളനാളരുതു്. വർജ്ജിക്കേണം. അശ്വതിയാകിൽ തൃക്കേട്ട അരുതു്. തൃക്കേട്ടയാകിൽ അശ്വതി അരുതു് എന്നു തുടങ്ങി കണ്ടുകൊൾക. വേധം.

ഇനി ഉള്ളവ നിരൂപിക്കുമാറില്ല. ഇവ അഞ്ചിലും മദ്ധ്യമരജ്ജുവേധങ്ങൾക്കു് ബലമേറും. പിന്നെ പൊരുത്തമില്ലാത്തവളെ വേട്ടാൽ ആവർത്തനവും പ്രായശ്ചിത്തവും ഇല്ലായ്കയാൽ പൊരുത്തം കൂടാതെയും വേൾക്കുന്നു എങ്കിലും ഇവ അഞ്ചും നിരൂപിക്കുമാറാചാരമെന്നറിക. പൊരുത്തം.

ഇനി ഇവിടെ ജാതകം. സ്ത്രീ ജാതകം നിരൂപിക്ക എന്നേ വരൂ. എന്നിട്ടു് അതിനെ ചൊല്ലുന്നു. അവിടെ കൂറും ലഗ്നവും യുഗ്മരാശിയായി ശുഭോദയം താൻ ശുഭദൃഷ്ടിതാൻ ഉണ്ടായിരിക്കിൽ അവൾ സുശീലയായി ഭവിക്കുമെന്നറിക.

ഓജമായി പാപദൃഷ്ടിയോ ഉദയമോ ഉണ്ടെങ്കിൽ ദുഷ്ടയായി ഭവിക്കും. പിന്നെ ലഗ്നാലേഴാമെടത്തു് അഷ്ടമാധിപൻതാൻ പാപിതാൻ നിന്നു ശുഭയോഗം താൻ ശുഭദൃഷ്ടിതാൻ ഇല്ലാതേയും വരുന്നു എന്നാൽ വൈധവ്യം വരും. ലഗ്നാലെങ്കിലും ചന്ദ്രാലെങ്കിലും ഏഴാമെടത്തു് ചൊവ്വ നിൽക്കുകിൽ ബാല്യത്തിൽതന്നെ വൈധവ്യം വരും. പിന്നെ ലഗ്നാലെങ്കിലും ചന്ദ്രാലെങ്കിലും അഷ്ടമത്തിൽ പാപി ശുഭദൃഷ്ടികൂടാതെ നിൽക്കുകിലും വൈധവ്യം ഫലം. അഷ്ടമാധിപതി നിൽക്കുന്ന അംശാധിപതിയുടെ ദശയിൽ താന്താൻ അപഹാരത്തിൽ താൻ ഫലാനുഭവം എന്നറിക. വൈധവ്യം പിന്നെ എടവം, വൃശ്ചികം, ചിങ്ങം, കന്നി എന്നിവ ലഗ്നം താൻ കൂറുതാൻ വരികിൽ അല്പായുസ്സു്. അഞ്ചൊമ്പതിൽ പാപി നിന്നാൽ പ്രസവിക്കാതെ പോകതാൻ പുത്രമരണം താൻ വരും. അഞ്ചാമെടത്തു ശുക്രേന്ദുക്കൾ നിന്നാൽ പെണ്ണു് ഉണ്ടാവും. ലഗ്നാലഞ്ചൊമ്പതിൽ വ്യാഴം നിന്നാൽ ദീർഘായുസ്സുകളായിരിക്കുന്ന പുത്രന്മാരുണ്ടാകും. സന്തതി.

പിന്നെ ലഗ്നമഞ്ചൊമ്പതേഴെട്ടിൽ പാപികൂടാതെ ശുഭനുണ്ടെങ്കിൽ പുത്രന്മാരോടും ഭർത്താവിനോടും കൂടെ വളരെക്കാലം സുഖിച്ചിരിക്കും ഇതു് ഭർത്തൃസന്തതിദോഷങ്ങളുടെ അപവാദമായിവരും. പുരുഷനു് ഏഴാമെടത്തു് പാപി ഉണ്ടാകിൽ വൈധവ്യാപവാദമായിവരും. ശുക്രനു് ഉഭയപാപിത്വമുണ്ടെങ്കിലും ശുക്രന്റെ ചതുരശ്രയത്തിൽ പാപി ഉണ്ടാകിലും ഇങ്ങിനെ തന്നെ എന്നറിക. നാലാമെടവും എട്ടാമെടവും ചതുരശ്രമാകുന്നതു്. അപവാദം.

ഭാവംകൊണ്ടു് വിചാരിക്കേണ്ടവ. അവിടെ ലഗ്നംകൊണ്ടു് ശരീരം. രണ്ടാമെടംകൊണ്ടു ധനാദി. മൂന്നാമെടംകൊണ്ടു് സഹോദരാദി. നാലാമെടംകൊണ്ടു് ബന്ധ്വാദി. അഞ്ചാമെടംകൊണ്ടു് സന്തത്യാദി.

ആറാമെടംകൊണ്ടു് ശത്രു തുടങ്ങിയുള്ളവ. ഏഴാമെടംകൊണ്ടു ഭാൎയ്യാദി എട്ടുകൊണ്ടു് മരണാദി. ഒമ്പതുകൊണ്ടു് തപസ്സാദി. പത്തുകൊണ്ടു് കൎമ്മാദി. പതിനൊന്നുകൊണ്ടു് ലാഭാദി. പന്ത്രണ്ടുകൊണ്ടു വ്യയാദി എന്നറിക. അതതുസ്ഥാനത്തു് ശുഭന്മാരുണ്ടാകിൽ അതതു വസ്തുവിന്നു് നന്നു്. പാപികളുണ്ടാകിൽ ആകാ. ആറെട്ടു് പന്ത്രണ്ടിൽ മറിച്ചു് എന്നറിക. ദിക്കു് അറിഞ്ഞുകൊൾക. ഭാവഫലം.

പിന്നെ നിഷേധജന്മാദികാലങ്ങൾ സൂക്ഷ്മമറിയായ്കകൊണ്ടും ബലാബലം സൂക്ഷ്മമറിവാൻ ബുദ്ധി പോരായ്കകൊണ്ടും ഉപദേശം മറഞ്ഞുപോകകൊണ്ടും ആചാരശാസ്ത്രാധികാരങ്ങളിൽ വിശ്വാസമില്ലായ്കകൊണ്ടും ഇപ്പോൾ ഇവ ഒക്കുന്നവയല്ല. എന്നിട്ടു് ഇവിടെ വിസ്തരിയാഞ്ഞതു് എന്നറിക. അത്രയുമല്ല ജാതകം വിചാരിയാഞ്ഞാൽ ആവൎത്തനവും പ്രായശ്ചിത്തവുമില്ലായ്കകൊണ്ടു് അദൃഷ്ടത്തിങ്കലേക്കു് വളരെ ഉപകാരമില്ല. അദൃഷ്ടഫലത്തിന്നു് വ്യഭിചാരം കാണുന്നുവല്ലോ താനുമെന്നെല്ലാമറിഞ്ഞു അവസ്ഥപോലെ നിരൂപിച്ചുകൊൾക. എന്നാലും വിസ്തരിച്ചറിയേണമെന്നു് ഇച്ഛയുണ്ടെങ്കിൽ ബൃഹജ്ജാതകാദി നോക്കികൊൾക. എന്നാലൊക്കയുമറിയാം

ഇതി കേരളീയഭാഷായാം ജാതകഭാഗഃ

ഇനി ഒരു ഖണ്ഡംകൊണ്ടു പ്രശ്നത്തെ ചുരുക്കികാട്ടുന്നു. ഇവിടെ പിന്നെ പ്രശ്നപ്രമാണമായിട്ടു് ഇപ്പോൾ വിവാഹാദികൾ ആചരിക്കുന്നുവല്ലൊ. എന്നിട്ടത്രേ ഭാഷ എഴുതുന്നു. എന്നറിക. അത്രയുമല്ല പ്രശ്നത്തിന്റെ സമ്പ്രദായമിപ്പോൾ വഴിപോലെ ഇല്ലായ്കകൊണ്ടു് പ്രശ്നം പ്രമാണമാക്കി ഹീനറാതികളെക്കൊണ്ടു് വിധിപ്പിച്ചു അതു് അനുഷ്ഠിച്ചാൽ അതു് ദൈവവിരോധമായിട്ടു് വന്നുപോകുമെന്നറിഞ്ഞു പ്രശ്നത്തെ ഇനിയുള്ള കാലങ്ങളിൽ ഉപേക്ഷിക്കേണമെന്നു് താല്പൎയ്യമുണ്ടു്. എന്നാൽ യാതൊരുപ്രകാരം ആകാശഗമനം, പരകായപ്രവേശം എല്ലാം തുടങ്ങിയുള്ളവ ശക്തിപോരായ്കകൊണ്ടു് ഇപ്പോൾ അരുതെന്നു് വെച്ചിരിക്കുന്നു, അപ്രകാരം പ്രശ്നംകൊണ്ടു് ശുഭാശുഭഹേതുക്കളെ അറികയുംവേണ്ടാ എന്നു വെക്കേണം. അതു് അറിവാനും ശക്തി ഇല്ലല്ലോ. എന്നിട്ടു് ലോഭാദി ഹേതുവായിട്ടത്രേ അറിയാമെന്നു് ഭാവിക്കുന്നതു്. എന്നെല്ലാമറിഞ്ഞു് പ്രശ്നം ഉപേക്ഷിച്ചുകൊൾക. ഇതി പ്രശ്നം.

സംഹിതാഭാഗത്തെക്കൊണ്ടു് ശുഭാശുഭകാലാദി അറിഞ്ഞുകൊൾകയും ഈ കാലത്തു് പരാധീനമാകുന്നതു. എന്നിട്ടു സംഗ്രഹത്തിൽ

കാട്ടാഞ്ഞതു് എന്നറിക. എന്നെല്ലാമതിന്റെ പ്രകാരം കുറഞ്ഞൊന്നു് ഇവിടെ കാട്ടുന്നു. അവിടെ വിഷുസംക്രാന്തിഫലം, തിരുവോണം, അവിട്ടം, ഉത്രാടം. അനിഴം, തൃക്കേട്ട, രോഹിണി, അഭിജിത്തു് ഇവ ഏഴാലൊന്നിന്മേൽ വിഷുസംക്രാന്തി വന്നാൽ മഹേന്ദ്രമണ്ഡലം· ആ സംവത്സരം സുഭിക്ഷമായി സുഖകരമായിരിക്കും. പിന്നെ ശാഖം, കാൎത്തിക, മകം, പൂയം, പൂരോരട്ടാതി, ഭരണി, പൂരം ഇവററിലാകിൽ അഗ്നിമണ്ഡലം ആ സംവത്സരം ദുൎഭിക്ഷമായി ഭയങ്കരമായി ധാന്യാദികൾ ഇല്ലാതെ ഇരിക്കും. പിന്നെ മകീരം, അത്തം, ചിത്ര, ചോതി, പുണൎതം, അശ്വതി, ഉത്രം ഇവററിലാകിൽ വായുമണ്ഡലം. രാജഭയവും വായുഭയവും അല്പവൎഷവും ഫലം. പിന്നെ തിരുവാതിര, ആയില്യം, മൂലം, ചതയം, എരവതി, ഉത്രട്ടാതി, പൂരാടം ഇവററിലാകിൽ വരുണമണ്ഡലം. സൎവ്വസമ്പൽ ഫലം.

പിന്നെ ബുധശുക്രന്മാർ അഷ്ടമത്തു് നിൽക്കുമ്പോൾ അതിവൎഷമുണ്ടാകും. അവരുടെ നടുവിൽ ആദിത്യൻ നിൽക്കിൽ ഭാനുമദ്ധ്യമം. അന്നു സമുദ്രംകൂടെ വററിപ്പോകും. പിന്നെ ആഷാഢമാസത്തിൽ പഞ്ചമി ഞായറാഴ്ച തുടങ്ങി കൂട്ടിയാൽ ക്രമേണ ഫലത്തെ ചൊല്ലുന്നു. വൎഷമില്ല, അതിവൎഷം, യുദ്ധം വളരെ ഉണ്ടാകുക, കാററുക, സുഭിക്ഷം, പ്രളയം, താപം, ഇത്യാദി ലക്ഷണങ്ങളത്രേ സംഹിതയിലാകുന്നതു്. ഇതിന്റെ വിസ്താരം വരാഹസംഹിത തുടങ്ങിയുള്ള ഗ്രന്ഥങ്ങളിൽ ഉണ്ടു് എന്നറിക. ഇങ്ങിനെ പല ഗ്രന്ഥങ്ങിൽനിന്നും എടുത്തു അത്യാവശ്യമായി ജ്യോതിശാസ്ത്രത്തെ ചുരുക്കിപ്പറഞ്ഞതാണെന്നറിക. ഇതെല്ലാം സജ്ജനങ്ങൾ വഴിപോലെ നിരൂപിച്ചു ശോധിച്ചുകൊള്ളേണം.

ഇതി ഗണിതസംഗ്രഹത്തിന്റെ ഭാഷ സമാപ്തം.